# മരിയൻ വോയ്സ്

ആഗസ്റ്റ് 2023



സെന്റ്മേരീസ് പാരിഷ് ഫാമിലി യൂണിയൻ പള്ളിപ്പുറം



BAPTISM
**EDEN OUSEPH AKHIL**
28.05.2023





**RACHEL**
**1st HAPPY BIRTH DAY**
**08.06.2023**



**JUVANA**
**2nd HAPPY BIRTH DAY**
**18.06.2023**

*With Best Compliments Form*
**Parambath Family**

# മരിയൻ വോയ്സ്

## പാരിഷ് ബുള്ളറ്റിൻ

### സെന്റ് മേരീസ് ഫൊറോനാ പള്ളി

പള്ളിപ്പുറം പി. ഒ. ചേർത്തല, ആലപ്പുഴ പിൻ - 688541

2023 ആഗസ്റ്റ് – നവംബർ   പുസ്തകം 1 ലക്കം 50

**എഡിറ്റോറിയൽ ബോർഡ്**

മാനേജിംഗ് എഡിറ്റർ
**വെരി. റവ. ഫാ. തോമസ് വൈക്കത്തുപറമ്പിൽ**

എക്സിക്യൂട്ടീവ് എഡിറ്റർ
**റവ. ഫാ. നിഖിൽ മുളവരിക്കൽ**

ചീഫ് എഡിറ്റർ
**അനൂപ് ആന്റണി ഉപ്പൂപുറത്ത് നടീപ്പാടത്ത്**

എഡിറ്റേഴ്സ്
ഷിൽജി കുര്യൻ പാലയ്ക്കൽ
റെജി ചാക്കോ പള്ളിപ്പറമ്പിൽ
ജോയി ജോസഫ് പുത്തൻവെളിനികർത്തിൽ
മോളി ജെയിംസ് പതിയാമൂല
ജോസ് പോൾ വാതപ്പള്ളി
മാത്യു വർഗ്ഗീസ് പുത്തൻവെളിയിൽ
ആന്റണി തൈക്കൽ
ജോർജ്ജ് ജോസഫ് വടേക്കുറ്റ്
സെബീന സജി ഇടയാഴത്തുവെളി

**ഇതളുകളിൽ**

എഡിറ്റോറിയൽ
അനുദിന സുവിശേഷങ്ങൾ
ഇടയശബ്ദം
ഞായറാഴ്ച്ച വായനകൾ
കൊച്ചച്ചന്റെ സന്ദേശങ്ങൾ
വചനവിചിന്തനം
വൈസ് ചെയർമാന്റെ കത്ത്
ഇടവക തിരുനാളുകൾ
വിവാഹ ഒരുക്ക കോഴ്സ്
കുർബാന സമയക്രമം
കുടുംബക്കൂട്ടായ്മ
പുതിയ പൂക്കൾ
നമ്മൾ ഒന്നായ്
നിത്യതയിലേയ്ക്ക്
പാചകക്കുറിപ്പുകൾ
സർഗ്ഗവാസനകൾ
വാർത്തകൾ

ഡിസൈൻ : അശോക് ഡിസൈൻസ്
ഒറ്റപ്പുന്ന, Ph: 9895166875

ലേ ഔട്ട് : അക്ഷയ കേന്ദ്രം
ഒറ്റപ്പുന്ന, Ph: 9447007354

അച്ചടി : ഡോൺ ബോസ്കോ
IGACT, എറണാകുളം

ഫോട്ടോസ് : ഷിജി ഫോട്ടോസ്
ഒറ്റപ്പുന്ന, Ph: 9447485233
സാബു, പൂച്ചാക്കൽ
Ph: 9846066260



Tel. 0478 2552246
e-mail:pallippurathamma@gmail.com
www.pallippurathamma.net

**ഓണാശംസകൾ**

## നാമഹേതുക തിരുനാൾ ആശംസകൾ



ഫാ. തോമസ് വൈക്കത്തുപറമ്പിൽ
( വികാരി )

## ജൂബിലി നിറവിൽ



സി. ഫില്ലിസ് FCC



സി. റോഷ്നി മരിയ FCC



സി. റാണികുര്യൻ FCC



സി. റിൻസി റോസ് FCC



സി. വിജോ മരിയ FCC
തോട്ടുകടവിൽ [illegible]


പ്രിയ സന്യാസിനിമാർക്ക്
പള്ളിപ്പുറം ഇടവകയുടെ
പ്രാർത്ഥനാശംസകൾ



സി. ഉദയ FCC
പുത്തൻതോടി

# അഭിനന്ദനങ്ങൾ

## 2022-2023 SSLC പരീക്ഷയിൽ Full A+





ഹെലൻ മേരി
[illegible]
യൂണിറ്റ് 2



ഡോൺ ജോർജ്
പുത്തൻ കോയിപ്പറമ്പിൽ
യൂണിറ്റ് - 3



ജെസ്ലറ്റ് ടെസ്സ ജോജി
ചിറയ്ക്കൽ
യൂണിറ്റ് - 4



എൽസ ബോബി
പള്ളാട്ട്
യൂണിറ്റ് - 6



ബേസിൽ സിബി
[illegible]
യൂണിറ്റ് - 9



ജനസ് സെൻതോ
[illegible]
യൂണിറ്റ് - 12




കീർത്തന വർഗീസ്
[illegible]
യൂണിറ്റ് - 15

## +2 Full A+ / മതബോധനം A ഗ്രേഡ് മതബോധനം ക്ലാസ്സ് 10 A ഗ്രേഡ്



നേഹ എലിസബത്ത് ജോൺ
[illegible]
യൂണിറ്റ് - 6



അഹാന റോസ് സാജു
[illegible]
യൂണിറ്റ് - 8



എയ്ഷൽ ജോ മാത്യു
വാതപ്പള്ളി
യൂണിറ്റ് - 4



ജെയിംസ് ജിസ്
കോയിപ്പറമ്പിൽ
യൂണിറ്റ് - 3

## എഡിറ്റോറിയൽ



**"നീതിക്കുവേ വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ അവർക്ക് സംതൃപ്തി ലഭിക്കും"**

സമാധാനമായി കഴിയുന്ന ജനങ്ങൾക്കിടയിൽ വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും വിത്തുകൾ പാകുമ്പോഴാണ് സമൂഹത്തിൽ പ്രശ്നങ്ങളും കലാപങ്ങളും ഉണ്ടാകുന്നത്. അതിന്റെ ഒരു ഉദാഹരണമാണ് മണിപ്പൂർ. ഹൃദയഭേദകമാണ് മണിപ്പൂർ കലാപവും മറ്റു സംഭവ വികാസങ്ങളും. മറ്റു മതസ്ഥരുടെ ആരാധനാലയങ്ങൾ തകർക്കപ്പെട്ടിട്ടുണ്ടെങ്കിലും കൂടതലായി തകർക്കപ്പെട്ടത് ക്രിസ്ത്യൻ ദേവാലയങ്ങളാണ്. മതസ്വാതന്ത്ര്യം ഉറപ്പാക്കേണ്ട സർക്കാരുകൾ അതിന് തയ്യാറാകുന്നില്ലെന്നത് കലാപത്തിന്റെ തീവ്രത വർദ്ധിപ്പിക്കുന്നു.

സ്നേഹത്തിന്റെയും, സമാധാനത്തിന്റെയും, നീതിയുടെയും മൂല്യങ്ങൾക്കായി നിലകൊള്ളുന്നതാണ് ക്രൈസ്തവ സമൂഹം. എന്നാൽ ഇന്ന് ഈ മൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്നതിൽ സഭാ നേതൃത്വത്തിന് സാധിക്കാതെ വരുന്നുവെന്നത് ഇപ്പോൾ സഭയിൽ നടക്കുന്ന സംഭവങ്ങൾ ചൂണ്ടിക്കാണിക്കുന്നു. രാജ്യത്തെ ക്രൈസ്തവർ അരക്ഷിതരല്ലെന്ന സഭാപിതാവിന്റെ പ്രസ്താവനയ്ക്കുശേഷം ഉണ്ടായ ലഹളയും ക്രൈസ്തവർക്കു നേരെ നടുക്കുന്ന ആക്രമവും സഭയക്കുള്ളിൽത്തന്നെ നീതിക്കുവേണ്ടി പോരാടുന്നവർക്ക് നീതി ലഭിക്കുന്നില്ലെന്നതും ഒരു പോലെ പ്രതിഷേധാർഹമാണ്.

**'ഓരോ ശിശുരോദനത്തിലും കേൾപ്പു ഞാൻ**
**ഒരുകോടി ഈശ്വര വിലാപം'** .

**വി. മധുസൂദനൻ നായർ**

കേരളത്തെ ആകെ സങ്കടത്തിലാഴ്ത്തിയ ഒരു സംഭവം, ഒരു പൂമൊട്ട് വിരിയുന്നതുപോലെ ജീവിതത്തിലേയ്ക്ക് വിരിഞ്ഞുതുടങ്ങിയ ഒരു ബാലികയെ മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ട ഒരു മനുഷ്യൻ കൊന്നുകളഞ്ഞത്. ഇന്ന് മറ്റൊരാളുടെ മകൾക്ക് നേരെ നീണ്ട കരങ്ങൾ നാളെ നമ്മുടെ മക്കൾക്കുനേരെയും നീളാം എന്ന തിരിച്ചറിവോടെ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുവാനുള്ള ജാഗ്രത പുലർത്തുവാൻ സമൂഹമാകെ മുന്നോട്ട് വരേണ്ടതുണ്ട്. ഇതുപോലുള്ള നിർഭാഗ്യക

രമായ സംഭവങ്ങൾ ഒരിക്കലും മറക്കുവാനുള്ളതല്ല, എന്നും ഓർമ്മിക്കുവാനുള്ള താണ്. അതുവഴി ഇത്തരം കുറ്റകൃത്യങ്ങൾ ഒരിക്കലും ആവർത്തിക്കില്ലെന്ന് ഉറപ്പാക്കുവാനുള്ളതാണ്. കൊടും ക്രൂരത അനുഭവിച്ച് ജീവൻ വെടിയേണ്ടിവന്ന ആ കുഞ്ഞിനോട് നമ്മൾ ചെയ്യുന്ന പ്രായശ്ചിത്തം ഇത്തരം സംഭവങ്ങൾ ഇനിയൊരിക്കലും ഇവിടെ നിടക്കില്ലെന്ന് ആത്മാർത്ഥതയോടെ വാക്കുകൊടുക്കലാണ്.

ഏവർക്കും നന്മയുടെയും സമൃദ്ധിയുടെയും നല്ലൊരു നാളെ അശംസിച്ചുകൊണ്ട്

സ്നേഹത്തോടെ



**ചീഫ് എഡിറ്റർ**
അനൂപ് ആന്റണി
ഉപ്പുപുറത്ത് നടീപ്പാടത്ത്

## വി. കുർബാന സമയക്രമം


| | | | |
|---|---|---|---|
| **പള്ളിപ്പുറം** | ഞായർ | : | 5.45 am , 7.00 am, 9.30 am |
| | തിങ്കൾ മുതൽ വെള്ളി വരെ | : | 6.00 am, 7.00 am |
| | ശനി | : | 6.00, 7.00 am, 5.30 pm |
| **കേളമംഗലം** | ഞായർ | : | 6.45 am |
| | വെള്ളി | : | 5.15 pm |
| **ഒറ്റപ്പുന്ന** | ഞായർ | : | 5.00 pm |
| | ബുധൻ | : | 5.15 pm |

എന്തെന്നാൽ ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ച് സംസാരിക്കാതിരിക്കാൻ ഞങ്ങൾക്ക് സാധ്യമല്ല. - **അപ്പ. പ്രവർത്തനങ്ങൾ 4:20**

നിഷ്ക്കളങ്കനെ ദൈവം ഉപേക്ഷിക്കുകയില്ല. തിന്മ പ്രവർത്തിക്കുന്നവനെ കൈപിടിച്ചു നടത്തുകയുമില്ല- **ജോബ് 8:20**



# ഇടയശബ്ദം



**“ഇതാ ഞാൻ എല്ലാം പുതിയതാക്കുന്നു”...വെളിപാട് 21:05**

പള്ളിപ്പുറത്തമ്മയുടെ പ്രിയപ്പെട്ട മക്കളെ,

ഓരോരുത്തർക്കും പരിശുദ്ധ പള്ളിപ്പുറത്തമ്മയുടെ തിരുനാൾ മംഗളങ്ങൾ ഏറെ സ്നേഹത്തോടെ നേരുന്നു. സ്വർഗ്ഗാരോപിതയായ അമ്മ മാനവരാശിയുടെ പ്രത്യാശയ്ക്കു പൂർണമായും അർത്ഥം പകരുന്നവളും ദൈവപിതാവിന്റെ വിശ്വസ്ത തയ്ക്ക് പര്യായവുമാണ്.

വെളിപാടിന്റെ പുസ്തകത്തിൽ ഇപ്രകാരം പറയുന്നു. “ഇതാ ഞാൻ എല്ലാം പുതിയതാക്കുന്നു”.(21:5) മനുഷ്യജീവിതത്തിൽ എപ്പോഴും പുതുമ സൃഷ്ടിക്കുകയും, ചരിത്രത്തിൽ പുതുമ സൃഷ്ടിക്കുകയും പ്രപഞ്ചത്തിൽ പുതുമ സൃഷ്ടിക്കുകയും ചെയ്യുന്ന ദൈവത്തിലുള്ള വിശ്വാസത്തെ അടിസ്ഥാനമാക്കിയു ള്ളതാണ് ക്രിസ്തീയ പ്രത്യാശ. നമ്മുടെ ദൈവം പുതുമ സൃഷ്ടിക്കുന്ന ദൈവമാണ് കാരണം അവൻ അത്ഭുതങ്ങളുടെ ദൈവമാണ്.

ബൈബിളിന്റെ അവസാന പേജുകൾ വിശ്വാസിയുടെ യാത്രയുടെ അത്യ ന്തിക ചക്രവാളം നമുക്ക് കാണിച്ചുതരുന്നു. സ്വർഗ്ഗീയ ജറുസേലം. എല്ലാറ്റിനുമുപ രിയായി ഇത് ഒരു വലിയ കൂടാരമായി സങ്കൽപ്പിക്കപ്പെടുന്നു. അവിടെ എല്ലാ മനു ഷ്യരെയും അവരോടൊപ്പം സ്ഥിരമായി വസിക്കാൻ ദൈവം സ്വാഗതം ചെയ്യും. (വെളി 21:3) ഇതാണ് നമ്മുടെ പ്രതീക്ഷയും ഒടുവിൽ നാം അവനോടൊപ്പം ആയിരിക്കു മ്പോൾ ദൈവം എന്തു ചെയ്യും. ദീർഘനാളായി അധ്വാനിക്കുകയും കഷ്ടപ്പെടു കയും ചെയ്ത മക്കളെ ഒരു പിതാവ് സ്വാഗതം ചെയ്യുന്നതുപോലെ അവൻ നമ്മോട് അനന്തമായ ആർദ്രത കാണിക്കും. യോഹന്നാൻ ശ്ലീഹ വെളിപാടിന്റെ പുസ്തക ത്തിൽ ഇപ്രകാരം പ്രവചിക്കുന്നു. ഇതാ മനുഷ്യരൊടൊപ്പം ദൈവത്തിന്റെ കൂടാരം അവൻ അവരുടെ കണ്ണുകളിൽ നിന്ന് എല്ലാ കണ്ണുനീരും തുടച്ചുമാറ്റും. ഇനി മര ണമോ വിലാപമോ വേദനയോ ഉണ്ടാകില്ല കാരണം മുമ്പത്തെ കാര്യങ്ങൾ കടന്നു പോയി ഇതാ ഞാൻ എല്ലാം പുതിയതാക്കുന്നു. പുതുമയുടെ ദൈവം.

എന്നിരുന്നാലും മാനുഷികമായി ചിന്തിച്ചാൽ ചുറ്റുമുള്ള അപകടസാധ്യതകളും ദുരന്തങ്ങളുമുള്ള സങ്കടകരമായ അവസ്ഥയും യുദ്ധവും ഭീതി നിറഞ്ഞ കുട്ടികളുടെ മുഖങ്ങളും, അമ്മമാരുടെ കണ്ണുനീരും, ഒട്ടനവധി യുവാക്കളുടെ തകർന്ന സ്വപ്നങ്ങളും, ഭയാനകമായ യാത്രകൾ നേരിടുന്ന അഭയാർത്ഥികളുടെ അലച്ചിലും പലതവണ ചൂഷണം ചെയ്യപ്പെട്ട വിവസ്ത്രരാക്കപ്പെട്ട സഹോദരിമാരും എന്നാൽ അലിവാർന്ന ഹൃദയമുള്ള കരയുന്ന ഒരു പിതാവ് നമുക്കുണ്ട്. നമ്മെ ആശ്വസിപ്പിക്കാൻ കാത്തിരിക്കുന്ന ഒരു പിതാവ്. കാരണം അവൻ നമ്മുടെ കഷ്ടപ്പാടുകൾ അറിയുകയും കൂടെ നടന്നു നമ്മെ ഓരോരുത്തരെയും വ്യക്തിപരമായി അറിഞ്ഞു സ്നേഹിക്കുകയും ചെയ്യുന്നു. ദിവ്യമായ ദൈവമനുഷ്യ സ്നേഹ ബന്ധത്തിന്റെ അനുഭവതലത്തിലേക്ക് കടന്നുവരുമ്പോൾ പ്രതീക്ഷയോടെ പുതിയ പ്രഭാതങ്ങളെ കാത്തിരിക്കാൻ നമുക്ക് സാധിക്കും. താൻ ദൈവത്തിന്റെ മടിയിലാണ് എന്ന ഉത്തമബോധ്യം ഉള്ള മനുഷ്യൻ മരണത്തിന്റെ താഴ്വരകളെ പോലും നിഷ്പ്രയാസം കടന്നു പോകും. ഇത് ക്രിസ്തീയ പ്രത്യാശയുടെ മഹത്തായ ദർശനമാണ്. അത് നമ്മുടെ അസ്തിത്വത്തിന്റെ സ്ഥായിയായ ഭാവമാകണം. ജീവൻ തുടിക്കുന്നതെല്ലാം, ഈ പ്രപഞ്ചം ആകമാനം ദൈവാത്മാവിന്റെ പ്രകാശ കിരണങ്ങളേറ്റ് നവീകരിക്കപ്പെടട്ടെ വിശുദ്ധിയുടെ വെൺമയുള്ള പുതുമകളിലേക്ക് നമുക്ക് മിഴിനീട്ടാം. പുതിയ പ്രഭാതങ്ങളെ കാത്തിരിക്കാം.

ഏറെ സ്നേഹത്തോടെ

**വികാരിയച്ചൻ**

**ഫാ. തോമസ് വൈക്കത്തുപറമ്പിൽ**

## വിവാഹത്തിന് ഒരുക്കമായ കോഴ്സുകൾ

**റിന്യൂൽ സെന്റർ, കലൂർ ഫോൺ 0484 2346437, 2533077**

| സെപ്തംബർ | ഒക്ടോബർ | നവംബർ | ഡിസംബർ |
|---|---|---|---|
| 4 – 6 | 9 – 11 | 6 – 8 | 4 – 6 |

**ജീവാലയ ഫാമിലി പാർക്ക്, ചെങ്ങൽ കാലടി ഫോൺ 0484 24626079387074649**

| സെപ്തംബർ | ഒക്ടോബർ | നവംബർ | ഡിസംബർ |
|---|---|---|---|
| 12 – 14 | 3 –5 | 14 – 16 | 11 – 13 |
| 19 – 21 | 17 – 19 | 21 – 23 | 19 – 21 |
| 26 – 28 | 24 – 26 | 28 – 30 | 26 – 28 |

**കൊച്ചച്ചന്റെ സന്ദേശം**



# കുടുംബസ്നേഹം

സ്നേഹത്തിനുവേണ്ടി ദാഹിക്കുന്നവരാണ് ഞാനും നിങ്ങളും. ചിലപ്പോഴെല്ലാം ഉള്ളിലെ സ്നേഹം എങ്ങനെ പ്രകടിപ്പിക്കണമെന്നു പോലുമറിയാതെ നമ്മൾ നിന്നുപോയ അവസരങ്ങളുണ്ടായി കാണും. സ്നേഹത്തിന്റെ ആദ്യാക്ഷരം കുറിക്കേണ്ടത് കുരിശിലാണ്. How much he loves എന്ന ചോദ്യത്തിന് He streched his arms എന്ന ഉത്തരം ബാക്കിയാകുന്നു. ക്രിസ്തുവിന്റെ വിടർത്തിയ കരങ്ങൾ സ്നേഹത്തിന്റെ അടയാളമാണ്. സ്നേഹിച്ചു തോൽപ്പിക്കാൻ സാധിക്കും എന്ന് ക്രൂശിതൻ നമുക്ക് കാണിച്ചു തന്നു.

നമ്മുടെയൊക്കെ ഭവനങ്ങളിൽ സ്നേഹത്തിനുവേണ്ടി ദാഹിക്കുന്ന അനേകരുണ്ട് ഉയർന്ന വിദ്യാഭ്യാസവും ജോലിയും ശമ്പളവുമായി മക്കളൊക്കെ വിദേശങ്ങളിലേക്ക് മാറുമ്പോൾ വീടുകളിൽ ഒറ്റയ്ക്കായി പോകുന്നവരുണ്ട്. അഴ്ചയിൽ ഒരു ദിവസം Vedio call ൽ മക്കളെയും പേരക്കുട്ടികളെയും കാണുവാൻ സാധിക്കുന്നതുകൊണ്ടുമാത്രം ജീവിതം മുന്നോട്ടു തള്ളി നീക്കുന്നവരുണ്ട്.

വീട്ടിലുള്ളവർ തനിച്ചിരിക്കുന്നത് നന്നല്ലെന്ന് തിരിച്ചറിഞ്ഞതുകൊണ്ടാവാം കുരിശിൽ കിടന്നുപോലും ക്രിസ്തു യോഹന്നാനെ അമ്മയ്ക്ക് ഭരമേൽപ്പിച്ചത് കുരിശിൻ ചുവട്ടിൻ ഒരു കുടുംബത്തിന്റെ കൂട്ടായ്മ കാണുന്നുണ്ട്. പരസ്പരം സങ്കടം പറയുന്നു, തുണയാകുന്നു, ആശ്വസിപ്പിക്കുന്നു. കുടുംബത്തിലാണ് സ്നേഹം ആരംഭിക്കേണ്ടത്. ചിലപ്പോഴൊക്കെ കുരിശിൻ ചുവട്ടിലൂടെ കടന്നു പോകേണ്ടി വരും എന്നാൽ അവയെല്ലാം എന്റെ കുടുംബവിശുദ്ധീകരണത്തിനാണെന്ന് തിരിച്ചറിയണം

ഏറെ സ്നേഹത്തോടെ

**ഫാ. നിഖിൽ മുളവരിയ്ക്കൽ**

അസി.വികാരി

# അനുദിന സുവിശേഷം 2023

| | സെപ്തംബർ | ഒക്ടോബർ | നവംബർ | ഡിസംബർ |
|---|---|---|---|---|
| 1 | മർക്കോ 10:13 – 16 | മത്താ 15:21 – 28 | മത്താ 25:14 – 30 | ലൂക്കാ 19:45 – 48 |
| 2 | മർക്കോ 2:13 – 17 | മർക്കോ 8:31 – 38 | ലൂക്കാ 9:46 – 48 | യോഹ 12:37 – 43 |
| 3 | ലൂക്കാ 18:35 – 43 | മർക്കോ 9:42 – 48 | മത്താ 16:5 – 12 | ലൂക്കാ 1:5 – 20 |
| 4 | ലൂക്കാ 12:35 – 40 | ലൂക്കാ 9:1 – 6 | യോഹ 9:17 – 23 | മത്താ 7:21 – 27 |
| 5 | ലൂക്കാ 9:23 – 27 | മത്താ 8:1 – 4 | മത്താ 16:13 – 19 | യോഹ 1:1 – 8 |
| 6 | ലൂക്കാ 12:41 – 48 | ലൂക്കാ 11:5 – 13 | ലൂക്കാ 20:1 – 8 | യോഹ 5:31 – 36 |
| 7 | ലൂക്കാ 17:20 – 37 | മത്താ 26:6 – 11 | ലൂക്കാ 21:1 – 4 | ലൂക്കാ 1:21 – 25 |
| 8 | മത്താ 1:1 – 16 | മത്താ 18:1 – 9 | ലൂക്കാ 8:26 – 39 | ലൂക്കാ 1:46 – 55 |
| 9 | മത്താ 13:44 – 51 | മർക്കോ 6:18 – 29 | മത്താ 9:35 – 38 | യോഹ 3:16 – 21 |
| 10 | മത്താ 13:1 – 9,18 – 23 | മത്താ 5:13 – 16 | ലൂക്കാ 19:1 – 10 | ലൂക്കാ 1:26 – 38 |
| 11 | മത്താ 19:27 – 30 | ലൂക്കാ 20:20 – 26 | ലൂക്കാ 5:1 – 11 | മത്താ 22:41 – 46 |
| 12 | യോഹ 16:20 – 24 | യോഹ 5:39 – 47 | മത്താ 12:1 – 13 | ലൂക്കാ 1:39 – 45 |
| 13 | മത്താ 7:1 – 6 | ലൂക്കാ 21:7 – 19 | മത്താ 19:16 – 22 | ലൂക്കാ 1:46 – 56 |
| 14 | ലൂക്കാ 24:13 – 27 | ലൂക്കാ 10:17 – 21 | യോഹ 6:47 – 53 | ലൂക്കാ 1:67 – 75 |
| 15 | ലൂക്കാ 13:6 – 9 | മത്താ 20:1 – 16 | മർക്കോ 10:28 – 30 | ലൂക്കാ 6:27 – 36 |
| 16 | മത്താ 8:5 – 13 | ലൂക്കാ 10:38 – 42 | ലൂക്കാ 10:8 – 16 | യോഹ 8:48 – 58 |
| 17 | മത്താ 4:12 – 17 | ലൂക്കാ 11:14 – 23 | യോഹ 14:1 – 7 | ലൂക്കാ 1:57 – 66 |
| 18 | മത്താ 5:43 – 48 | ലൂക്കാ 11:24 – 26 | ലൂക്കാ 22:24 – 30 | യോഹ 14:1 – 6 |
| 19 | മത്താ 23:29 – 36 | ലൂക്കാ 9:28 – 36 | യോഹ 2:13 – 22 | മത്താ 11:07 – 15 |
| 20 | മത്താ 24:29 – 36 | ലൂക്കാ 20:27 – 40 | ലൂക്കാ 11:1 – 4 | മർക്കോ 3:31 – 35 |
| 21 | മത്താ 9:9 – 13 | യോഹ 4:46 – 54 | ലൂക്കാ 8:1 – 3 | ലൂക്കാ 7:30 – 35 |
| 22 | ലൂക്കാ 4:31 – 37 | ലൂക്കാ 8:41 – 56 | മത്താ 16:21 – 28 | ലൂക്കാ 6:37 – 42 |
| 23 | ലൂക്കാ 15:1 – 7 | മത്താ 18:10 – 14 | മത്താ 22:1 – 14 | യോഹ 3:22 – 30 |
| 24 | മത്താ 17:14 – 21 | ലൂക്കാ 4:38 – 44 | യോഹ 18:28 – 37 | മത്താ 1:18 – 24 |
| 25 | യോഹ 8:39 – 47 | ലൂക്കാ 11:37 – 42 | ലൂക്കാ 9:10 – 17 | ലൂക്കാ 2:1 – 14 |
| 26 | മത്താ 10:26 – 33 | മത്താ 25:1 – 13 | മത്താ 22:41 – 46 | മത്താ 2:19 – 23 |
| 27 | മത്താ 21:18 – 22 | ലൂക്കാ 16:1 – 8 | മത്താ 6:19 – 21 | യോഹ 21:20 – 24 |
| 28 | മത്താ 11:11 – 19 | ലൂക്കാ 9:18 – 20 | മർക്കോ 5:25 – 34 | മത്താ 2:13 – 18 |
| 29 | മത്താ 15:1 – 9 | മത്താ 8:23 – 34 | മർക്കോ 12:18 – 27 | ലൂക്കാ 8:19 – 21 |
| 30 | ലൂക്കാ 8:16 – 21 | മത്താ 24:3 – 14 | യോഹ 17:12 – 19 | ലൂക്കാ 2:36 – 40 |
| 31 | | യോഹ 11:11 – 4 | | മത്താ 2:1 – 12 |

## വൈസ് ചെയർമാന്റെ കത്ത്



**"വിശ്വാസം അതല്ലെ എല്ലാം "** എന്ന പരസ്യ വാചകം നമുക്ക് വളരെ സുപരിചിതമാണല്ലോ! എന്താണ് വിശ്വാസം?. ഏതൊക്കെ തലങ്ങളിൽ വിശ്വാസം നമ്മെ സ്വാധീനിച്ചിട്ടുണ്ട്?

ഞാനും നിങ്ങളും അടങ്ങുന്ന ഈ സമൂഹത്തിന്റെ വിശ്വാസം നേടിയെടുക്കുവാൻ നമ്മൾ ചെയ്യുന്ന പ്രവർത്തികളിൽ എത്ര ശതമാനം സത്യസന്ധതയുണ്ട്. മാതാപിതാക്കളിലുള്ള വിശ്വാസം, മക്കളിലുള്ള വിശ്വാസം, പങ്കാളിയോടുള്ള വിശ്വാസം, സമൂഹത്തോടുള്ള വിശ്വാസം, സഭയോടുള്ള വിശ്വാസം സർവ്വോപരി ദൈവത്തോടുള്ള വിശ്വാസം അങ്ങനെപോകുന്നു വിശ്വാസം നേടിയെടുക്കേണ്ട തലങ്ങൾ. നേടിയെടുക്കുകയെന്നുള്ളത് ഒരു ഹിമാലയൻ ടാസ്ക് ആണെങ്കിലും വിശ്വാസം നഷ്ടപ്പെടുന്നത് ചീട്ടുകൊട്ടാരം പോലെയാണ്.

ഇന്ന് സഭയോടുള്ള വിശ്വാസം നഷ്ടപ്പെടുന്നുയെന്നുള്ളത് ഒരു സംസാര വിഷയമാണ്. നയിക്കുന്നവരുടെ അപക്വമായ ഇടപെടലുകളാണ് ഒരു പരിധിവരെ വിശ്വാസം നഷ്ടപ്പെടുന്നതിനുള്ള പ്രധാന കാരണം. ഇന്ന് സഭയിൽ നിലനിൽക്കുന്ന മത്സരങ്ങളും വാക്പോരുകളും നമ്മുടെ യുവതലമുറയിലും കുട്ടികളിലും സമൂഹത്തിലും പ്രകടമായ മാറ്റങ്ങൾവരുത്തിയിട്ടുണ്ട് എന്നത് സത്യമാണ്. പള്ളിയോടും ആരാധനയോടും വ്യതിചലിച്ചുനിൽക്കുന്ന ഒരു തലമുറയെ നാം ഭയത്തോടെ മുന്നിൽ കാണേണ്ടിവരും. മാറേണ്ടത് നമ്മളാണ്. വിശ്വാസികൾ എന്നവകാശപ്പെടുന്ന ക്രിസ്ത്യാനി മാറണം. കലുഷിതമായ ഈ ജീവത സാഹചര്യത്തിലും പൂർവ്വപിതാക്കന്മാർ പകർന്നു തന്ന  വിശ്വാസ ജീവിതവും കൂദാശകളും ആരാധനകളും മുറുകെപ്പിടിച്ചുകൊണ്ട് നമ്മുടെ വരും തലമുറയെ അടിയുറച്ച വിശ്വാസത്തിനുടമകളാക്കുവാൻ നമ്മൾ മാറിയെ പറ്റു.

വിശ്വാസം ഇല്ലെങ്കിൽ ആത്മീയ ജീവിതത്തിന് അർത്ഥമില്ല. വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാനും സാധ്യമല്ല. ഏതു പ്രതിസന്ധിയെയും അതിജീവിക്കുവാൻ വിശ്വാസം അനിവാര്യമാണ്. വിശ്വാസജീവിതം നഷ്ടപ്പെടുത്തി ഈ ലോകത്തിന്റെ ഭൗതീക മോഹങ്ങളിലേയ്ക്ക് വലയംചെയ്തിരിക്കുന്ന സമൂഹത്തിന് ഒരു പുതുവിശ്വാസത്തിന്റെ വെളിച്ചം പകരുവാൻ നമുക്ക് സാധിക്കട്ടെ.

മനസ്സിൽ പകയില്ലാതെ സ്നേഹത്തിന്റെ സന്ദേശത്തിലൂടെ വിശ്വാസം നേടിയെടുക്കുവാൻ ദൈവം നമ്മെ ഓരോരുത്തരെയും അനുഗ്രഹിക്കട്ടെ. സമൃദ്ധിയുടെയും ഐശ്വര്യത്തിന്റെയും നിറച്ചാർത്തായ ഓണത്തിന്റെ ആശംസകൾ നേർന്നുകൊണ്ട്

നിങ്ങളോടൊപ്പം

**വൈസ് ചെയർമാൻ**

ഷിൽജി പാലയ്ക്കൽ



# വചനവിചിന്തനം

## 2023 സെപ്തംബർ മത്താ 05:43 – 48

- സ്നേഹം പ്രതികാരം ചെയ്യുന്നില്ല . നിസ്വാർത്ഥമാണ്.
- ശത്രുവിനോട് പ്രതികാരം ചെയ്യാതെ അവന് നന്മ ചെയ്യുകയും അവനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്ന ഈശോയുടെ മാതൃക പിൻതുടരാം

## 2023 ഒക്ടോബർ മത്താ 07 : 21 – 28

- വാക്കു പ്രവൃത്തിക്കു പകരമാവില്ല .വിശ്വാസ പ്രമാണം ചൊല്ലുവാൻ ആർക്കും ബുദ്ധിമുട്ടില്ല. അതനുസരിച്ചു ജീവിക്കുവാൻ ശ്രമിക്കണം
- ദൈവത്തെ സ്നേഹക്കുവാനും ആ സ്നേഹം ഏറ്റു പറഞ്ഞ് അടിയുറച്ച് ജീവിക്കാനും ശ്രമിക്കാം.
- യേശുവിന്റെ ജീവിതവും വചനവും മുമ്പിൽ കണ്ട് അവയിൽ അടിത്തറ തീർത്ത് ജീവിതം പടുത്തുയർത്താൻ ശ്രമിക്കാം.


## 2023 നവംബർ യോഹ 11:17 – 27

- നീ ചോദിക്കുന്നതെന്തും ദൈവം നിനക്കു തരും എന്ന് എനിക്കറിയാം
- മരിച്ചവർ ദൈവപുത്രന്റെ സ്വരം കേൾക്കുന്ന സമയം വരും
- ഞങ്ങളുടെ ഉത്ഥാനത്തിന്റെ പ്രതീക്ഷയായ മിശിഹായേ, പിതാവിന്റെ ഹിതമനുസരിച്ച് ജീവിച്ച് മരിച്ച് അങ്ങയോടുകൂടി നിത്യതയിലേക്ക് ഉയർത്തെഴുന്നേൽക്കാൻ കൃപനൽകണമേയെന്ന് പ്രാർത്ഥിക്കാം.

## 2023 ഡിസംബർ മത്താ 1:18 – 25

- രക്ഷകന്റെ ജനനത്തെക്കുറിച്ചുള്ള ഏശയ്യായുടെ പ്രവചനം നിറവേറുന്നു
- യേശു എന്ന പേര് സ്വർഗം നിശ്ചയിക്കുന്നു.
- വെളിപ്പെടുത്തുന്ന നിയോഗങ്ങൾക്കു ശിരസ്സ് നമിക്കാനും ഏറ്റെടുക്കുന്ന ഉത്തരവാദിത്വങ്ങൾ നിറവേറ്റാനും എല്ലാ സാഹചര്യങ്ങളിലും നീതി മുറുകെപ്പിടിക്കുവാനും ശ്രമിക്കാം.

Jesus Christ has
made me His own
(Phil. 3/12)





**Sr.Honey Mariet CMC**
**Veleeparambil, Pallippuram**
**Vimala Pronince, Ernakulam**
**12.04.2023**



# പാവനസ്മരണയ്ക്ക്



## റവ. സി. ഗ്രിഗോറിയ FCC
## കോയിൽപ്പറമ്പിൽ

**ആദ്യവ്രതം : 26. 05. 1957**

**ജനനം: 10. 03. 1933 മരണം : 20. 07. 2023**

# In Loving Memory of



## Fr. JOSEPH KOILPARAMBIL

Birth : 11-10-1928
Ordination : 14-04-1994
Death : 28-08-2018

# *First Holy Communion*






## ANJO ANTONY JOSE

Koilparambil



Hearty Congratulations...



*In Sweet Remembrance of*

# My First Holy Communion & Confirmation






# Jefry Sibi

With Best Compliments from: **Pathiyamoola Family**

## Remembrance of My First Holy Communion

**29th April 2023**







# ANNA JOSHY

KOOTTUMKAL

# Baptism

05.08.2023



## Claire Elizabeth

Best Compliments from : Vadayakuttu Family


Remembrance of
My First Holy Communion
29th April 2023
Vitus Jaiju
Puthukkattuchirayil

# സ്നേഹസ്മരണയ്ക്ക്

5–ാം ചരമ വാർഷികം



ജോസഫ് T.C. (ജോയ്)

ജനനം : 06.07.1949 മരണം : 16.08.2018

9–ാം ചരമ വാർഷികം



ഷീമ സുമോൻ

ജനനം : 22.02.1982 മരണം : 26.07.2014

വട്ടയ്ക്കാട്ടുശ്ശേരി (ജോഷിൻ വില്ല)

# ഞായറാഴ്ച വായനകൾ

| തീയതി | ഒന്നാം വായന (പഴയനിയമം) | രണ്ടാം വായന (ലേഖനം) |
|---|---|---|
| സെപ്റ്റംബർ 3 | നിയ 6:20-25 | 2തെസ 1:3-10 |
| സെപ്റ്റംബർ 10 | നിയ 7:7-11 | 2 തെസ 2:14-3::3 |
| സെപ്റ്റംബർ 17 | നിയ 8:11-20 | ഫിലി 2:1-11 |
| സെപ്റ്റംബർ 24 | നിയ 9:1-6 | ഫിലി 3:1-11 |
| ഒക്ടോബർ 1 | നിയ 9:13-24 | ഫിലി 4:4-9 |
| ഒക്ടോബർ 8 | നിയ 10:12-20 | 1കൊറി 14:26-33 |
| ഒക്ടോബർ 15 | നിയ 11:1-9 | 2 കൊറി 2:12-17 |
| ഒക്ടോബർ 22 | നിയ 11:26-32 | ഗല 5:16-26 |
| ഒക്ടോബർ 29 | നിയ 13:12-18 | ഗല 6:1-10 |
| നവംബർ 5 | പുറ 40:17-29, 34-38 | 1കൊറി 13:1-13 |
| നവംബർ 12 | പുറ 40:1-16 | ഹെബ്രാ 8:1-6 |
| നവംബർ 19 | സംഖ്യ 9:15-18 | ഹെബ്രാ 9:5-15 |
| നവംബർ 26 | 1രാജ 6:11-19 | ഹെബ്രാ 9:16-28 |
| ഡിസംബർ 3 | ഉത്പ 17:1-5, 15-19 | ഹെബ്രാ 11:1-12 |
| ഡിസംബർ 10 | ഉത്പ 3:8-24 | വെളി 5:1-5 |
| ഡിസംബർ 17 | ഉത്പ 21:1-12 | 1കൊറി 1:26-31 |
| ഡിസംബർ 24 | പുറ 34:1-9 | വെളി 21:1-7 |

## ജപമാലമാസാചരണം

ഒക്ടോബർ 1 മുതൽ 10വരെ ഒറ്റപ്പുന്ന പള്ളി

ഒക്ടോബർ 11 മുതൽ 20 വരെ കേളമംഗലം പള്ളി

ഒക്ടോബർ 22 മുതൽ 31 വരെ പള്ളിപ്പുറം പള്ളി

**അലങ്കാര കുടകൾ വാടകയ്ക്ക് കൊടുക്കുന്നതാണ്**

**ഫോൺ 9495667001, 9446623295**

## ഇടവക തിരുനാളുകൾ

| | | |
|---|---|---|
| സെപ്തംബർ | 5 : | വി.മദർതെരേസായുടെ തിരുനാൾ |
| | 8 : | പരിശുദ്ധ കന്യകാമറിയത്തിന്റെ ജനന തിരുനാൾ |
| | 14 : | കുരിശിന്റെ പുകഴ്ച്ചയുടെ തിരുനാൾ |
| | 24 : | കാവൽ മാലാഖമാരുടെ തിരുനാൾ |
| | 27 : | വി.വിൻസെന്റ് ഡി പോളിന്റെ തിരുനാൾ |
| ഒക്ടോബർ | 1 : | വി.കൊച്ചുത്രേസ്യായുടെ തിരുനാൾ |
| | 28 : | വി.യൂദാതദേവൂസ് ശ്ലീഹായുടെ തിരുനാൾ |
| നവംബർ | 1 : | സകല വിശുദ്ധരുടെയും തിരുനാൾ |
| | 2 : | സകല മരിച്ചവരുടെയും ഓർമ്മ |
| | 26 : | മിശിഹായുടെ രാജത്വ തിരുനാൾ |
| ഡിസംബർ | 8 : | പരി.കന്യകാമറിയത്തിന്റെ അമലോത്ഭവ തിരുനാൾ |
| | 7 : | നാൽപ്പതുമണി ആരാധന |
| | 8 : | നാൽപ്പതുമണി ആരാധന |
| | 9 : | നാൽപ്പതുമണി ആരാധന |
| | 25 : | ക്രിസ്തുമസ് |
| | 28 : | കുഞ്ഞിപൈതങ്ങളുടെ തിരുനാൾ |

# അമ്മേ ആശ്വാസമേ

തങ്കച്ചൻ ചെറുകാട്ട്
യൂണിറ്റ് 9

മലരിന്റെ മണമുള്ള മാരിയാമബികേ
മാനവർക്കാശ്വാസ ദായികയേ
മണ്ണിലെ ദു:ഖങ്ങൾക്കാശ്വാസമേകാനായ്
മാനവ രക്ഷകൻ തന്നോരമ്മേ
അമ്മേ......അമ്മേ......ആശ്വാസമേ.....
അമ്മേ......അമ്മേ......ആലംബമേ (മലരിന്റെ)

മുത്തുപോലുള്ളൊരു നിൻ മുഖമെന്നും
മുത്തുവാൻ ഞങ്ങൾക്കു കൊതിയുണ്ടെൻ അമ്മേ
രോഗത്താൽ ദു:ഖത്താൽ തളരുന്ന നേരത്ത്
ആശ്വാസമേകാനായുള്ളൊരമ്മേ
ആശ്വാസമേകാനായുള്ളൊരമ്മേ

പൂന്തേൻ തുളുമ്പുന്ന നേരത്തുപോലും
ഹൃദയത്തിൽ നൊമ്പരമറിയുന്നോരമ്മേ
സ്വന്തവും ബന്ധവും മിഥ്യയാകുമ്പോഴും
സാന്ത്വനമായുള്ളോരമ്മേ
സാന്ത്വനമായുള്ളോരമ്മേ

## കുടുംബ കൂട്ടായ്മ

| സെപ്തംബർ | | |
|---|---|---|
| | യൂണിറ്റ് | യൂണിറ്റ് യോഗം നടക്കുന്ന ഭവനങ്ങൾ |
| ഒന്നാം ഞായർ | 1 | ശ്രീ.ജോയി ജോസഫ് പുത്തൻവെളിനികർത്ത് |
| | 3 | ശ്രീ.കെ.വി ആന്റണി കോയിപ്പറമ്പിൽ |
| | 4 | ശ്രീ.വർക്കി ചാക്കോ പള്ളിപ്പറമ്പിൽ |
| | 14 | ശ്രീ.തോമസ് മണക്കാട്ട് |
| രണ്ടാം ഞായർ | 2 | ശ്രീ.തോമസ് ചാക്കോ മഠത്തിപ്പറമ്പിൽ |
| | 5 | ശ്രീ.ജോസുകുട്ടി ചാക്കോ കരിയിൽ |
| | 6 | ശ്രീമതി അൽഫോൻസാ തര്യൻ കടവിൽ |
| | 8 | ശ്രീ.പി.ജെ ജോസഫ് പാലക്കൽ പുത്തൻപുര |
| | 12 | ശ്രീ.ടോമി ഉലഹന്നാൻ പതിയമൂല |
| | 17 | ശ്രീമതി ആലീസ് ജോയി വാതപ്പള്ളി |
| | 20 | ശ്രീ.ചാക്കോ ദേവസ്യ പതിയാമൂല ഇപ്പറമ്പ് |
| മൂന്നാം ഞായർ | 7 | ശ്രീമതി എൽസമ്മ ആന്റണി വാതപ്പള്ളി |
| | 13 | ശ്രീമതി എൽസമ്മ ആന്റണി വാതപ്പള്ളി |
| | 15 | ശ്രീ.കുര്യാക്കോസ് ചിറ്റേഴത്ത് |
| | 18 | ശ്രീ.ലിനു തോമസ് കോലംചിറ |
| | 19 | ശ്രീ.ബൈജു കടവിൽ ഗ്രീൻ കോട്ടേജ് |
| നാലാം ഞായർ | 9 | ശ്രീ.സാബു ഉലഹന്നാൻ തളിയാടി ഇൻഫോപാർക്ക് |
| | 10 | ശ്രീമതി കൊച്ചുത്രേസ്യ മാത്യു കൂട്ടുങ്കൽ |
| | 11 | ശ്രീ.ജോഷി ജോൺ കൂട്ടുങ്കൽ |
| | 16 | ശ്രീ.ജോണി ആന്റണി കടമക്കേരി |
| ഒക്ടോബർ | | |
| ഒന്നാം ഞായർ | 1 | ശ്രീമതി അന്നമ്മ ജോസഫ് പടിഞ്ഞാറെ കുന്നേവെളി |
| | 3 | ശ്രീ.എം.ജെ ജോസഫ് കളപ്പുരയ്ക്കൽ |
| | 4 | ശ്രീ.ജോസ് ജോസഫ് കളരിക്കൽ |
| | 14 | ശ്രീ.വർഗീസ് ജോൺ ഓന്തിരിക്കൽ |
| രണ്ടാം ഞായർ | 2 | ശ്രീ.ഔസേഫ് തോമസ് അഞ്ചുപുന്നയ്ക്കൽ |
| | 5 | ശ്രീ.കെ.ജേ കുര്യാക്കോസ് കുറ്റിയാഞ്ഞിലിക്കൽ |
| | 6 | ശ്രീ.ജോൺ ജോൺ പതിയാമൂല |
| | 8 | ശ്രീ.വർഗീസ് പി.വി കാളിക്കാട്ട് |
| | 12 | ശ്രീ.ടോമി പി.ജെ പുളിക്കൽ |
| | 17 | ശ്രീമതി ത്രേസ്യാമ്മ ജോസഫ് മേനേമംകാട്ടിൽ |
| | 20 | ശ്രീ.തോമസ് ആന്റണി വെളീപ്പരമ്പ് |

| തിയതി | യൂണിറ്റ് | യൂണിറ്റ് യോഗം നടക്കുന്ന ഭവനം |
|---|---|---|
| മൂന്നാം ഞായർ | 7 | ശ്രീമതി മേരി തോമസ് ചെട്ടിയാറ |
| | 13 | ശ്രീ.ആഗസ്റ്റിൻ മാത്യു കണ്ണാന്തറ |
| | 15 | |
| | 18 | ശ്രീ.തോമസ് വർഗീസ് വാഴത്തറ തെക്കേ നികർത്ത് |
| | 19 | ശ്രീ.ജോയി ആലുംചുവട്ടിൽ |
| നാലാം ഞായർ | 9 | ശ്രീ.തൊമ്മൻ ആന്റണി കരീത്തറ |
| | 10 | ശ്രീ.ജേക്കബ് വാടപ്പുറം |
| | 11 | ശ്രീ.മാത്യു വർക്കി കൂട്ടുങ്കൽ നെടുംചിറ |
| | 16 | ശ്രീ.സെബാസ്റ്റ്യൻ വടക്കേ പറമ്പത്ത് |
| **നവംബർ** | | |
| ഒന്നാം ഞായർ | 1 | ശ്രീ.സണ്ണി ജോസഫ് ചെട്ടുകടവിൽ |
| | 3 | ശ്രീ.പി.വി മാത്യു പടിഞ്ഞാറെ കുന്നുവേലി |
| | 4 | ശ്രീ.വർക്കി ജോസഫ് ചോളോത്ത് |
| | 14 | ശ്രീമതി മറിയാമ്മ പത്രോസ് പുൽപ്രശ്ശേരി |
| രണ്ടാം ഞായർ | 2 | ശ്രീ.എ.ജെ ജോസഫ് അഞ്ചുപുന്നയ്ക്കൽ |
| | 5 | ശ്രീമതി തങ്കമ്മ ടോമി കണ്ണാന്തറ |
| | 6 | ശ്രീ.ജോയി പണിക്കശ്ശേരി |
| | 8 | ശ്രീമതി ബീന ജോർജ്ജ് കടവിൽ ഓർചാർഡ് |
| | 12 | ശ്രീ.രാജു തോമസ് ചോളോത്ത് |
| | 17 | ശ്രീ.ചാക്കോ വർഗീസ് മാവുങ്കൽ |
| | 20 | ശ്രീമതി ഏലിക്കുട്ടി കുഞ്ചെറിയ കണ്ണാന്തറ |
| മൂന്നാം ഞായർ | 7 | ശ്രീ.ചാണ്ടി ജോസ് കുന്നപ്പള്ളിൽ റോസ് ഗാർഡൻസ് |
| | 13 | ശ്രീ.ഔസേഫ് തോമസ് കോന്നംപറമ്പ് |
| | 15 | ശ്രീ.ജോയി തോമസ് ചിറ്റേഴത്ത് |
| | 18 | ശ്രീ.ബെന്നി ചാക്കോ കരീത്തറ |
| | 19 | ശ്രീ.ജോയി പുളിക്കത്തറ |
| നാലാം ഞായർ | 9 | ശ്രീ.ജോസി കുര്യൻ ഉപ്പുപുറം |
| | 10 | ശ്രീ.ജോസഫ് ജോസഫ് വാഴത്തറ |
| | 11 | ശ്രീ.വർക്കി ജോസഫ് ചന്ദനവേലി |
| | 16 | ശ്രീ.ജോളി കമർത്തുശ്ശേരി |

| ഡിസംബർ | | |
|---|---|---|
| | യൂണിറ്റ് | യൂണിറ്റ് യോഗം നടക്കുന്ന ഭവനങ്ങൾ |
| ഒന്നാം ഞായർ | 1 | ശ്രീ.സിബി ജോസഫ് ചെട്ടുകടവിൽ |
| | 3 | ശ്രീ.പി.ജെ സെബാസ്റ്റ്യൻ പണിക്കംവേലി |
| | 4 | ശ്രീ.ജോജി വർഗീസ് ചിറയ്ക്കൽ |
| | 14 | ശ്രീമതി സിസി വർഗീസ് ഉപ്പുപുറം |
| രണ്ടാം ഞായർ | 2 | ശ്രീ.ചാക്കോ ആന്റണി തെക്കേ കോടവേലി |
| | 5 | ശ്രീമതി ഏലിക്കുട്ടി തോമസ് കിഴക്കെ മാളിയേക്കൽ |
| | 6 | ശ്രീമതി ഏലിയാമ്മ തോമസ് ചെറിയ പണിക്കശ്ശേരി |
| | 8 | ശ്രീ.ബോർജിയ ജോസഫ് വടയക്കുറ്റ് |
| | 12 | ശ്രീ.ജിജോ ജോസഫ് മേനോംകാട്ടിൽ |
| | 17 | ശ്രീ.ഔസേഫ് ജോസഫ് കിഴക്കേ തുമ്പയിൽ |
| | 20 | ശ്രീ.ജെയിംസ് പതിയാമൂല വൈറ്റ് കോട്ടേജ് |
| മൂന്നാം ഞായർ | 7 | ശ്രീ.സാബു കുര്യാക്കോസ് തളിയാടിയിൽ |
| | 13 | ശ്രീ.മാത്യു വർഗീസ് കൂലാത്ത് |
| | 15 | ശ്രീ.ടോമിച്ചൻ ചിറ്റേഴത്ത് |
| | 18 | ശ്രീ.ഈയ്യോ ഔസേഫ് ചന്ദനവേലിച്ചിറ |
| | 19 | ശ്രീ.ആന്റണി വട്ടത്തറ |
| | 9 | ശ്രീ.ടോമി തോമസ് കരീത്തറ |
| | 10 | ശ്രീമതി അന്നമ്മ തോമസ് കായിപ്പുറം |
| | 11 | ശ്രീ.ബേബിച്ചൻ കെ.ബി കൂട്ടുങ്കൽ തെക്കെമഠം |
| | 16 | ശ്രീ.ജോർജ്ജ് തെക്കേപറമ്പത്ത് |

## ലോഗോസ് ക്വിസ് 2023

പഠനഭാഗം : ജോഷ്വാ 13 മുതൽ 24 വരെ, പ്രഭാഷകൻ 27 മുതൽ 33 വരെ 2കൊറി 1- 6 വരെ

: ലൂക്കാ 1 മുതൽ 8 വരെ

പരീക്ഷ തീയതി : 2023 സെപ്തംബർ 24, ഉച്ചകഴിഞ്ഞ് 2 മുതൽ 3.30 വരെ

സെൻട്രൽ കോർഡിനേറ്റർ- ശ്രീമതി സിനി ഷാജി കുരുവിങ്കൽ- 9400138878

കൂരിരുൾ താഴ്‌വരയിൽക്കൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല; നീ എന്നോട് കൂടെ ഇരിക്കുന്നുവല്ലോ നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു. സങ്കീർത്തനം 23:4

# യുവജനങ്ങളോട്......

ലിൻസി എഡിസൺ കുറ്റിയാഞ്ഞിലിക്കൽ
യൂണിറ്റ് 14



**"നിങ്ങൾ സർപ്പങ്ങളെപ്പോലെ വിവേകികളും പ്രാവുകളെപ്പോലെ നിഷ്കളങ്കരുമായിരിക്കുവിൻ". (മത്താ 10:16)**

കാപട്യങ്ങളും കള്ളങ്ങളും നിറഞ്ഞ ഈ ലോകത്തിൽ നിഷ്കളങ്കരായി ജീവിക്കുവാനാണ് ഈശോ നമ്മോട് ആവശ്യപ്പെടുന്നത്. നമുക്കു ചുറ്റുമുള്ള ചതിക്കുഴികളിൽ അകപ്പെടാതിരിക്കണമെങ്കിൽ വിവേകത്തോടെ ജീവിക്കാൻ നമ്മൾ ശീലിക്കണം. അതിനായി ഈശോയോട് കൂടെ ചേർന്ന് നിന്ന് പരിശുദ്ധാത്മാവിനോട് പ്രാർത്ഥിക്കാം. പരിശുദ്ധ അമ്മയുടെ മാധ്യസ്ഥം യാചിച്ച് ഈശോയിൽ ശരണപ്പെടാം. മാതാപിതാക്കളെയും ഗുരുക്കന്മാരെയും അനുസരിക്കുന്ന മക്കളായി ജിവിക്കാം.

നല്ല പഠന നിലവാരം പുലർത്തുന്നതിനോടൊപ്പം സ്വഭാവത്തിലും വ്യക്തിത്വത്തിലും നല്ല നിലവാരം പുലർത്താൻ നമ്മൾ മറക്കരുത്. നിങ്ങൾ പഠിച്ച് നല്ല ബിരുദങ്ങൾ സ്വന്തമാക്കുന്നതിനോടൊപ്പം നല്ല സ്വഭാവവും രൂപപ്പെടുത്താൻ നിരന്തരം ശ്രമിക്കണം. സ്വഭാവം നമ്മൾ തന്നെ രൂപപ്പെടുത്തുന്ന ഒന്നാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് നമ്മൾ നമ്മെ അടയാളപ്പെടുത്തുന്നത്. വഴിയിൽ കാണുന്ന വയ്യാവേലികൾ തലയിൽ കയറ്റുകയും അതിന്റെ പുറകെ നടക്കുകയും ചെയ്താൽ നഷ്ടപ്പെടുന്നത് സ്വന്തം ഭാവിയും അഭിമാനവും ആകും. നമ്മളെ നമ്മളാക്കി മാറ്റാൻ കഷ്ടപ്പെടുന്ന മാതാപിതാക്കളെ മറന്ന് പ്രവർത്തിക്കുമ്പോൾ നമ്മുടെ വ്യക്തിത്വം നഷ്ടപ്പെടുന്നു. സ്വയം നിയന്ത്രിച്ച് പെരുമാറാൻ നമ്മൾ പരിശീലിക്കണം. വിവേകത്തോടെ തീരുമാനമെടുക്കുമ്പോഴാണ് പക്വതയുള്ള ഒരു വ്യക്തിയായി മാറുന്നത്. നിഷ്കളങ്കരും, വിവേകമതികളുമായി ജീവിക്കാൻ പരിശുദ്ധാത്മാവിന്റെ നിറവിനായി നമുക്ക് പ്രാർത്ഥിക്കാം.

# നാമഹേതുക തിരുനാൾ

**സെപ്തംബർ**

| | | |
|---|---|---|
| 5. | വി.മദർതെരേസ | യൂണിറ്റ് 12 |
| 21. | വി.മത്തായി | യൂണിറ്റ് 1 |
| 23. | വി.പാദ്രെപീയോ | |
| 27. | വി.വിൻസെന്റ് ഡി പോൾ | |
| 29. | മിഖായേൽ, ഗബ്രിയേൽ, റാഫേൽ മാലാഖമാർ | |

**ഒക്ടോബർ**

| | | |
|---|---|---|
| 1. | വി.കൊച്ചുത്രേസ്യ | യൂണിറ്റ് 14 |
| 4. | വി.ഫ്രാൻസിസ് അസ്സീസി | |
| 5. | വി. മരിയ ഫൗസ്റ്റീന | |
| 12. | വി.കാർലോ അക്വിട്ടിസ് | |
| 13. | ആവിലായിലെ വി.ത്രേസ്യ | |
| 14. | വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ | |
| 18. | വി.ലൂക്ക | യൂണിറ്റ് 2 |
| 22. | വി.ജോൺപോൾ രണ്ടാമൻ മാർപാപ്പ | |
| 28. | വി.യൂദാ തദേവൂസ് | യൂണിറ്റ് 6 |

**നവംബർ**

| | | |
|---|---|---|
| 3. | വി.മാർട്ടിൻ ഡി.പോറസ്സ് | |
| 4. | വി.ചാൾസ് സൊറോമിയോ | |
| 5. | വി.സഖറിയായും ഏലീശ്വായും | |
| 22. | വി.സിസിലി | |
| 30. | വി.അന്ത്രയോസ് | യൂണിറ്റ് 8 |

**ഡിസംബർ**

| | | |
|---|---|---|
| 3. | വി.ഫ്രാൻസിസ് സേവ്യർ | |
| 14. | വി.ജോൺ ഓഫ് ദി ക്രോസ് | |
| 27. | വി.യോഹന്നാൻ | യൂണിറ്റ് 9 |

# ഞങ്ങളുടെ പൂച്ച

**ജോർജ്ജ് ജോസഫ് വടേക്കുറ്റ്**
**യൂണിറ്റ് – 8**



ഞങ്ങൾക്കുണ്ടൊരു മാർജാരൻ
പുള്ളിപ്പാണ്ടൻ മാർജാരൻ
അന്തിയ്ക്കെന്നുടെ കൂട്ടത്തിൽ
പള്ളിയുറങ്ങാൻ വന്നീടും
കുറുകുറു ശബ്ദം കേൾപ്പിച്ച്
കൂഞ്ഞിക്കൂടിയുറങ്ങീടും
അമ്മയുണർന്നു പോകുമ്പോൾ
കൂടെയിറങ്ങി പോയീടും
കാപ്പിയടുപ്പിൽ വയ്ക്കുമ്പോൾ
കാലിൽ മുട്ടി നടന്നീടും
മുറ്റത്തുള്ളൊരു മുല്ലച്ചെടിയിൽ
തേനുണ്ണും കുരുവികളെ
ചാടി കടന്നു പിടിച്ചീടും
മാവിലിരിക്കും ഓന്തിൻകുഞ്ഞിനെ
ഓടിച്ചിട്ടു പിടിച്ചീടും
മച്ചിൻ മുകളിൽ കൂടുകൾ കൂട്ടും
എലികളെയെല്ലാം തിന്നീടും
മുറിവാലൻ നായയെ കണ്ടാലുടനെ
ഓടിച്ചാടി ഒളിച്ചീടും
ഞങ്ങടെ വീട്ടിലെ മാർജാരൻ
പുള്ളിപ്പാണ്ടൻ മാർജാരൻ

# സ്നേഹസ്മരണയ്ക്ക്




34-ാം ചരമവാർഷികം



**വർക്കി ചാക്കോ**
(കുഞ്ഞച്ചൻ)
ജനനം: 18.12.1929 മരണം: 13.08.1989

36-ാം ചരമവാർഷികം



**തോമസ് ചാക്കോ**
(തോമസ്കുട്ടി)
ജനനം: 20.12.1974 മരണം: 06.07.1987

1-ാം ചരമവാർഷികം




**സിസിലി ചാക്കോ**
ജനനം: 14.01.1936
മരണം: 05.09.2022

**പ്രാർത്ഥനാപൂർവ്വം: കരിയിൽ കുടുംബാംഗങ്ങൾ**




വേമ്പനാട്
ഹോട്ടൽ & കാറ്ററിംഗ്
പള്ളിപ്പുറം - ഒറ്റപ്പുന്ന
Call: 9895658298, 9744073247
9288064888
Veg.
&
Non Veg.
Let us take care of the food




Best Compliments from:
Ph: 8943010912, 8592077970
VENMA LAUNDRY ലോൺട്രി
VENMA LAUNDRY
വെണ്മ ലോൺഡ്രി
ചെട്ടിയാറ ബിൽഡിംഗ്, ഒറ്റപ്ലുന്ന
വസ്ത്രങ്ങൾ അലക്കി ഉണക്കി തേച്ച് കൊടുക്കപ്പെടും

# *In Loving Memory of*





**K.M.Mathew**
Born: 10.10.1937 Died: 16.06.2023


**Sony Mathew**
Born : 09.09.1973 Died: 19.04.2020

Nellipparambil




Best Compliments from : **Pathiyamoola**

# സ്നേഹസ്മരണയ്ക്ക്



## വി. സി. കുര്യൻ
## (തങ്കച്ചൻ)
## വാടക്കുഴിയിൽ

**ജനനം: 16.05.1945**
**മരണം: 06.07.2023**

## സ്നേഹസ്മരണയ്ക്ക്





## ആന്റണി ജോസഫ് (ബേബി)

### ചെട്ടിയാറ

ജനനം: 26. 09. 1949

മരണം: 25. 04. 2023

ഒരിക്കലും മറക്കാത്ത ഓർമ്മകളുമായി... സന്തപ്ത കുടുംബാംഗങ്ങൾ

---

## സ്നേഹസ്മരണയ്ക്ക്

1-ാം ചരമവാർഷികം





## ഔസേഫ് തൈക്കൻ (അപ്പച്ചൻ)

### തൈക്കൽ ലിറ്റിൽഹൗസ്

ജനനം: 01. 03. 1957

മരണം: 10. 09. 2022

മറക്കില്ലൊരിക്കലും... സന്തപ്തകുടുംബാംഗങ്ങൾ




## സ്നേഹസ്മരണയ്ക്ക്
## 10–ാം ചരമവാർഷികം



# പൗലോസ് ജോയി (ജോയി)
## വാതപ്പള്ളി

ജനനം: 13.02.1947
മരണം: 04.08.2013

# സ്നേഹസ്മരണയ്ക്ക്



# പി. എം. ചാക്കോ
# (കുഞ്ഞപ്പൻ)

## പള്ളിപ്പറമ്പിൽ

ജനനം: 16.09.1950

മരണം: 19.05.2023

# മദർ എലീസ മർത്തീനസ്
## വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക്...



ലെവൂക്കാ സഭാസ്ഥാപക മദർ എലീസാ മർത്തീനസിനെ
വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു.
2023 ജൂൺ 25 ഞായറാഴ്ച തെക്കേ ഇറ്റലിയിൽ, ജന്മനാടായ
ഗലത്തീനായിലെ പ്രസിദ്ധ തീർത്ഥാടന കേന്ദ്രമായ,
ലെവൂക്കാ മാതാവിന്റെ ബസിലിക്കയിൽ വച്ച് നടന്ന
തിരുക്കർമ്മങ്ങൾക്ക് ഫ്രാൻസിസ് മാർപ്പാപ്പയുടെ
പ്രതിനിധി കർദ്ദിനാൾ മർച്ചല്ലോ സെമെറാറോ ആണ്
കാർമ്മികത്വം വഹിച്ചത്.

# ഉദയതാരം

സി. എവുദോസിയ D.M.L

ലവൂക്ക സഭതൻ ഉദയനക്ഷത്രം
ലവൂക്ക മക്കൾ തൻ അഭിമാനവും
വചനത്തിൽ പൊരുളുകൾ നീ
മനനം ചെയ്തതിൻ ഫലമോ ലവൂക്കാരാമം
    ചെറിയവരിൽ  നീ വലിയവനെ കു
    ചെറിയവളായ് നീ വലിയവയും ചെയ്തു
    കുഞ്ഞുപൈതങ്ങൾ  തൻ കാവലായും
    വഴിപിഴച്ചവർക്കത്താണിയായും
ജീവന്റെ കാവലിനായ് ജീവിതം നീ ഹോമിച്ചു
ജീവിത യുദ്ധത്തിൽ നീ ജയിച്ചു
വലിയവളാകാൻ നീ വലുതൊന്നും ചെയ്തില്ല
ചെറിയവളാകാൻ നീ സഹിച്ചു
    ത്യാഗങ്ങളേറെ  നീ സഹിച്ചു
    നാടുകളേറെ  യാത്രയും ചെയ്തു.
    പാരിന്റെ ശോഭ നിന്നെ വീഴ്ത്തിയില്ല
    ലോകസുഖങ്ങളിൽ നീ കുടുങ്ങിയില്ല
കരതാരിലെന്നും പുഞ്ചിരി പാരിന്നേകിയല്ലോ
പഴിച്ചില്ലാരേയും നിൻമനം നൊന്തപ്പോൾ
നിരാശയിൽ നീ ആഴ്ന്നതില്ലല്ലോ
    നിൻ സ്വപ്നങ്ങൾ വർണ്ണാഭമാകാൻ
    നിൻ കരങ്ങൾക്കു ത്രാണി കിട്ടീടാൻ
    പ്രിയമുള്ളോന്നരികിലായ് നീ ഇരുന്നു
    സാന്ത്വന വാക്കുകൾ അവൻ പൊഴിഞ്ഞു
ലെവൂക്കാമണ്ണിൽ നീ പാകിയ വിത്തിന്ന്
വിശ്വം മൂടും വടവൃക്ഷമായി വളർന്നു
മണ്ണിലും ചെടിയിലും പുൽക്കൊടി തുമ്പിലും
ചുറ്റിലും  കാണാം നിൻ കാൽവയ്പുകൾ
    ഗലത്തീനായുടെ പൊൻമകളാകും
    വാഴ്ത്തപ്പെട്ടവൾ മദർ എലീസായെ
    മാധ്യസ്ഥം തേടുന്നു നിൻ പ്രിയമക്കൾ
    ഞങ്ങൾക്കായെന്നും പ്രാർത്ഥിക്കണമെ

# കർത്താവിന്റെ 'ക' വിലാസം

കർത്താവ് അരുളുന്നു....
കരുണ കാണിക്കുവിൻ
കർമ്മ നിരതരാകുവിൻ
കമനീയമായവ ചെയ്യുവിൻ
കടമ നിറവേറ്റുവിൻ
കഷ്ടതകൾ സഹിക്കുവിൻ
കലഹം വെടിയുവിൻ
കരയാതിരിക്കുവിൻ
കലയെ വളർത്തുവിൻ
കണ്ടു കണ്ടു പോകുവിൻ
കരം നല്കുവിൻ
കരുത്തേകുവിൻ
കരുതലുള്ളവരാകുവിൻ
കൗതുകം ജനിപ്പിക്കുവിൻ
കപടത വെടിയുവിൻ
കളങ്കരഹിതരാകുവിൻ
കണ്ട് പഠിക്കുവിൻ
കടം വീട്ടുവിൻ
കനിവ് കാണിക്കുവിൻ
കാത്തിരുന്ന് കാണുവിൻ



**സി. ജോർജ്ജീന തോട്ടത്തിൽ**
സെന്റ് മേരി ഓഫ് ലവൂക്ക

നീ പ്രാർത്ഥിച്ചാൽ കർത്താവ് ഉത്തരമരുളും; നീ നിലവിളിക്കുമ്പോൾ ഇതാ ഞാൻ, എന്ന് അവിടുന്ന് മറുപടി തരും. മർദനവും കുറ്റാരോപണവും ദുർഭാഷണവും നിന്നിൽ നിന്ന് ദൂരെയകറ്റുക – **ഏശയ്യ 58:9**

നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാജിക്കുന്നതൊക്കയും ലഭിച്ചു എന്ന് വിശ്വസിപ്പിൻ; എന്നാൽ അത് നിങ്ങൾക്ക് ഉണ്ടാകും. – **മർക്കോസ് 11:24**

## മാട്ടേൽപള്ളി പുനരുദ്ധാരണം
## ചരിത്രവഴികളിലൂടെ...

ഭാരതത്തിന്റെ അപ്പസ്തോലൻ മാർ തോമാശ്ലീഹാ എ.ഡി 52 ൽ ഭാരതത്തിൽ വരികയും തന്റെ പ്രേഷിത യാത്രയുടെ ഭാഗമായി കോക്കമംഗലം ദേശത്ത് ക്രിസ്തീയ സമൂഹം രൂപീകരിക്കുകയും മാനവരക്ഷയുടെ അടയാളമായ വിശുദ്ധ കുരിശ് സ്വന്തം കരങ്ങളാൽ അവിടെ സ്ഥാപിക്കുകയും ചെയ്തു. മതവിരോധികളാൽ ശിഥിലമാക്കപ്പെട്ട ആദിമ ക്രൈസ്തവ സമൂഹം പല വഴികളായി ചിതറിക്കപ്പെട്ടു ഒപ്പം തോമാശ്ലീഹ സ്ഥാപിച്ച വിശുദ്ധ കുരിശ് വേമ്പനാട്ടു കായലിലേക്ക് വലിച്ചെറിയപ്പെടുകയും ദൈവഹിതം എന്നവണ്ണം മാട്ടേൽ തുരുത്തിൽ ദിവ്യമായ ആ കുരിശ് വന്നടിയുകയും ചെയ്തു. കുരിശ് കണ്ടെടുത്ത സ്ഥലമായ മാട്ടേൽ തുരുത്തിൽ ഭാരതത്തിന്റെ ചരിത്രത്തിലെ ആദ്യ അത്ഭുതമായ തിരുരക്തമൊഴുകി. കുരിശിന്റെ മഹാത്മ്യം മനസ്സിലാക്കി തരുവാനും ദൈവത്തിന് നന്ദി പറയുവാനും ക്രിസ്തുവിന് സാക്ഷ്യമായി പൂർവികർ നിർമ്മിച്ചു നൽകിയ മാർത്തോമ്മാ തീർത്ഥാടന കേന്ദ്രമായ മാട്ടേൽപള്ളി, കാലപ്പഴക്കത്താൽ ജീർണ്ണിച്ചുകൊണ്ടിരിക്കുന്നതിനാൽ പള്ളി പുനരുദ്ധീകരിക്കണമെന്ന് പലപ്പോഴായി പാരിഷ് കൗൺസിൽ അഭിപ്രായപ്പെടുകയും അതിൻമേൽ പഠനം നടത്തുവാൻ അതിരൂപത കച്ചേരിയിൽ നിന്നും വിദഗ്ധർ എത്തി റിപ്പോർട്ട് സമർപ്പിക്കുകയും സോയിൽ ടെസ്റ്റ് അടക്കമുള്ളവ പരിശോധിച്ച് സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തെങ്കിലും പണികൾ ആരംഭിക്കുവാൻ സാധിച്ചിരുന്നില്ല. പിന്നീട് കൂടിയ ഇടവക പൊതുയോഗം സർക്കാരിന്റെ ആർക്കിയോളജിക്കൽ വിഭാഗത്തിന്റെ വിദഗ്ദ്ധാഭിപ്രായം ബഹു.വികാരിയച്ചന്റെ നേതൃത്വത്തിൽ അതിനുള്ള ചർച്ചകൾ ചെയ്തെങ്കിലും ഫലം കാണാതെ വന്നതിനാൽ ഇടവകക്കാരുടെ സഹകരണത്തോടെ പള്ളി നവീകരിക്കുവാൻ തീരുമാനമെടുത്തു. പക്ഷേ കോവിഡ് കാലഘട്ടത്തിൽ ഒന്നും ചെയ്യുവാൻ ആകാതെ കാലം മുന്നോട്ടു പോയപ്പോൾ പള്ളി ജീർണ്ണതയിൽ നിന്നും ജീർണ്ണതയിലേക്ക് മാറിക്കൊണ്ടിരുന്നു.

എന്നാൽ ഇടവക ജനങ്ങളുടെ പ്രാർത്ഥന ശക്തമായതോടെ ജനുവരി 2022 ൽ എത്രയും വേഗം നവീകരണ ജോലികൾ ആരംഭിക്കണമെന്ന് പാരിഷ് കൗൺസിൽ യോഗം നിർദ്ദേശിച്ചു. നിർമ്മാണ ദിനങ്ങളിലൂടെ നമുക്ക് സഞ്ചരിക്കാം.

**ഫെബ്രുവരി 2022** ബഹുമാനപ്പെട്ട വികാരിയച്ചന്റെ നേതൃത്വത്തിൽ കൊച്ചച്ചനും കൈക്കാരന്മാരും കൺസ്ട്രക്ഷൻ കമ്മിറ്റി അംഗങ്ങളും ഒരു സ്ട്രക്ച്ചറൽ ഡിസൈൻ സൂപ്പർവൈസറും ചേർന്ന് മാട്ടേൽ പള്ളി സന്ദർശിച്ച് നിർമ്മാണ പ്രവർത്തികളുടെ രൂപരേഖകൾ തയ്യാറാക്കുന്നു.

**മാർച്ച് & ഏപ്രിൽ 2022** കോവിഡ് മൂലം പണികൾ ആരംഭിക്കുവാനോ പുറത്തിറങ്ങുവാനോ ആകുന്നില്ല.

**മെയ്– 2022** കോവിഡിന്റെ താൽക്കാലിക ഇളവ് ലഭിച്ച അവസരത്തിൽ മാട്ടേലേക്ക് ആവശ്യമായ ജനലുകൾ, വാതിലുകൾ, തുടങ്ങിയവ പുരാവസ്തു ശേഖരണ വിൽപ്പനക്കാരിൽ നിന്നും വാങ്ങി വയ്ക്കുന്നു.

**ഫെബ്രുവരി 2023** പണികൾ ഉടൻ തുടങ്ങണമന്ന് വീണ്ടും പാരിഷ് കൗൺസിൽ നിർദ്ദേശിക്കുന്നു.

**മാർച്ച് 21– 2023** ബഹു.വികാരിയച്ചന്റെയും പുതുതായി ഇടവകയിലേക്ക് വന്ന എൻജിനീയർ കൂടിയായ ജോസഫ് മാക്കോതക്കാട്ട് അച്ചന്റെയും നേതൃത്വത്തിൽ പുതിയ കൈകാരന്മാരും കമ്മിറ്റി അംഗങ്ങളും ഉൾപ്പെടുന്ന ഒരു സംഘം പണികൾ ഉടൻ തുടങ്ങുക എന്ന ലക്ഷ്യത്തോടെ മാട്ടേൽ സന്ദർശനം നടത്തുന്നു.

**മാർച്ച് 28– 2023** (ചരിത്രദിനം) ബഹു.ജോസഫ് മാക്കോതക്കാട്ട് അച്ചന്റെ നേതൃത്വത്തിൽ കൈകാരന്മാർ എന്നിവരോടൊപ്പം മേൽക്കൂരയിലെ ഓടുകൾ ഇളക്കി എടുത്തുകൊണ്ട് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നു.

**ഏപ്രിൽ 5– 2023** ഭിത്തികളുടെ വടക്കും തെക്കും ഭാഗങ്ങളിലെ ലിന്റൽ വാർക്കുകയും, 40 സെ.മീ ഓളം ഭിത്തി പൊക്കി മേൽക്കൂര ഉയർത്തുന്ന ജോലികളും തുടരുന്നു.

**എപ്രിൽ 10– 2023** മദ്ബഹയുടെയും ഹാളിന്റെയും ഭിത്തികൾ ഉയർത്തി ബലപ്പെടുത്തി മേൽക്കൂര നിർമ്മാണത്തിനായുള്ള തടിപ്പണികൾ ആരംഭിക്കുന്നു.

**മെയ്യ് 10– 2023** മേൽക്കൂരയുടെ തടിപ്പണികൾ തീർത്ത് ഓടുകൾ തിരികെ ഇടുന്ന ജോലികൾ ആരംഭിക്കുന്നു. ഒപ്പം തന്നെ ഭിത്തികളിലെ കുമ്മായക്കൂട്ടുകൾ പൊട്ടിച്ച് സിമന്റ് പ്ലാസ്റ്ററിങ് ചെയ്യുന്ന ജോലികളും പുരോഗമിക്കുന്നു.

**മെയ്യ് 20– 2023** മാറ്റിവയ്ക്കപ്പെട്ട ജനലുകൾ ബലപ്പടുത്തി ഭിത്തികൾ തേച്ച് പണികൾ മുന്നേറുന്നു. കൂടാതെ ചതുപ്പ് നിറഞ്ഞു കിടന്നിരുന്ന പള്ളി ഗ്രൗണ്ട് റെഡ്സാൻഡ് ഇട്ട് ഉയർത്തിക്കൊണ്ടുള്ള പണികളും തുടരുന്നു.

**മെയ്യ് 31– 2023** മുഖവാരത്തിന്റെ ജോലികളും പ്ലാസ്റ്ററിങ് ജോലികളും പുറം ഭിത്തികൾ മോടിപിടിപ്പിക്കുന്ന ജോലികളും ഓടുകൾ ഇട്ടതിനുശേഷം ഉള്ള സീലിംഗ് ജോലികളും തുടർന്നുകൊണ്ടിരിക്കുന്നു.

**ജൂൺ 10 – 2023** അൾത്താരയുടെ ജോലികളും, ഉൾഭാഗം സീലിംഗ് ജോലികൾ, ബലിപീഠം, മുൻഭാഗത്തെ പ്രധാന വാതിൽ എന്നിവയുടെ നിർമാണങ്ങൾ എല്ലാം വളരെ വേഗം പുരോഗമിക്കുന്നു.

**ജൂൺ 15 – 2023** പള്ളിയുടെ മുഖവാരഭിത്തികൾക്ക് കോൺക്രീറ്റ് കോളവും ബീമും കൊടുത്ത് ബലപ്പെടുത്തുകയും അവ പുനസ്ഥാപിക്കുന്ന ജോലികളും തുടരുന്നു.

**ജൂൺ 20 – 2023** അൾത്താരയുടെയും ഹാളിന്റെയും മേൽഭാഗം സീലിംഗ് ജോലികൾ തുടരുന്നു. ഗ്രൗണ്ട് ലെവലിംഗ്, ജെട്ടി ബലപ്പെടുത്തൽ, ഇലക്ട്രിക്കൽ ജോലികൾ, പെയിന്റിംഗ് ജോലികളെല്ലാം ആരംഭിക്കുന്നു.

**ജൂൺ 30 – 2023** ബഹു.വികാരിയച്ചന്റെ നേതൃത്വത്തിൽ കൺസ്ട്രക്ഷൻ കമ്മിറ്റി അംഗങ്ങൾ കൂടിയാലോചിച്ചു വിവരിച്ചു നൽകിയതിൻ പ്രകാരം ഡോ.ജോൺ ആർട്സ് കലാഭവൻ വിശുദ്ധ തോമാശ്ലീഹായുടെ ചരിത്രവഴികൾ കോർത്തിണക്കി വരച്ച ഫോട്ടോകൾ ഉൾപ്പെടുത്തി ഉണ്ടാക്കിയ ഹാളിനകത്തെ സീലീംഗ് ജോലികളും, കൊച്ചിൻ മനോജിന്റെ നേതൃത്വത്തിൽ തയ്യാർ ചെയ്ത അൾത്താരയും, രൂപങ്ങളും ഉൾപ്പെടെ എല്ലാ ജോലികളും തീർത്ത് അതിന്റെ എല്ലാ ഗാംഭീര്യത്തോടെയും പ്രൗഢിയോടെയും പഴമയോടുംകൂടി പള്ളി ഒരുങ്ങിയിരിക്കുന്നു.

**ജൂലൈ 1 – 2023** നമ്മൾ ഏവരും കാത്തിരുന്ന സുദിനം എത്തിക്കഴിഞ്ഞു .ബഹുമാനപ്പെട്ട വികാരി ഫാദർ തോമസ് വൈക്കത്തു പറമ്പിലച്ചൻ മനോഹരമായി നവീകരിക്കപ്പെട്ട മാട്ടേൽ പള്ളി ആശീർവദിച്ചുകൊണ്ട് പൊതുവണക്കത്തിനായി തുറന്നു കൊടുക്കുകയും, തിരുനാൾ കൊടി ഉയർത്തുകയും, ചരിത്ര ഗവേഷകനായ ഫാദർ ഇഗ്നേഷ്യസ് പയ്യപ്പള്ളി അച്ചൻ ആദ്യത്തെ ദിവ്യബലി അർപ്പിക്കുകയും ചെയ്തു.

**ജൂലൈ 2 – 2023** വേസപര ദിനം വേദപാഠകുട്ടികൾ അടക്കം വൻജനാവലിയോടെ വിവിധ സമയങ്ങളിലായി ഹിന്ദിയിൽ ഉൾപ്പെടെ മൂന്ന് ദിവ്യബലികൾ ഭക്തിസാന്ദ്രമായി അവിടെ അർപ്പിക്കപ്പെട്ടു.

**ജൂലൈ 3 – 2023** തിരുനാൾ ദിനം തോറാനയ്ക്ക് ആറാന ഒഴുകും എന്നപഴമൊഴി പോലെ കോരിച്ചൊരിയുന്ന മഴയിലും ഭക്തജനങ്ങളുടെ നിറസാന്നിധ്യത്തിലർപ്പിച്ച ദിവ്യബലിയും കായൽ പ്രദക്ഷിണവുമായി നവീകരിച്ച മാട്ടേൽ പള്ളിയുടെ ആദ്യ തിരുനാളിന് കൊടിയിറങ്ങി.

**ക്ഷമകെട്ടവർക്ക് ദുരിതം! കർത്താവ് ന്യായം വിധിക്കുമ്പോൾ നിങ്ങൾ എന്തുചെയ്യും? – പ്രഭാഷകൻ** 2:14

പാചകം

# കപ്പ കട്ലെറ്റ്

ജെസി റോയി വാതപ്പള്ളി
യൂണിറ്റ് 15

**ആവശ്യമുള്ള സാധനങ്ങൾ**

| | | |
|---|---|---|
| 1. | കടലപ്പരിപ്പ് വേവിച്ചുടച്ചത് | - 1/4 കപ്പ് |
| 2. | കപ്പ വേവിച്ചുടച്ചത് | - 3/4 കപ്പ് |
| 3. | ചീരയില/മുരിങ്ങ ഇല | - 1 പിടി |
| 4. | ഉള്ളി, ഇഞ്ചി പച്ചമുളക് പൊടിയായി അരിഞ്ഞത് | - 1/4 കപ്പ് |
| 5. | ഉപ്പ് | - ആവശ്യത്തിന് |
| 6 | വെളിച്ചെണ്ണ | - ആവശ്യത്തിന് |
| 7. | കറിവേപ്പില | - ആവശ്യത്തിന് |
| 8 | കുരുമുളക് പൊടി | - ആവശ്യത്തിന് |




**പാചകരീതി**

കടലപ്പരിപ്പും കപ്പയും വെവ്വേറെ വേവിച്ചുടച്ചതും ചീര ഇല അല്ലെങ്കിൽ മുരിങ്ങയില പൊടിയായി അരിഞ്ഞതും മറ്റ് അരിഞ്ഞുവെച്ചിരിക്കുന്ന സാധനങ്ങളും ഉപ്പും ചേർത്ത് നല്ലതുപോലെ യോജിപ്പിച്ച് കട്ലെറ്റിന്റെ ആകൃതിയിൽ പരത്തി ഫ്രൈയിംഗ് പാനിൽ എണ്ണപുരട്ടി രണ്ടുവശവും ബ്രൗൺ നിറമാകുന്നതുവരെ മൂപ്പിച്ചെടുക്കുക.




## പുത്തൻ പൂക്കൾ

- ചിറയ്ക്കൽ മാളിയേക്കൽ ജിൻസൺ - അന്നാമരിയ മകൻ വർഗ്ഗീസ് (ജെസ്സെ)
- കണ്ണാന്തറ പനയ്ക്കൽചിറ ടോണി- ജിജി മകൻ ഫെലിക്സ്
- ബിനോയ് പി.ഡി- ആൽഫി ആന്റണി മകൻ എമിലിൻ
- പള്ളിപ്പറമ്പിൽ ഡോണി- ആൻസി മകൾ അന്ന (ഹെയ്സൽ)
- ആലുംചുവട്ടിൽ സജിൻ- അലീന മകൻ ജേക്കബ് (ജെയ്ക്ക്)
- കൊടിയാത്തു പ്ലാക്കിൽ കോലംചിറ ലിപു- സോഫിയ മകൻ ജോസഫ് (റോസൻ)
- കടവിൽ പറമ്പിൽ ആന്റണി- മേരി സജന മകൻ ഇവാൻ



## നിത്യതയിലേയ്ക്ക്

| | യൂണിറ്റ് | തീയതി |
|---|---|---|
| ത്രേസ്യാമ്മ ഉലഹന്നാൻ തറേപ്പറമ്പിൽ | 12 | 12.04.2023 |
| ഔസേഫ് ആന്റണി ചെട്ടിയാറ | 14 | 26.04.2023 |
| റോസമ്മ ജോസഫ് വേലിക്കകത്ത് പുത്തൻപുര | 18 | 28.04.2023 |
| പി.എം. ചാക്കോ പള്ളിപ്പറമ്പിൽ | 5 | 19.05.2023 |
| മാത്തച്ചൻ നെല്ലിപ്പറമ്പിൽ | 12 | 16.06.2023 |
| സി.കരോളിൻ എഫ്.സി.സി | | 30.06.2023 |
| വി.സി.കുര്യൻ വാടക്കുഴിയിൽ | 14 | 06.07.2023 |
| ജോൺ ജോസഫ് മണലേൽ | 3 | 08.07.2023 |



## നമ്മൾ ഒന്നായ്

- നികർത്തിൽ മൈക്കിൾ - കത്രിക്കുട്ടി മകൻ വർഗ്ഗീസ്
  കടവുങ്കൽ ജോസഫ്- ലൂസി മകൾ സിൻസി
- ഈഴ്യാം പറമ്പിൽ ജോസഫ്- മേരി മകൻ റോബിൻ (ശൗരി)
  അമ്പാട്ട് മാത്യു - ആലീസ് മകൾ മെൽവിൻ (മരിയ)

# ഓർമ്മകളിലെ ഓണം

ടെസ്സിമോൾ ലിജോ
പൈനുങ്കൽ
യൂണിറ്റ് 3



ഓണ നിലാവിൻ ഓർമ്മകൾക്കിന്ന്
ഒരായിരം കഥ പറയാനുണ്ടല്ലോ
ഓണപ്പുക്കളമൊരുക്കാനായ്
ഒത്തൊരുമിച്ച് പൂക്കൾ പറിച്ചതും
ഓണപ്പൂക്കളമിട്ടരുകിൽ നൃത്തമാടിയതും
ഓർമ്മതൻ പുസ്തകത്താളിൽ മറഞ്ഞു

ഓണക്കാല അവധികളിലെല്ലാം
ഒരുമിച്ചുഞ്ഞാലാടിയതോർക്കുന്നു
ഓണക്കോടിയുടുത്ത് ഓണപ്പാട്ടുകൾ പാടി
ഓണക്കളികളുമൊരുമിച്ചാടിത്തിമിർത്ത
ഓണക്കാലമിന്നൊരു നിനവ് മാത്രം
ഒരിക്കലുമരികിലണയാത്ത നിനവ് മാത്രം

ഓണ സദ്യയുണ്ടിട്ടുപ്പേരി പൊതിയുമായ്
ഒരുമിച്ചു കൂടിയ കൂട്ടുകാരുമെല്ലാം
ഓർമ്മതൻ ഓളങ്ങളിൽ നിന്നും
ഓടിമറയുവാൻ  തുടങ്ങവേ,
ഓണ രാവിലിന്നോർത്തിടുന്നു
ഒന്നിച്ചാഘോഷിച്ചയാ നല്ല ഓണദിനങ്ങൾ

# വിങ്ങിപ്പൊട്ടിയ നൊമ്പരം

മാർഗരറ്റ് ആന്റണി അറുകുഴിയിൽ
യൂണിറ്റ് - 3

വിദ്യാലയത്തിലെ ഓർമ്മകളിൽ മായാതെ നിന്നിരുന്ന ദിവസങ്ങൾ, വേനൽ അവധി കഴിഞ്ഞ് മഴക്കാലമാകാൻ കൊതിയാണ്, എന്തൊരു ഉത്സാഹമാണ് മഴയത്തു തുള്ളിച്ചാടി കളിയ്ക്കാൻ . രാവിലെ 9 മണിക്ക് അസംബ്ളി കൂടുന്നതിനു മുൻപ് 8 മണിക്ക് സ്കൂളിൽ എത്തും. എന്റെ പ്രിയപ്പെട്ട കൂട്ടുകാരിയുമൊത്ത് കുടക്കീഴിൽ സ്കൂളിലെ ഗ്രൗണ്ടിൽ മുഴുവൻ നീന്തി നടക്കും. ചിലപ്പോൾ യൂണിഫോം ഒക്കെ നനഞ്ഞിട്ടുണ്ടാകും. ക്ലാസ്സിൽ കയറി ഫാൻ ഇടും എന്നാൽ മറ്റു കുട്ടികൾ സമ്മതിക്കില്ല. പതിവുപോലെ അതേദിവസം ഞാൻ സ്കൂളിൽ എത്തി എന്റെ പ്രിയ കൂട്ടുകാരിയെ കണ്ടില്ല. പിറ്റേ ദിവസവും കാത്തു കണ്ടില്ല. എന്താണെന്നറിയാതെ ഞാൻ വിഷമിച്ചിരിക്കുമ്പോൾ വഴിയിൽവച്ചു അവളുടെ പപ്പായെ കണ്ടു. അവളെ അന്വേഷിച്ചു നല്ല പനിയായിട്ട് കിടക്കുകയാണെന്നറിഞ്ഞു. ഞാൻ ആകെ വിഷമിച്ചു. അവളെ കണ്ടില്ലായെങ്കിൽ എനിക്കാകെ വിഷമമാണ്. ഞാൻ എന്നും സന്ധ്യാ പ്രാർത്ഥനയിൽ അവൾക്കുവേണ്ടി പ്രാർത്ഥിച്ചു. പിറ്റേ ആഴ്ചയിൽ അവൾ സ്കൂളിൽ വന്നു. എന്നാൽ പനിയുടെപേടി കാരണം മഴയത്തിറങ്ങിയില്ല.



അന്നൊരു ദിവസം അവൾ എന്നോടു പറഞ്ഞു നാളെ പപ്പാ കുവൈറ്റിലോട്ട് പോകുകയാണ് ഞാൻ ശ്രദ്ധിച്ചു അവളുടെ മുഖത്ത് നല്ല വിഷമമുണ്ടായിരുന്നു. പിറ്റേ ദിവസം അവൾ ക്ലാസ്സിൽ വന്നില്ല ദിവസങ്ങൾ കടന്നു പോയി ഞങ്ങൾ പഠിച്ചും, കളിച്ചും ചിരിച്ചും കാലത്തിന്റെ വഴിയേ പോയി.

ഒരുനാൾ എന്റെ അപ്പച്ചന്റെ കൂട്ടുകാരൻ ഓടി വന്നു പറഞ്ഞു. മാഗി നീ അറിഞ്ഞില്ലേ നിന്റെ കൂട്ടുകാരിയുടെ പപ്പ മരിച്ചു ഞാൻ അന്തം വിട്ടു പോയി

എന്തു ചെയ്യണമെന്നറിയാതെ ഞാൻ മാറി കട്ടിലിൽ വീണു പൊട്ടിക്കരഞ്ഞു. ഡെഡ് ബോഡി വന്നപ്പോൾ അടുത്തുള്ള ഒരു ചേച്ചിയുമായി കാണാൻ പോയി അവളെ ഞാൻ എങ്ങിനെ നോക്കും. എന്നാൽ അവൾ വല്ലാത്ത ഒരു ഭാവത്തിലാ യിരുന്നു. കരയുന്നുമില്ല ദൂരോട്ടു നോക്കിയിരിപ്പാണ്. അവളുടെ അടുക്കലേക്ക് ഞാൻ വേഗം ചെന്നു. അവൾ യാതൊരു പ്രതികരണവും കാണിച്ചില്ല. ഞാൻ ആകെ വിഷമത്തിലായി. ഒടുവിൽ സിമിത്തേരിയിൽ ബോഡി വച്ചപ്പോൾ പപ്പയുടെ മേൽ ഞാൻ മണ്ണിടില്ലയെന്നു പറഞ്ഞു അവൾ പൊട്ടിക്കരഞ്ഞു. ഞാൻ അടുത്തു ചെന്നു അവളെ കെട്ടിപ്പിടിച്ചു കൊണ്ട് പറഞ്ഞു മോളെ ഇതു നീ ചെയ്യണം എന്നു പറഞ്ഞു മണ്ണ് കൈയ്യിൽ കൊടുത്തു. അവൾ തളർന്നു എന്റെ മേൽ ചാരി കൊണ്ട് മണ്ണിട്ടു മുടുമ്പോൾ. അവൾ വാവിട്ടു നിലവിളിച്ചു എനിക്കും നിയന്ത്രിക്കാനായില്ല. അവളെ താങ്ങി കൊണ്ടു പള്ളിൽ പോയിരുന്നു. പപ്പയ്ക്കു വേണ്ടി പ്രാർത്ഥിച്ചു, ഇപ്പോഴും അവളുടെ മുഖത്തുണ്ടായിരുന്ന, ആ വല്ലാത്ത ഭാവം എന്റെ മനസ്സിനെ ആകെ തളർത്തുന്നു.

---

## പള്ളിപ്പുറത്തിന്റെ അമ്മ

ടോമി കുരിശുങ്കൽ
യൂണിറ്റ് -5

പള്ളിപ്പുറത്തിൻ രക്ഷകയായ്
വാനിൽ വിളങ്ങും പരിശുദ്ധ രാജ്ഞി
പാരിലെ മക്കൾ ഞങ്ങൾക്കായെന്നും
പ്രാർത്ഥിക്ക തായേ സുതനോടു നിത്യവും
പരമപിതാവിൻ പ്രിയമകളായ്
യേശു മഹേശന്റെ അമ്മയുമായ്
വിളിച്ചാൽ വിളിയത് കേൾക്കുന്നോരമ്മേ
പള്ളിപ്പുറത്തിന്നും വാഴുന്നോരമ്മേ
സങ്കടക്കടലല നീന്തിടുമ്പോൾ
സന്താപം തീർക്കുവാൻ നീ വരില്ലേ
കരുണതൻ സാഗരമാകുന്നോരമ്മേ
പള്ളിപ്പുറം വാഴും ലോകമാതേ...



## ഇവിടെ ഗോതമ്പുപൂക്കൾക്ക് ചുവപ്പു നിറമാണ്

ഷാജി എം.കുരുവിങ്കൽ
യൂണിറ്റ് - 4

യാത്രക്കാരാ, ഇത് ഗലീലിയ
കാണാൻ കാഴ്ചകളും, കേൾക്കാൻ കഥകളും
ഒത്തിരിയുള്ളൊരു നാട്
അല്പ നേരത്തേയ്ക്ക്....യാത്രക്കാരാ
നിന്റെ മനസ്സും കടം തരിക.
കാണുന്നില്ലേ.......നീണ്ടു പരന്ന്
ചക്രവാളത്തിൽ ചേക്കേറുന്ന
ഗോതമ്പു പാടങ്ങൾ
ഇവിടെ വിരിയുന്ന ഗോതമ്പ് പൂക്കൾക്ക്
ചുവപ്പ് നിറമാണ്.
ഒരിക്കൽ, ഇവിടുത്തെ തെരുവീഥികളിലൂടെ
ഒരിടയൻ, തന്റെ ഓടക്കുഴലിലൂടൊഴുകുന്ന
സ്നേഹ ഗീതികളുമായി നടന്നിരുന്നു
കൂടെ അവന്റെ, അവന്റെ മാത്രം കുഞ്ഞാടുകളും
അവന്റെ ഗീതങ്ങൾ ഒരു കൊടുങ്കാറ്റായി
അവിടെങ്ങും വീശിയടിച്ചു
കൊട്ടാരങ്ങളും ദന്തഗോപുരങ്ങളും
കുലുങ്ങി വിറച്ചു
പരീശനും പുരോഹിതനും വിറളി പിടിച്ചു.
പിന്നെ...
കൂട്ടം തെറ്റിയൊരു കുഞ്ഞാട്
ഒരു ചുംബനം ... ഉടമ്പടിക്ക് മുദ്ര തീർന്നു...
പ്രളയത്തിന്റെ തുടക്കം പോൽ
പ്രപഞ്ചത്തിന്റെയൊടുക്കം പോൽ
കാലം നിശ്ചലമായി.
ചെന്നായ്ക്കൾ വിധിയാളരായി
വിധി കേൾക്കാൻ അവന്റെ കുഞ്ഞാടുകളും തിക്കിത്തിരക്കി
അന്തിമ വിധി കേട്ട സൂര്യൻ
പടിഞ്ഞാറേക്കടലിൽ രക്തം ചീന്തി
ഗോതമ്പു പാടങ്ങൾ ആ രക്തം
സ്വന്തം മാറിലേറ്റുവാങ്ങി
അന്നു മുതൽ ഇവിടുത്തെ ഗോതമ്പ് പാടങ്ങളിൽ
ചോരപ്പൂക്കൾ വിരിയുന്നു
യാത്രക്കാരാ ...അരുത്, കരയരുത്
ഈ കഥ ശോകാന്തമാവില്ല ഒരിക്കലും
യാത്ര തുടരൂ .....കഥയിലെ കാര്യം തേടി....

## ഈസ്റ്റർ രാവ്, ദിശ 2K23
## സാമ്പത്തിക സഹായം നൽകി സഹകരിച്ചവർ

ശ്രീ.ജോയി ജോസഫ് പതിയാമൂല
ശ്രീ.ജോബി വർഗീസ് കോയിപ്പറമ്പിൽ
ശ്രീ.ജോജി വർഗീസ് കോയിപ്പറമ്പിൽ
ശ്രീ.മാർട്ടിൻ ചെറിയാൻ കോയിപ്പറമ്പിൽ
ശ്രീ.ജോയി വർഗീസ് കോയിപ്പറമ്പിൽ
ശ്രീമതി തങ്കമ്മ ജോസ് ഉപ്പുപുറം
ശ്രീ.ബിജു മാത്യു പണിക്കശ്ശേരി
ശ്രീ.റോയി ജോസഫ് വാതപ്പള്ളി
ശ്രീ.തങ്കച്ചൻ ചെറുകാട്ട്
ശ്രീ.കെ.ഒ വർഗീസ് ചെറുകാട്ട്
ശ്രീ.വി.ഒ ജോസഫ് വാതപ്പള്ളി
ശ്രീ.ജൂബിച്ചൻ പള്ളിപ്പറമ്പിൽ
ശ്രീമതി കുഞ്ഞമ്മ കടവിൽ
ശ്രീ.ജോസുകുട്ടി ചാക്കോ കരിയിൽ
ശ്രീ.ബാബു ജോസഫ് ചെറുകാട്ട്
ശ്രീ.സണ്ണി ജോർജ്ജ് കടവിൽ
ശ്രീ.റെജി ചാക്കാ പള്ളപ്പറമ്പിൽ
ശ്രീ.മാത്തച്ചൻ വാതപ്പള്ളി
മെട്രോ ഏജൻസീസ്
ശ്രീ.ജോസുകുട്ടി ഫീൽഡ് വില്ല
ശ്രീ.ജോമി ചിറയ്ക്കൽ
ശ്രീ.ജോബിച്ചൻ ഉപ്പുപുറം
ശ്രീ.ഐസക് പണിക്കശ്ശേരി
ശ്രീ.ലിജോ തോമസ് ആലുംചുവട്ടിൽ
ശ്രീ.അനൂപ് ആന്റണി ഉപ്പുപുറം


First Holy Communion
29-04-2023
ഇടവകയുടെ പ്രാർത്ഥനാശംസകൾ

# വിശുദ്ധ വാരത്തിലൂടെ


































## ഒറ്റപ്പുന്നപള്ളി മെയ് ദിന തിരുനാൾ






## ദിശ 2K23 കുടുംബ നവീകരണ സെമിനാർ




## സി.എൽ.സി. ഇന്റർസോൺ ഫുട്ബോൾ മേള റണ്ണേഴ്സ് അപ്പ്





## പഠനോപകരണ സഹായ പദ്ധതി (സംഘം)





പെന്തക്കോസ്ത തിരുനാൾ



മെരിറ്റ് അവാർഡ്




മാട്ടേൽ പള്ളി പുനരുദ്ധാരണം









## മാട്ടേൽ പള്ളി പുനരുദ്ധാരണത്തിന്റെ ധനശേഖരണാർത്ഥം







## ഇടവക ജനങ്ങൾ മലയാറ്റൂരിലേക്ക്





## മാട്ടേൽ പള്ളി വെഞ്ചിരിപ്പ്









## പ്രതിഷേധ സംഗമം-മണിപ്പൂർ









# മാട്ടേൽ തിരുനാൾ












## വണക്കമാസ സമാപനം കുരിശുപുര പള്ളിയിൽ





## പരി. പള്ളിപ്പുറത്തമ്മയുടെ തിരുനാൾ കൊടിയേറ്റ് ദിനം





## ഇടവകയുടെ ബാഷ്പാഞ്ജലികൾ



**റവ.സി. കരോളിന FCC**
പതിനഞ്ചിൽ (വല്ലകം)
ആദ്യവ്രതം: 07.05.1963
ജനനം: 13.10.1941 മരണം: 30.06.2023



**റവ.സി. ഗ്രിഗോറിയ FCC**
കോയിപ്പറമ്പിൽ
ആദ്യവ്രതം: 26.05.1957
ജനനം: 10.03.1933 മരണം: 20.07.2023

# അനുഭവങ്ങൾ.... സാക്ഷ്യങ്ങൾ

സാലമ്മ ജോസഫ് ഉടുമ്പനാട്ട്
യൂണിറ്റ് 4

**ഒരു ഗൾഫ് യാത്ര**

2018 ആഗസ്റ്റ് 17 - ാം തീയതി എനിക്ക് ദുബായിക്ക് പോകേണ്ടിവന്നു. എന്റെ മകളും കുടുംബവും അവിടെയായിരുന്നു. മകളുടെ കുഞ്ഞിനെ നോക്കുന്നതിനുവേണ്ടിയാണ് മൂന്നു മാസത്തെ വിസിറ്റിംഗ് വിസയിൽ ഞാൻ പോയത്. നെടുമ്പാശ്ശേരി എയർപ്പോർട്ട് വെള്ളപ്പൊക്കം മൂലം അടച്ചിട്ടതിനാൽ തിരുവനന്തപുരത്തുനിന്നാണ് പോയത്. കുട്ടനാട്ടിൽ നിന്നുള്ള ഒരു കുടുംബത്തെയാണ് എനിക്ക് കൂട്ടുകിട്ടിയത് കുട്ടനാട്ടിലെ വെള്ളപ്പൊക്ക കെടുതികളെക്കുറിച്ചും കഷ്ടപ്പാടുകളെക്കുറിച്ചും അവർ വിവരിച്ചു.

മകളുടെ വീട്ടിൽ ഞാൻ എത്തിയതിന്റെ പിറ്റേദിവസം മുതൽ മകൾ ജോലിക്കുപോകുവാൻ തുടങ്ങി. കുഞ്ഞിനെ നോക്കിയും വീട്ടുകാര്യങ്ങൾ ചെയ്തും മുന്നുമാസങ്ങൾ കടന്നുപോയി. വെറുതെ ഇരിക്കുന്ന സമയങ്ങളിൽ ഞാൻ വീട്ടിൽ നിന്നും കൊണ്ടുപോയിരുന്ന മാതാവിന്റെ നൊവേന പുസ്തകവും വല്ലാർപാടത്തമ്മയുടെ നൊവേന പുസ്തകവും നോക്കി പ്രാർത്ഥിക്കാറുണ്ടായിരുന്നു.

തിരിച്ചുപോരേണ്ട ദിവസം അടുക്കുംതോറും ഒറ്റയ്ക്ക് പോരണമെന്നോർത്ത് എനിക്ക് പേടിയായിരുന്നു. എന്നാൽ മക്കൾ പറഞ്ഞു എയർപോർട്ടിൽ വീൽചെയർ സൗകര്യം ലഭിക്കും അവിടുത്തെ സ്റ്റാഫ് ഫ്ളൈറ്റിനകത്ത് കൊണ്ടുചെന്ന് ആക്കിത്തരും. എന്നാൽ പിന്നീടറിഞ്ഞു വീൽചെയർ എല്ലാം ബുക്കിംഗ് ആയതിനാൽ നമുക്ക് കിട്ടില്ലെന്ന് ഇതറിഞ്ഞപ്പോൾ എനിക്ക് പേടികൂടി. ഞാൻ മാതാവിനെ വിളിച്ചു മുട്ടിപ്പായി പ്രാർത്ഥിച്ചു. എയർപ്പോർട്ടിൽ ചെന്നപ്പോൾ അവർ പറഞ്ഞു വീൽ ചെയർ സൗകര്യം ലഭ്യമാണ്. ഒരു കറുത്തു തടിച്ച മനുഷ്യൻ വീൽ ചെയറുമായി വന്നു. അയാൾ ഒരു തമിഴനായിരുന്നു. എനിക്ക് ഉള്ളിൽ പേടിയുണ്ടായിരുന്നു. അയാളെന്നെ ചെക്കിംഗ് ഉള്ള സ്ഥലങ്ങളിലെല്ലാം കൊണ്ടുപോയതിനുശേഷം ഒരു റൂമിൽ കൊണ്ടുചെന്നാക്കി. ഫ്ളൈറ്റിൽ കയറ്റാൻ വേറെ ആളുവരുമെന്ന് പറഞ്ഞു. എന്നെ ഫ്ളൈറ്റിൽ കയറ്റാൻ വന്ന സ്റ്റാഫ് ഒരു മലയാളി പെൺകുട്ടിയായിരുന്നു. ഫ്ളൈറ്റിൽ കയറിക്കഴിഞ്ഞപ്പോൾ അമ്മേ എന്ന വിളികേട്ടു ഞാൻ തിരിഞ്ഞുനോക്കി. പന്ത്രണ്ടാമത്തെ വയസ്സിൽ കാണാതെ പോയ ഈശോയുടെ രൂപമാണ് എന്റെ മനസ്സിൽ തെളിഞ്ഞത്. അമ്മയ്ക്കെന്നെ മനസ്സിലായോ എന്ന് ആ ആൺകുട്ടി ചോദിച്ചു. ഇല്ല എന്ന് മറുപടി പറഞ്ഞപ്പോൾ, അമ്മ ജോസിയുടെ അമ്മയല്ലേ എന്ന് ചോദിച്ചു. അതെ എന്ന് ഞാൻ മറുപടി പറഞ്ഞു.

എന്റെ പേര് അംബീഷ് എന്നാണ്. ഞാനും ജോസിയും പത്താം ക്ലാസ്സുവരെ ഒരുമിച്ചാണ് പഠിച്ചത്. ദുബായിലാണ് എനിക്ക് ജോലി. ലീവിന് ഞാൻ നാട്ടിലേയ്ക്ക് വരുകയാണെന്ന് ആ കുട്ടി പറഞ്ഞു. രാവിലെ നാലുമണിക്ക് ഞങ്ങൾ നെടമ്പാശേരിയിലെത്തി. ഫ്ളൈറ്റിൽ നിന്നും ഇറങ്ങുന്നതിനും ബാഗുകൾ എടുക്കുന്നതിനും അംബീഷ് എന്നെ സഹായിച്ചു. മുട്ടിപ്പായി പ്രാർത്ഥിച്ചതിന്റെ ഫലമായിട്ടാണ് തമിഴന്റെ രൂപത്തിലും അംബീഷന്റെ രൂപത്തിലും മാതാവും ഈശോയും എന്നെ സഹായിച്ചത്. ഏത് പ്രതിസന്ധി ഘട്ടത്തിലും പ്രാർത്ഥനയുടെ ശക്തി നമ്മളെ മുന്നോട്ടു നയിക്കും. പ്രത്യേകിച്ച് പരിശുദ്ധ പള്ളിപ്പുറത്തമ്മയുടെ തണലിൽ നമുക്ക് ജീവിക്കാം.

# വി. യൗസേപ്പിതാവ്



റാണി ജോർജ്ജ് ചിറ്റേഴത്ത്
യൂണിറ്റ് - 15

തിരുക്കുടുംബത്തിന്റെ പാലകനായിടും
മാർ യൗസേപ്പുതാതാ നിന്നെ വണങ്ങുന്നു
സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കിയ പുണ്യാത്മാ
പ്രാർത്ഥിച്ചീടണേ നിൻ മക്കൾ ഞങ്ങൾക്കായ്

ദാവീദിൻ വംശത്തിൽ ജന്മമെടുത്ത നീ
ദൈവീക നീതിയിൽ ജീവിച്ചു നിത്യവും
ദൂതൻ തൻ ദർശനം ഒന്നൊന്നായ് വന്നപ്പോൾ

താഴ്മയായ് നീയെല്ലാം സ്വീകരിച്ചുവല്ലോ
മറിയത്തിൻ ഗർഭ മറിഞ്ഞു നീ ശങ്കയാൽ
അവളെ ഉപേക്ഷിക്കാൻ തീരുമാനിച്ചപ്പോൾ
ദൂതൻ ചൊല്ലിയ വാക്കു ശ്രവിച്ചു നീ
സ്വീകരിച്ചു മറിയത്തെ ഭാര്യയായ്

നീതിമാനായി നീ നീതി പുലർത്തിയാ
നീതിമാനായ ദൈവത്തിൻ മുൻപിലായ്
ദൈവപുത്രനു കൺകണ്ട താതനായ്

മറിയത്തിൻ പ്രിയ ഭർത്താവുമായി നീ
ഞങ്ങളും നിൻപാതെ സഞ്ചരിച്ചീടുവാൻ
ദൈവവിശ്വാസത്തിൽ അടിയുറച്ചീടുവാൻ
നീതിമാനായ ദൈവത്തെ കാണുവാൻ
നീതിമാനായോനെ പ്രാർത്ഥിയ്ക്ക ഞങ്ങൾക്കായ്.

## പി.എസ്.സി ചോദ്യോത്തരങ്ങൾ

1. ഇന്ത്യയുടെ 15-ാംമത് രാഷ്ട്രപതി ?
   ശ്രീമതി.ദ്രൗപതി മുർമു
2. എന്നാണ് ലോക പൈതൃക ദിനം?
   ഏപ്രിൽ 18
3. ഇന്ത്യയിലെ ആദ്യ പ്ലാസ്റ്റിക് രഹിത ജില്ല?
   കോഴിക്കോട്
4. റസൂൽ പൂക്കുട്ടിയുടെ ആത്മകഥ?
   ശബ്ദതാരാപഥം
5. കോവിലൻ എന്ന തൂലികനാമത്തിൽ അറിയപ്പെടുന്നത്?
   വി.വി.അയ്യപ്പൻ
6. ആദ്യമായി ഡിജിറ്റൽ കറൻസി പുറത്തിറക്കിയ രാജ്യം?
   ഇക്വഡോർ
7. ഇന്ത്യയിലെ ആദ്യത്തെ വൈഫൈ നഗരമാണ്?
   കൊൽക്കത്ത
8. തേനീച്ച കൃഷിയെപ്പറ്റിയുള്ള പഠനശാഖ?
   എപ്പികൾച്ചർ
9. ഏഷ്യൻ ഗയിംസിന് ആ പേര് നിർദ്ദേശിച്ചതാര്?
   ജവഹർലാൽ നെഹറു
10. ഏറ്റവും പ്രായം കുറഞ്ഞ നോബേൽ സമ്മാന ജേതാവ്?
    മലാല യൂസഫ് സായി
11. സൂര്യാഘാതം ഉാകാൻ കാരണമായ കിരണം?
    അൽട്രാവയലറ്റ്
12 മിന്നലുാക്കുന്ന മേഘങ്ങൾ?
   ക്യുമുലോ നിംബസ്
13. കേരളത്തിൽ എത്ര ദേശീയോദ്യാനങ്ങളു്.?
    ആറ്
14. ഇന്ത്യൻ ദേശീയ ജലജീവി?
    ഗംഗ ഡോൾഫിൻ
15. ആരാണ് കേരളഗാനം എഴുതിയത്?
    ബോധേശ്വരൻ

# ഇടവക വാർത്തകൾ

**നിന്റെ പ്രയത്നം കർത്താവിൽ അർപ്പിക്കുക.,**

**നിന്റെ പദ്ധതികൾ ഫലമണിയും (സുഭാഷിതങ്ങൾ 16:3)**

വിശുദ്ധവാര കർമ്മങ്ങൾ- ഓശാന ഞായർ, പെസഹാ വ്യാഴം, ദുഖ വെള്ളി ദുഖ ശനി, ഈസ്റ്റർ ദിനങ്ങൾ ഇടവകാംഗങ്ങൾ ഭക്തിയോടെ തിരുക്കർമ്മങ്ങളിൽ പങ്കെടുത്തു. വിശുദ്ധവാര കർമ്മങ്ങൾ ഭക്തിസാനദ്രമാക്കുവാനും അനുഗ്രഹദായകമാക്കുവാനും ഏവരുടെയും സഹകരണം സ്തുത്യർഹമായിരുന്നു.

മലയാറ്റൂർ തീർത്ഥാടനം- ഏപ്രിൽ 2 ഓശാന ഞായർ വൈകുന്നേരം 3 മണിയോടെ പള്ളിപ്പുറത്തുനിന്നും പുറപ്പെട്ട് രാത്രി 7 മണിയോടെ മലയാറ്റൂർ എത്തി മലകയറ്റം ആരംഭിച്ചു. വിവിധ യൂണിറ്റുകളിൽ നിന്നുമായി 103 പേരോളം മലയാറ്റൂർ തീർത്ഥാടനത്തിൽ പങ്കാളികളായി. രാത്രി ഭക്ഷണത്തിനുശേഷം അവിടെനിന്നു യാത്ര തിരിച്ചു.

ഈസ്റ്റർ രാവ്- **ഉത്ഥിതൻ** - സെൻട്രൽ കമ്മറ്റിയുടെ നേതൃത്വത്തിൽ ഈസ്റ്റർ രാവിൽ ക്രിസ്തുവിന്റെ പീഢാനുഭവ ചരിത്രം അവതരിപ്പിക്കുകയുണ്ടായി. രാത്രി പതിനൊന്നു മണിയോടെ ആരംഭിച്ച ദൃശ്യാവിഷ്ക്കരണത്തിൽ അവസാന അത്താഴം, യൂദാസ് യേശുവിനെ ഒറ്റിക്കൊടുക്കുന്നു, ഗസ്തമേൻ പ്രാർത്ഥന, കുരിശുമരണത്തിന് വിധിക്കുന്നു, കുരിശിന്റെ വഴിയിലൂടെ, ഗാഗുൽത്താ, ക്രിസ്തുവിന്റെ ഉയിർപ്പ് തുടങ്ങിയ രംഗാവിഷ്ക്കരണം വളരെ ഭംഗിയായിത്തന്നെ അവതരിപ്പിച്ചു. ഇതിനായി സഹകരിച്ച കലാകാരന്മാരെ, പ്രത്യേകമായി ഫാ.ജോയ്സൺ പുതുക്കാട്ട്, സംവിധാനം നിർവ്വഹിച്ച ശ്രീ വർഗീസ് കുരിശിങ്കൽ എന്നവരെ നന്ദിയോടെ സ്മരിക്കുന്നു.

വീടുവെഞ്ചരിപ്പ്- ഇടവകയിലെ 20 യൂണിറ്റുകളിലും ബഹുമാനപ്പെട്ട അച്ചന്മാരുടെ നേതൃത്വത്തിൽ വീടുവെഞ്ചരിപ്പ് നടത്തി. ഇതിലേയ്ക്കായി യൂണിറ്റ് ഭാരവാഹികളുടെ സഹകരണം വളരെ വലുതായിരുന്നു.

പെന്തക്കൊസ്ത- മെയ് 28-ാം തീയതി പെന്തക്കൊസ്ത തിരുനാൾ 7 മണിയുടെ കുർബാനയ്ക്കുശേഷം ബഹുമാനപ്പെട്ട വൈദീകർ കൊച്ചുകുട്ടികളെ എഴുത്തിനിരുത്തി. പെന്തക്കൊസ്ത ദിനത്തിൽ ആദ്യാക്ഷരങ്ങൾ കുറി

ക്കാൻ ഒത്തിരിയേറെ കുരുന്നുകൾ എത്തിയിരുന്നു.

ദിശ **2K23**-മാതാപിതാക്കൾക്കും കുട്ടികൾക്കും വേണ്ടി ഒരുക്കിയ ഏകദിന സെമിനാർ-പ്രത്യേകമായി പുതിയ അധ്യായനവർഷം ആരംഭം. മാറുന്ന കാലഘട്ടത്തിനനുസരിച്ച് നന്മയുടെ ദിശാബോധം നൽകുന്നതിനായി ദിശ **2K23** എന്ന ഏകദിന സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. രാവിലെ 8.30ന് ഉദ്ഘാടന യോഗത്തിനുശേഷം ആരംഭിച്ചു. ആദ്യ സെക്ഷൻ "സൈബർ ലോകവും അതിലെ നന്മയും തിന്മയും" വിഷയം അവതരിപ്പിച്ചത് ശ്രീ.ജയകുമാർ (സൈബർ ഡിപ്പാർട്ടുമെന്റ് ആലപ്പുഴ). വിശുദ്ധ കുർബാനയ്ക്കുശേഷം റവ.ഫാ.സനു പുതുശ്ശേരി "കുട്ടികളെ വിശുദ്ധിയിൽ വളർത്താം" എന്ന വിഷയത്തെപ്പറ്റി സംസാരിച്ചു. ഉച്ച ഭക്ഷണത്തിനുശേഷം ശ്രീ.സിജോയ് വർഗീസ് (സിനി ആർട്ടിസ്റ്റ്) സെമിനാറിനെ അഭിസംബോധന ചെയ്തു സംസാരിച്ചു. തുടർന്ന് ക്ലാസ്സ് നയിച്ച ശ്രീ ബിനീഷ് കെ മേനോൻ "മാറുന്ന ജീവിത സാഹചര്യങ്ങൾ" എന്ന വിഷയത്തെപ്പറ്റി വളരെ സരസമായി ക്ലാസ്സ് നയിക്കുകയുണ്ടായി. ഏവർക്കും സ്വീകാര്യമായ ഒരു സെമിനാറായിരുന്നു ദിശ **2K23**

സ്ക്രാപ്പ് കളക്ഷൻ- മാട്ടേൽ പള്ളി പുനരുദ്ധാരണ ഫണ്ട് സമാഹരണത്തിനായി സെൻട്രൽ കമ്മറ്റിയുടെ നേതൃത്വത്തിൽ നടത്തിയ സ്ക്രാപ്പ് കളക്ഷൻ എല്ലാ യൂണിറ്റ് അംഗങ്ങളും വളരെ സൗഹാദ്രപൂർവ്വം സഹകരിച്ച ഒരു സംരംഭമായിരുന്നു. ഇതിനായി സഹകരിച്ച സെൻട്രൽ കമ്മറ്റി അംഗങ്ങളും വാഹന സൗകര്യം നൽകിയ 19-ാം യൂണിറ്റ് പ്രസിഡന്റ് ശ്രീ.സർജി പുത്തങ്ങാടി, 16-ാം യൂണിറ്റ് വൈസ് പ്രസിഡന്റ് ശ്രീ.തോമസ് തോട്ടത്തിൽച്ചിറയിലും പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. മാട്ടേൽപള്ളി പുനരുദ്ധാരണ ഫണ്ടിലേയ്ക്കേ സ്ക്രാപ്പ് കളക്ഷനിലൂടെ 57000 രൂപ നമുക്ക് സമാഹരിക്കുവാൻ സാധിച്ചു. ഇതിനായി സഹകരിച്ച എല്ലാ യൂണിറ്റംഗങ്ങൾക്കും സെൻട്രൽ കമ്മറ്റിയുടെ നന്ദി അറിയിക്കുന്നു. തുടർന്നും ഇടവകയുടെ എല്ലാ പ്രവർത്തനങ്ങളിലും സഹകരണം പ്രതീക്ഷിക്കുന്നു

സെൻട്രൽ കമ്മറ്റി ജനറൽ സെക്രട്ടറി.

**റെജി ചാക്കോ പള്ളിപ്പറമ്പിൽ**

# സംഘടന വാർത്തകൾ

## പാരിഷ് ഫാമിലി സംഘം

പാരിഷ് ഫാമിലി സംഘത്തിന്റ നേതൃത്വത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വീടുകളിൽ ഭക്ഷ്യക്കിറ്റ് വിതരണം ചെയ്തു. സ്കൂൾ തുറക്കുന്നതിന്റെ ഭാഗമായി യൂണിറ്റ് അടിസ്ഥാനത്തിൽ കുട്ടികൾക്ക് പഠനോപകരണങ്ങൾ തവണവ്യവസ്ഥയിൽ നൽകി. ഇടവകയിലെ എസ്.എസ്.എൽ.സി, പ്ലസ് ടു കുട്ടികൾക്ക് മെറിറ്റ് അവാർഡ് നൽകുകകയും ഫുൾ എ+ നേടിയ വിദ്യാർത്ഥികൾക്ക് പ്രത്യേകം ക്യാഷ് അവാർഡും ഫലകങ്ങളും നൽകി.

## ലീജിയൻ ഓഫ് മേരി

പരിശുദ്ധ അമലോത്ഭവ മാതാവിന്റെ നാമധേയത്തിൽ ലീജിയൻ ഓഫ് മേരി എന്ന സംഘടന പള്ളിപ്പുറം പള്ളിയിൽ പ്രവർത്തിക്കുന്നു. സി.ഡോളറോസിന്റെ നേതൃത്വത്തിൽ എല്ലാ ബുധനാഴ്ചയും രാവിലെ 7 മണിയുടെ ദിവ്യബലിയ്ക്കുശേഷം അംഗങ്ങൾ എല്ലാവരും ഒന്നിച്ചിരുന്നു ജപമാലയും മറ്റു പ്രാർത്ഥനകളും ചൊല്ലുന്നു. ഡിസംബർ 8-ാം തീയതി പരിശുദ്ധ അമലോത്ഭവ മാതാവിന്റെ തിരുനാൾ സംഘടനയുടെ നേതൃത്വത്തിൽ നടത്തുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്റെയും കൊച്ചച്ചന്റെയും നേതൃത്വത്തിൽ കേക്ക് മുറിക്കുകയും സ്നേഹവിരുന്നു നടത്തുകയും ചെയ്തിരുന്നു. നാല്പതുമണി ആരാധനദിവസം ഉച്ചക്ക് നേർച്ചക്കഞ്ഞി വിതരണം ചെയ്തു. കൂടാതെ അഗതി മന്ദിരം സന്ദർശിക്കുകയും, രോഗിസന്ദർശനം നടത്തുകയും സാമ്പത്തികമായി സഹായിക്കുകയും ചെയ്തു. അങ്ങനെ ഭക്തി നിർഭരമായി ലീജിയൻ ഓഫ് മേരി എന്ന സംഘടന പള്ളിപ്പുറത്തു പള്ളിയിൽ സജീവമായി പ്രവർത്തിയ്ക്കുന്നു.

## സി.എൽ.സി

വിശുദ്ധ വാരത്തോടനുബന്ധിച്ച് വി.ചാവറയച്ചനും, പാലയ്ക്കൽ തോമാമല്പാനും ഉപയോഗിച്ചിരുന്ന പള്ളിപ്പുറം പള്ളി കാത്തുസൂക്ഷിച്ചു വരുന്ന അതിപുരാതന കിണർ സി.എൽ.സി. മക്കൾ ഒത്തുചേർന്ന് വൃത്തിയാക്കി . മലയാറ്റൂർ പള്ളിയിൽ സി.എൽ.സി മക്കൾ കാൽനടയായി തീർത്ഥാടനം നടത്തി. ദു:ഖവെള്ളിയാഴ്ച വിമൻസ് വെൽഫയർ നടത്തിയ നേർച്ചക്കഞ്ഞി

വിതരണത്തിൽ സി.എൽ.സി അംഗങ്ങളുടെ സജീവ സാന്നിദ്ധ്യം ഉണ്ടായിരുന്നു. ദു;ഖവെള്ളിയാഴ്ച രാവിലെ പള്ളിയിൽ നടത്തിയ കുരിശിന്റെ വഴി 1 മുതൽ 14 വരെയുള്ള സ്ഥലങ്ങൾ ദൃശ്യാവിഷ്ക്കരണമായി തത്സമയം സി. എൽ.സി. മക്കൾ അൾത്താരയിൽ അവതരിപ്പിക്കുകയും ചെയ്തു.

സെൻട്രൽ കമ്മറ്റി നടത്തിയ ഈസ്റ്റർ രാവിൽ സി.എൽ.സി മക്കൾ എല്ലാ കാര്യങ്ങളിലും പങ്കാളികളായിരുന്നു. ഉയിർപ്പ് കുർബാനയ്ക്കുശേഷം സി.എൽ സി അംഗങ്ങളുടെ ഡാൻസ് പ്രോഗ്രാം പള്ളിയങ്കണത്തിൽ നടത്തുകയുണ്ടായി.

മണപ്പുറം സി.എൽ.സി നടത്തിയ ഫുട്ബോൾ ടൂർണമെന്റിൽ പള്ളിപ്പുറം സി.എൽ.സി രണ്ടാം സ്ഥാനത്ത് വരികയും , ക്യാഷ് അവാർഡും, ട്രോഫിയും കരസ്ഥമാക്കുകയും ചെയ്തു.ഏപ്രിൽ 16-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് ബഹു.കൊച്ചച്ചന്റെ നേതൃത്വത്തിൽ തീർത്ഥയാത്രയായി മലയാറ്റൂർ മലകയറി.

പള്ളിയിൽ നടത്തിയ ദിശ **2K23** ൽ സി.എൽ.സി അംഗങ്ങളും പങ്കാളികളായി. പെന്തകുസ്ത തിരുനാളിൽ സി.എൽ.സി യും മറ്റ് സംഘടനകളും ചേർന്ന് ആരാധനയും ജപമാലയും നടത്തി.

നവീകരിച്ച മാട്ടേൽ പള്ളി തിരുനാളിനോട് മുന്നോടിയായി പള്ളിയും, പള്ളി പരിസരവും വൃത്തിയാക്കുന്നതിനും പെരുന്നാളിനോടുബന്ധിച്ചുള്ള എല്ലാ കാര്യങ്ങളിലും സി.എൽ.സി മക്കളുടെ ആത്മാർത്ഥമായ സഹകരണവും, പങ്കാളിത്തവുമുണ്ടായിരുന്നു. വേസ്പരക്കുശേഷം സി.എൽ.സി മക്കളുടെ നൃത്തചുവടുകൾ കാണികൾക്ക് ആവേശം കൊള്ളിച്ചു.

മണിപ്പൂർ കലാപത്തിനെതിരെ ആഞ്ഞടിച്ചുകൊണ്ട് പള്ളിപ്പുറം സി.എൽ.സി മക്കൾ ബഹു.കൊച്ചച്ചന്റെ നേതൃത്വത്തിൽ ഒരു വീഡിയോ ആവിഷ്കരിച്ചു.

ആഗതമായികൊണ്ടിരിക്കുന്ന തിരുനാളിന്റെ ഒരുക്കത്തിന് മുന്നോടിയായി ബഹു.കൊച്ചച്ചന്റെ നേതൃത്വത്തിൽ ആലോചന യോഗം നടത്തുകയുണ്ടായി. എല്ലാ ശനിയാഴ്ചകളിലും വി. കുർബാനയിലും, സി.എൽ.സി പ്രാർത്ഥനയിലും പങ്കുകൊള്ളുകയും, സംഘടനയുടെ ഓരോ കാര്യങ്ങളും വിശകലനം

ചെയ്യുകയും, കൊച്ചച്ചനുൾപ്പെട്ട സി.എൽ.സി മക്കളുടെ ഗ്രൂപ്പിൽ ഓരോരു ത്തരുടെയും ബർത്ത് ഡേ ആശംസിക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു.

**വിമൻസ് വെൽഫയർ**

വിശുദ്ധ വാരത്തിൽ ആരാധന സമയങ്ങളിൽ നേർച്ചക്കഞ്ഞി വിതരണം ചെയ്യു ന്നതിന് നേതൃത്വം നൽകി. പരിശുദ്ധ മാതാവിന്റെ തിരുനാളിന് അംഗങ്ങൾ വോളന്റിയർ സേവനം നൽകുകയുണ്ടായി

## യൂണിറ്റ് വാർത്തകൾ

**യൂണിറ്റ് 1 – വി. മത്തായി**

സെന്റ് മാത്യൂസ് യൂണിറ്റിന്റെ നാമധേയത്തിലുള്ള 1-ാം യൂണിറ്റിന്റെ കുടുംബയോഗങ്ങൾ എല്ലാ മാസങ്ങളുടെയും ആദ്യ ഞായറാഴ്ച വൈകിട്ട് 4.30 ന് ബഹു.ആനിമേറ്റഴ്സ് സിസ്റ്റേഴ്സിന്റെ സാന്നിദ്ധ്യത്തിൽ നടത്തിവരു ന്നു. യോഗത്തിൽ അതാതുമാസം ജന്മദിനം, വിവാഹവാർഷികം ആഘോഷി ക്കുന്നവർക്കു ആശംസകൾ നേരുകയും സമ്മാനങ്ങൾ നൽകുകയും ചെയ്യു ന്നു. ഫെബ്രുവരി മാസത്തെ കുടുംബയോഗത്തിൽ യൂണിറ്റ് അംഗമായ ശ്രീ.സി.എൽ ജോസഫ് ചെട്ടുകടവിലിന്റെ വേർപാടിൽ അനുശോചനം അറിയിക്കുകയും ആദരാഞ്ജലി അർപ്പിച്ചുകൊണ്ട് പ്രാർത്ഥിക്കുകയും ചെയ്തു. മാർച്ചു മാസത്തിലെ കുടുംബയോഗത്തിൽ യൂണിറ്റിലേയ്ക്ക് ആദ്യ മായി കടന്നുവന്ന ബഹു.കൊച്ചച്ചൻ നിഖിൽ മുളവരിക്കലിനെ ആദരപൂർവ്വം സ്വാഗതം ചെയ്തു. മാർച്ച് 19 തിരുനാളിനോട് അനുബന്ധിച്ച് നടത്തുന്ന ഊട്ട് നേർച്ചയ്ക്ക് ഉണ്ണീശോയായി ലിയോൺ സിജുവിനെ തെരഞ്ഞെടുത്തു. യൂണി റ്റിൽ നിന്നും ആദ്യകുർബാന സ്വീകരിച്ച ലിയോൺ സിജുവിനെ അഭിനന്ദി ച്ചു. ആദ്യമായി ഈശോയെ സ്വീകരിച്ചപ്പോൾ ഉണ്ടായ ആനന്ദം ലിയോൺ പങ്കുവയ്ക്കുകയും ചെയ്തു.

യൂണിറ്റിൽ 10 -ാം ക്ലാസ് +2 പരീക്ഷയിൽ ഉയർന്ന മാർക്കു നേടിയ ജിനു തോമസ്, അമല സണ്ണി, ജോസിയ ജോൺ എന്നിവർക്ക് ആശംസകൾ നേരുകയും ഉപഹാരങ്ങൾ നൽകുകയും ചെയ്തു.

ഇടവകയോട് ചേർന്ന് നടത്തിയ മാർച്ച് 19 വി.യൗസേഫ് പിതാവിന്റെ മരണത്തിരുനാളിലും ദു:ഖവെള്ളിയാഴ്ച നടത്തിയ പരിഹാര പ്രദിക്ഷണത്തിലും, ഈസ്റ്റർ ദിനത്തിൽ നടത്തിയ ഈസ്റ്റർ രാവ് എന്ന ലൈവ് പ്രോഗ്രാമിലും, മാട്ടേൽ പള്ളിയുടെ പുനർ നിർമ്മാണത്തിന് സംഭാവന നൽകിയും ജൂലൈ-3 തിരുനാളിന് തോമസ് നാമധാരികളെ പ്രസുദേന്തിയായും തിരുനാളിനു സജീവ മായി പങ്കെടുത്തും യൂണിറ്റ് സഹകരിച്ചു പോകുന്നു.

സെൻട്രൽ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ദമ്പതി സെമി നാർ ,മലയാറ്റൂർ തീർത്ഥാടനം, മാതാപിതാക്കൾക്കും കുട്ടികൾക്കുവേണ്ടി നട ത്തിയ ദിശ **2K23** സെമിനാറിലും മാട്ടേൽ പള്ളി പുനർ നിർമ്മാണത്തിനു സഹാ യിക്കുവാൻ വേണ്ടി നടത്തിയ സ്ക്രാപ്പ് കളക്ഷനിലും യൂണിറ്റിന്റെ സജീവ സാന്നിദ്ധ്യം ഉണ്ടായിരുന്നു.

**യൂണിറ്റ് 2 – വി. ലൂക്കാ**

വി.ലൂക്കാ സുവിശേഷകന്റെ നാമധേയത്തിലുള്ള 2-ാം യൂണിറ്റിന്റെ കുടുംബയോഗങ്ങൾ എല്ലാ രണ്ടാം ഞായറാഴ്ചകളിലും ഉച്ചയ്ക്ക് 3 മണിക്ക് നടത്തിവരുന്നു. വി. യൗസേപ്പിതാവിന്റെ മരണ തിരുനാളിനോടനുബന്ധിച്ചുള്ള നേർച്ച സദ്യയ്ക്ക് തലേദിവസവും, തിരുനാൾ ദിവസവും യൂണിറ്റംഗങ്ങൾ സജീവമായി പങ്കെടുത്തു. ത്രേസ്യാമ്മ ജോസ് പുളിക്കപ്പറമ്പിൽ ആയിരുന്നു ഈ വർഷത്തെ മാതാവായി തിരഞ്ഞെടുക്കപ്പെട്ടത്. സെൻട്രൽ കമ്മറ്റിയുടെ നേതൃത്വത്തിൽ നടത്തിയ ബുക്ക് വിതരണത്തിലും ദിശ **2K23** സെമിനാറിനും യൂണിറ്റിൽ നിന്നും സജീവ പങ്കാളിത്തം ഉണ്ടായിരുന്നു. യൂണിറ്റ് തലത്തിൽ വീട് വെഞ്ചരിപ്പിൽ മാട്ടേൽ പള്ളിയുടെ നവീകരണത്തിന് സംഭാവനകൾ നൽകു കയും കൂടാതെ സ്ക്രാപ്പ് കളക്ഷനിലും യൂണിറ്റിന്റെ സഹകരണം ഉണ്ടായി രുന്നു. ഈ വർഷം എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് ഫുൾ എ+ നേടിയ ഹെലൻ സിജിക്ക് ക്യാഷ് അവാർഡ് നൽകുകയുണ്ടായി മാട്ടേൽ പള്ളി തിരു നാളിന് തോമസ് നാമധാരികൾ പ്രസുദേന്തിമാരായും കൂടാതെ യൂണിറ്റിൽ നിന്നും തിരുനാളിന് എല്ലാവരും പങ്കെടുക്കുകയും ചെയ്തു.

**യൂണിറ്റ് 3 – വി. പൗലോസ്**

സെന്റ് പോൾ യൂണിറ്റിന്റെ യോഗങ്ങളും പ്രവർത്തനങ്ങളും ഊർജ്ജസ്വലമായി നടക്കുന്നു. ഫെബ്രുവരി 26 ന് നടത്തിയ ദമ്പതീ സെമിനാറിൽ യൂണിറ്റിൽ നിന്നും 8 ദമ്പതികൾ പങ്കെടുത്തു. മാർച്ച് 19 യൗസേഫ് പിതാവിന്റെ മരണത്തിരുനാളിനോട് അനുബന്ധിച്ച് യൂണിറ്റ് അംഗം.ശ്രീ.എം.പി ജോൺ മങ്കുഴി യൗസേഫ് പിതാവായി തിരഞ്ഞെടുക്കപ്പെട്ടു. തിരുനാളിന്റെ ഒരുക്കങ്ങളിലും തിരുക്കർമ്മങ്ങളിലും യൂണിറ്റ് അംഗങ്ങൾ പങ്കെടുത്തു. രോഗികൾക്കായുള്ള നേർച്ച ഭവനങ്ങളിൽ എത്തിച്ചു നൽകി. നോമ്പുകാലത്ത് യൂണിറ്റിലെ തിരഞ്ഞെടുക്കപ്പെട്ട ഭവനങ്ങളിൽ കുരിശിന്റെ വഴി പ്രാർത്ഥന നടത്തി. ദു:ഖവെള്ളിയാഴ്ച മാക്കേ കവലയിൽ നിന്നും ആരംഭിച്ച പരിഹാര പ്രദക്ഷിണത്തിൽ യൂണിറ്റ് അംഗങ്ങൾ ഭക്തിപൂർവ്വം പങ്കെടുത്തു. ഏപ്രിൽ മാസത്തിൽ യൂണിറ്റിലെ ഭവനങ്ങൾ വെഞ്ചരിച്ചു. മാട്ടേൽ പള്ളിയുടെ പുനർ നിർമ്മാണത്തിനായി യൂണിറ്റംഗങ്ങൾ സംഭാവന നൽകി. യൂണിറ്റ് മദ്ധ്യസ്ഥനായ വി.പൗലോസ് ശ്ലീഹായുടെ നാമധേയ തിരുനാളും കുടുംബയോഗവും ജൂൺ 28 ന് ശ്രീ.പി.വി.തോമസ് പൈനുങ്കലിന്റെ വസതിയിൽ വച്ച് ആഘോഷിച്ചു. വൈകിട്ട് 5 ന് വി.കുർബാനയോടു കൂടി ആരംഭിച്ച **സെന്റ്.പോൾ ഡേ** ആഘോഷങ്ങൾ വികാരിയച്ചൻ റവ.ഫാ. തോമസ് വൈക്കത്തു പറമ്പിൽ ഭദ്രദീപം തെളിച്ചു ഉത്ഘാടനം ചെയ്തു. ബഹുമാനപ്പെട്ട കൊച്ചച്ചൻ ഫാ.നിഖിൽ മുളവരിയ്ക്കൽ, വൈസ് ചെയർമാൻ ശ്രീ. ഷിൽജി പാലയ്ക്കൽ, കൈക്കാരൻ, ശ്രീ. ജോസ്കുട്ടി കരിയിൽ, ചീഫ് എഡിറ്റർ ശ്രീ.അനൂപ് ആന്റണി, റവ.സി.ജോർജീന ഡി.എം.എൽ, ജന.സെ.റെജി ചാക്കോ , ശ്രീമതി.ആൻസി സണ്ണി, ശ്രീമതി.പ്രവീണ ജോൺ, സി.എവുദോസിയ എന്നിവർ പങ്കെടുത്തു. യൂണിറ്റിലെ പൗലോസ് നാമധാരികളെ ആദരിക്കുകയും എസ്.എസ്.എൽ.സി, +2 വിജയികളെയും, വേദപാഠം റാങ്ക് കരസ്ഥമാക്കിയ കുമാരി അനഘ റോയ് പൈനുങ്കലിനെയും യൂണിറ്റ് യോഗങ്ങളിൽ മുടങ്ങാതെ പങ്കെടുക്കുന്ന ഏറ്റവും മുതിർന്ന അംഗം. ശ്രീ. ജോൺ ജോവില്ലയെയും ആദരിക്കുകയും യൂണിറ്റിന്റെ ഉപഹാരങ്ങൾ നൽകുകയും ചെയ്തു. കൂടാതെ എൽ.കെ.ജി മുതൽ +2 വരെയുള്ള കുട്ടികൾക്ക് പഠനോപകരണങ്ങളും നോമ്പുകാലത്ത് മുടങ്ങാതെ പള്ളിയിൽ പോയ

കുട്ടികൾക്കും, ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികൾക്കും സമ്മാനങ്ങൾ നൽകുകയും ചെയ്തു.

യൂണിറ്റ് അംഗമായിരുന്ന റവ.,സി.ഗ്രിഗോറിയ എഫ്.സി.സി. കോയിപ്പറമ്പിലിന്റെ (ചങ്ങനാശ്ശേരി) നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുകയും സംസ്കാര ശുശ്രൂഷയിൽ യൂണിറ്റ് അംഗങ്ങൾ പങ്കെടുക്കുകയും ചെയ്തു.

**യൂണിറ്റ് 4 – വി. യാക്കോബ്**

വി.യാക്കോബ് ശ്ലീഹായുടെ നാമധേയത്തിലുള്ള നാലാം യൂണിറ്റിന്റെ പ്രവർത്തനങ്ങൾ കുടുംബാംഗങ്ങളുടെയും ഭാരവാഹികളുടെയും സഹകരണത്തോടെ ഭംഗിയായി മുന്നോട്ടുപോകുന്നു. 21 കുട്ടികൾ ഉൾക്കൊള്ളുന്ന കുട്ടിക്കൂട്ടം എല്ലാ മാസവും യൂണിറ്റ് ആരംഭിക്കുന്നതിന് അരമണിക്കൂർ മുമ്പായി കൂടുകയും കുട്ടികളുടെ വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്യുന്നു. ഇളം തലമുറ വചനത്തിൽ അടിയുറച്ച് വളരണം എന്ന ലക്ഷ്യത്തോടെ എല്ലാ മാസത്തിലും കുട്ടികൾക്ക് വചനം പറയുവാനുള്ള അവസരം കൊടുക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നു. 50തോളം അംഗങ്ങൾ പങ്കെടുക്കുന്ന യൂണിറ്റ് മീറ്റിംഗിൽ ബർത്ത് ഡേ, വെഡിംഗ് ആനുവേഴ്സറി എന്നിവ ആഘോഷിക്കുന്നവരെ പ്രത്യേകം അനുമോദിക്കുന്നു. മെയ് മാസം 28-ാം തീയതി നടത്തിയ ദിശ **2K23** യിൽ യൂണിറ്റിലെ 5 കുടുംബങ്ങളിൽ നിന്നുള്ള അംഗങ്ങൾ പങ്കെടുത്തു. മാട്ടേൽ പള്ളിയുടെ നവീകരണത്തിനായി യൂണിറ്റിലെ അംഗങ്ങളും സംഭാവനകൾ നൽകി സഹകരിച്ചു. രണ്ട് ലക്ഷം രൂപയാണ് സംഭാവനയായി യൂണിററിൽ നിന്നം ലഭിച്ചു. സ്ക്രാപ്പ് ശേഖരണത്തിലും യൂണിറ്റിലെ പലകുടുംബങ്ങളും സഹകരിച്ചു. വി.തോമാസ് ശ്ലീഹായുടെ തിരുനാളിന് യൂണിറ്റിൽ നിന്നും പത്ത് അംഗങ്ങൾ പ്രസുദേന്തിമാരായി പങ്കെടുത്തു. സെപ്തംബർ മാസം നടക്കുന്ന ലോഗോസ് ക്വിസ്സിന് യൂണിറ്റിൽ നിന്ന് കുട്ടികൾ ഉൾപ്പെടെ മുപ്പതുപേർ രജിസ്ട്രർ ചെയ്തു. ലോഗോസ് ക്വിസിന്റെ പരിശീലനാർത്ഥം ജൂൺ മാസം മുതൽ ലോഗോസ് ക്വിസ് മത്സരം നടത്തുകയും വിജയികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നു. എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കിയ ജെസ്‌ലെറ്റ് ടെസാ ജോജി, എയ്ഷൽ ജോ മാത്യു, അലൻ വർഗീസ് എന്നിവർക്ക് മെമന്റോ നൽകി അഭിനന്ദിച്ചു. യൂണിറ്റിന്റെ മുൻ

ആനിമേറ്റർ ആയിരുന്ന റവ.സി.കരോളിനായുടെ നിര്യാണത്തിൽ യൂണിറ്റിൽ നിന്നും റീത്ത് സമർപ്പിക്കുകയും സംസ്ക്കാര ചടങ്ങിൽ യൂണിറ്റംഗങ്ങൾ പങ്കെടുക്കുയും ചെയ്തു. സാമ്പത്തികമായി ബുന്ധിമുട്ടുന്ന ഒരു കുടുംബത്തിലെ ഒരംഗത്തിന് ഉപരിപഠനത്തിനായി 5000 രൂപ നൽകി സഹായിക്കുകയുണ്ടായി.

**യൂണിറ്റ് 5 – വി.തോമസ്**

യൂണിറ്റ് മദ്ധ്യസ്ഥൻ കൂടിയായ തോമാശ്ലീഹായുടെ തിരുനാൾ ആഘോഷവും അനുസ്മരണവും യൂണിറ്റ് ഭാരവാഹികളുടെ നേതൃത്വത്തിൽ ജൂലൈ മാസം 9 ന് വൈകുന്നേരം ശ്രീ.ടോമി കുരിശിങ്കലിന്റെ വസതിയിൽ നടന്നു. പ്രസ്തുത ചടങ്ങ് ബഹുമാനപ്പെട്ട വികാരിയച്ചൻ റവ.ഫാ.തോമസ് വൈക്കത്തുപറമ്പിൽ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽവെച്ച് യൂണിറ്റിലെ 10, +2 എന്നീ ക്ലാസ്സുകളിലെ വിജയികൾക്ക് ക്യാഷ് അവാർഡുകൾ നൽകി ആദരിച്ചു. ഈ വർഷത്തെ പള്ളിപ്പുറത്തമ്മയുടെ തിരുനാൾ പ്രസുദേന്തി ആയ ശ്രീ.ഫ്രെഡി ജോസഫ് പുത്തങ്ങാടിക്ക് യൂണിറ്റിന്റെ പ്രാർത്ഥന ആശംസകൾ നേർന്നു. എല്ലാ മാസാദ്യ വെള്ളിയാഴ്ചകളിലും യൂണിറ്റിലെ കിടപ്പ് രോഗികൾക്ക് കുമ്പസാരവും കുർബാന സ്വീകരണവും നൽകി വരുന്നു. മാർതോമാശ്ലീഹായുടെ നാമധേയത്തിലുള്ള യൂണിറ്റിന്റെ പ്രവർത്തനങ്ങളിൽ കുട്ടികളും മുതിർന്നവരും ഇടവകയോട് ചേർന്ന് നിന്ന് കൊണ്ട് ഏറ്റവും മികച്ച് രീതിയിൽ പ്രവർത്തിച്ചു വരുന്നു. വിശുദ്ധ വാരതിരുകർമ്മങ്ങളിലും പെസഹ ദിനത്തിലെ ആരാധനയിലും ഈസ്റ്റർ രാവിൽ നടത്തിയ വിശുദ്ധവാര ദൃശ്യാവിഷ്കരണത്തിലും യൂണിറ്റ് അംഗങ്ങളുടെ സജീവ പങ്കാളിത്തം ഉണ്ടായിരുന്നു. കുരിശുപുര പള്ളിയിൽ നടന്ന മെയ് മാസ വണക്ക പ്രാർത്ഥനകൾക്കും യൂണിറ്റ് അംഗങ്ങൾ നേതൃത്വം നൽകി. യൂണിറ്റിലെ എല്ലാ വിദ്യാർത്ഥികൾക്കും സ്കൂൾ തുറക്കുന്നതിനു മുന്നോടിയായി പഠനോപകരണങ്ങൾ വിതരണം ചെയ്തു. സെൻട്രൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന ഏകദിന സെമിനാർ ദിശ **2K23** സ്ക്രാപ്പ് കളക്ഷൻ, മലയാറ്റൂർ തീർത്ഥാടനം എന്നിവയിൽ യൂണിറ്റിന്റെ സജീവ പങ്കാളിത്തം ഉണ്ടായിരുന്നു. മാട്ടേൽ പള്ളിയുടെ പുനരുദ്ധാരണത്തിൽ സാധന സാമഗ്രികളും അംഗങ്ങളാൽ കഴിയുന്ന തരത്തിൽ മറ്റു സഹായങ്ങളും നൽകി യൂണിറ്റിലെ തോമസ് നാമധാരികൾ പ്രസുദേന്തിമാരായി മാട്ടേൽ തിരുനാളിൽ പങ്കാളികളായി.





# സാൻമരിയ ഹോമിയോ ക്ലിനിക്

**ഡോ. അമ്പിളി മരിയ ജോസ് (BHMS)**

പ്രവർത്തന സമയം:

രാവിലെ 10 മുതൽ 12.30 വരെ
വൈകിട്ട് 4 മുതൽ 8 വരെ
ഞായർ അവധി

# സ്നേഹസ്മരണയ്ക്ക്







**ദേവസ്യ മാത്തൻ**
ജനനം: 11.11.1923
മരണം: 07.12.1986

**ഏലിക്കുട്ടി ദേവസ്യ**
ജനനം: 11.05.1928
മരണം: 23.07.2013

## ചെറുകാട്ടുവെളിയിൽ


1st Birthday
Athmiya Grace Liju
Athmiya's 1st Birthday
Best Compliments from:
Valayil Family


2023 ജൂലൈ 27 ന്
3–ാം പിറന്നാൾ
ആഘോഷിച്ച
മാൻവി മനീഷിന്
നൂറായിരം
പിറന്നാൾ ആശംസകളോടെ...
അപ്പാപ്പൻ – അമ്മാമ്മ – അങ്കിൾ
കൂട്ടുങ്കൽ തെക്കേമഠത്തിൽ

സ്നേഹസ്മരണയ്ക്ക്

20-ാം ചരമവാർഷികം





## എ.ഡി.ഫ്രാൻസിസ്
## അറയ്ക്കൽ

ജനനം: 02.09.1948
മരണം: 02.09.2003



സ്നേഹസ്മരണയ്ക്ക്

1-ാം ചരമവാർഷികം



## ഡിജോ ഫ്രാൻസിസ്
## അറയ്ക്കൽ

ജനനം: 20.10.1982
മരണം: 02.07.2022

പ്രാർത്ഥനാപൂർവ്വം : അറയ്ക്കൽ & പൈനുങ്കൽ കുടുംബാംഗങ്ങൾ

## സ്നേഹസ്മരണയ്ക്ക്
## 34-ാം ചരമവാർഷികം






# ത്രേസ്യ മാത്തൻ

**മരണം: 19.09.1989**

## 2-ാം ചരമവാർഷികം





# മാത്തൻ ഔസേഫ്

**ജനനം: 09.02.1934**

**മരണം: 02.08.2021**

**പ്രാർത്ഥനാപൂർവ്വം : തളിയാടിയിൽ കുടുംബാംഗങ്ങൾ**



CARE HOME
CIVILTECH
DESIGNING | CONSTRUCTION | COUNSULTING
9746713568 7356270618 9447457148
thomasvk09@gmail.com
HO:PALA, BR:CHERTHALA


First Holy Communion
Jiana Rita Siril
Best Compliments from:
Joel Siril, Jerom Siril
Kocherichira


Congrats...
Arlin
&
Donet
27
04
23
Best Compliments from: Chittezhath Family




Best Compliments from:
**Kadavilparambil family**


First Holy Communion
Christeena Elsa Joby
Pazhayakadavil Thattamparambil



# സ്നേഹസ്മരണയ്ക്ക്



## പി.ഒ.ജോസഫ്
## (അപ്പച്ചൻ സാർ)
### പുത്തങ്ങാടി

ജനനം: 02.11.1959 മരണം: 30.07.2012

ഓർമ്മകളിൽ എന്നെന്നും നിറദീപമായ്....

**യൂണിറ്റ് 6 – വി. യൂദാതദേവൂസ്**

യൂണിറ്റിൽ നടത്തിയ വീട് വെഞ്ചരപ്പിനോടൊപ്പം തന്നെ മാട്ടേൽപ്പള്ളി പുനരുദ്ധാരണത്തിനുവേണ്ടി നടത്തിയ ഫണ്ടു പിരിവിൽ യൂണിറ്റിലെ കുടുംബാംഗങ്ങളുടെ സഹകരണം ഉണ്ടാകുകയും, മാട്ടേൽപള്ളി തിരുനാളിന് യൂണിറ്റിലെ എല്ലാ തോമസ് നാമധാരികളെയും പ്രസുദേന്തിമാരാക്കുവാൻ സാധിച്ചു. കഴിഞ്ഞ എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കിയ പുല്ലാട്ട് എൽസാ ബോബിയേയും, കടവിൽ മിലൻ മനുവിനേയും യോഗത്തിൽ വെച്ച് അഭിനന്ദിക്കുകയും, മെമന്റോ സമ്മാനിക്കുകയും ചെയ്തു. യൂണിറ്റിന്റെ ഞായറാഴ്ചയിലെ കാഴ്ചവെയ്പ്പിൽ എല്ലാ കുടുംബങ്ങളും പങ്കെടുത്തു. വിവാഹവാർഷികം, ജന്മദിനം എന്നിവ ആഘോഷിക്കുന്നവരെ അനുമോദിക്കുകയും, മധുര പലഹാരം നല്കുകയും, കുട്ടികളെയും, മുതിർന്നവരെയും പങ്കെടുപ്പിച്ചുകൊണ്ട് ക്വിസ് കോമ്പറ്റിഷൻ നടത്തി വിജയികൾക്ക് സമ്മാനം നല്കുകയും ചെയ്യുന്നു.

**യൂണിറ്റ് 7 – വി. മത്ത്യാസ്**

അമ്പതുനോമ്പാചരണത്തിന്റെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട 14 ഭവനങ്ങളിൽ ആഘോഷമായ കുരിശിന്റെ വഴി നടത്തുകയും സമാപനം നടന്ന ഭവനത്തിൽ ബഹു.കൊച്ചച്ചൻ പീഡാനുഭവ സന്ദേശം നല്കി സമാപന ആശീർവാദം നൽകുകയും ചെയ്തു. ദു:ഖവെള്ളിയാഴ്ച്ച പള്ളിയിൽ നടന്ന ലൈവ് കുരിശിന്റെ വഴിയിൽ കർത്താവിനെ അവതരിപ്പിച്ച എബി കുര്യാക്കോസ് ഓന്തിരിക്കലിനെയും, ക്രിസ്തു ശിഷ്യനെ അവതരിപ്പിച്ച റിച്ചാർഡ് കുര്യാക്കോസ് ഓന്തിരിക്കലിനെയും മെമന്റോ നല്കി യോഗം അഭിനന്ദിച്ചു. പുതിയ വിദ്യാരംഭത്തിന്റെ ഭാഗമായി യൂണിറ്റിലെ എല്ലാ സ്കൂൾ കുട്ടികൾക്കും ബുക്കുകളും പേനയും നല്കി. എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കിയ കുമാരി സിയാമാത്യു തളിയാടിക്ക് ക്യാഷ് പ്രൈസ് കൊടുത്തു അഭിനന്ദിച്ചു സെൻട്രൽ കമ്മറ്റിയുടെ തീരുമാനപ്രകാരം മാട്ടേൽ പള്ളിയുടെ നവീകരണത്തിന്റെ ഭാഗമായി നടന്ന സ്ക്രാപ്പ് കളക്ഷനിൽ കുടുംബാംഗങ്ങൾ സജീവമായി സഹകരിക്കുകയും, നിർമ്മാണ ഫണ്ടിലേക്കു ധനസഹായം നല്കി പങ്കാളികളാവുകയും ചെയ്തു.

ഒറ്റപ്പുന്ന പള്ളിയിൽ മെയ് ദിന തിരുനാളിന് എല്ലാ കുടുംബാംഗങ്ങളും പ്രസുദേന്തിമാരായി കൊണ്ട് തങ്ങളുടെ വിഹിതം കൊടുക്കുകയും തിരുനാളിന്റെ വിജയത്തിനായി എല്ലാവരും സഹകരിക്കുകയും ചെയ്തു. എല്ലാ യൂണിറ്റു യോഗങ്ങളിലും ബഹു. വൈദികരും, വൈസ് ചെയർമാൻ ഉൾപ്പെടെയുള്ള സെൻട്രൽ കമ്മറ്റി ഭാരവാഹികളും, ആനിമേറ്റേഴ്സും പങ്കെടുത്തു വരുന്നു. ജന്മദിനം, വിവാഹ വാർഷികം ആഘോഷിക്കുന്നവരെ അതാതു യൂണിറ്റു യോഗങ്ങളിൽ മധുര പലഹാരം നല്കി ആദരിച്ചുപോരുന്നു.

**യൂണിറ്റ് 8 – വി. അന്ത്രയോസ്**

വിശുദ്ധ അന്ത്രയോസിന്റെ നാമധേയത്തിലുള്ള യൂണിറ്റ് 8 ന്റെ കുടുംബയോഗങ്ങൾ എല്ലാ മാസവും രണ്ടാമത്തെ ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.45 ന് നടത്തിവരുന്നു. യൂണിറ്റ് യോഗങ്ങളിൽ ബഹുമാനപ്പെട്ട വികാരിയച്ചൻ, കൊച്ചച്ചൻ, സെൻട്രൽ കമ്മിറ്റി ഭാരവാഹികൾ, ആനിമേറ്റർ സിസ്റ്റേഴ്സ്, യൂണിറ്റ് കുടുംബാംഗങ്ങൾ എന്നിവർ സംബന്ധിക്കുന്നു. മാർച്ച് 19 ന് നടത്തിയ യൗസേഫ് പിതാവിന്റെ മരണത്തിരുനാളിൽ യൂണിറ്റ് അംഗങ്ങൾ ഭക്തിപൂർവ്വം പങ്കെടുക്കുകയും വോളണ്ടിയേഴ്സ് എല്ലാവരും അവരവരുടെ ഉത്തരവാദിത്വങ്ങൾ ഭംഗിയായി നിർവഹിക്കുകയും ചെയ്തു. തിരുനാൾ സംഭാവനകൾ സെൻട്രൽ കമ്മിറ്റിയിലേക്ക് നൽകി. ഇടവകയിലെ വിശുദ്ധ വാരാചരണത്തിലും ദു:ഖവെള്ളിയാഴ്ച നടത്തിയ നഗരികാണിക്കൽ പ്രദക്ഷിണത്തിലും യൂണിറ്റിന്റെ അതിർത്തിയായ കുറ്റിയാഞ്ഞിലിക്കൽ ഭവനത്തിൽ നിന്നും ആരംഭിച്ച പരിഹാര പ്രദക്ഷിണത്തിലും എല്ലാവരും പങ്കെടുത്തു. ഉയിർപ്പ് ദിനത്തോടനുബന്ധിച്ച് നടത്തിയ ഈസ്റ്റർ രാവിൽ യൂണിറ്റിൽ നിന്നും കുമാരി ലയ കെ ജോർജ് കുറ്റിയാഞ്ഞിലിക്കൽ പങ്കെടുക്കുകയുണ്ടായി. ഇടവകയിൽ നിന്നും നടത്തിയ മലയാറ്റൂർ തീർത്ഥാടനത്തിൽ യൂണിറ്റ് അംഗങ്ങൾ പങ്കെടുത്തു. ഒറ്റപ്പുന്ന പള്ളിയിലെ മെയ്ദിന തിരുനാളിൽ യൂണിറ്റ് അംഗങ്ങൾ പങ്കെടുക്കുകയും പള്ളിയിൽ വച്ച് നടത്തിയ കലാപരിപാടികളായ മാർഗംകളിയിലും ഫ്യൂഷൻ ഡാൻസിലും മുതിർന്നവരും കുട്ടികളുമായ 15 പ്രതിനിധികൾ സംബന്ധിച്ചു. മെയ് ആറാം തിയതി യൂണിറ്റിന്റെ വീട് വെഞ്ചരിപ്പ് പൂർണമായും നടത്തി. യൂണിറ്റിലെ എല്ലാ ഭവനങ്ങളിലും മാസവണക്കം പ്രത്യേക പ്രാർത്ഥനയോടെ നടത്തുകയുണ്ടായി.

28-ാം തീയതി നടത്തിയ **ദിശ 2K23** യിൽ യൂണിറ്റിൽ നിന്നും കുട്ടികളും മാതാപിതാക്കളും സംബന്ധിച്ചു. ജൂൺ മാസത്തിൽ മാട്ടേൽ പള്ളി നവീകരണത്തിനായി യൂണിറ്റിൽ നിന്നുള്ള സംഭാവനകൾ പിരിച്ചു നൽകുകയുണ്ടായി. കഴിഞ്ഞ അധ്യായന വർഷം 10-ാം ക്ലാസ്സിൽ അഞ്ജു മരിയ ജോസഫ് നടക്കേവെളിയും, സിയാൻ ജോസ് വടേക്കുറ്റും, 12-ാം ക്ലാസ്സിൽ അന്ന ജെയിംസ് തൈക്കലും, ജെറാർഡ് ജോസഫ് വടക്കേതോട്ടങ്കരയും ഉന്നത വിജയം കരസ്ഥമാക്കുകയും +2 വിന് നേബാ എലിസബത്ത് ജോൺ തൈക്കൽ മോണ്ട് ഫോർട്ടും അഹാന റോസ് സാജു പഴയകടവിൽ കാളിക്കാട്ടും ഫുൾ എ + നേടുകയും ചെയ്തു. കുട്ടികളെ എല്ലാവരെയും യൂണിറ്റ് യോഗത്തിൽ വച്ച് അനുമോദിക്കുകയും ചെയ്തു. യൂണിറ്റിന്റെ വകയായി മെയ് ഒന്നാം തീയതി മാർഗംകളിയിലും ഫ്യൂഷൻ ഡാൻസിലും പങ്കെടുത്തവർക്കും ഉന്നത വിജയം കരസ്ഥമാക്കിയ കുട്ടികൾക്കും വടേക്കുറ്റ് ചൂളക്കടവ് റിസോർട്ടിൽ വച്ച് ഒരു ആദര സന്ധ്യ നടത്തി. യൂണിറ്റിലെ എല്ലാ കുട്ടികൾക്കും പഠനോപകരണങ്ങൾ നൽകുകയുണ്ടായി. ജൂലൈ മാസം യൂണിറ്റ് മീറ്റിംഗിൽ വച്ച് പത്താം ക്ലാസിൽ ഉന്നത വിജയം കരസ്ഥമാക്കിയ അഞ്ചു മരിയ നടക്കെവെളിക്ക് വാതപ്പള്ളി കുടുംബത്തിൽ നിന്നും നൽകുന്ന എൻഡോവ്മെന്റ് തുക കൈമാറി.

**യൂണിറ്റ് 9 – വി. യോഹന്നാൻ**

ഈസ്റ്റർ രാവ് ലൈവ് പ്രോഗ്രാമിൽ യൂണിറ്റിൽ നിന്ന് ശ്രീ.തങ്കച്ചൻ ചെറുകാട്ട്, ശ്രീ.ആന്റണി ലോറൻസ് ഇടവഴിക്കൽ, ശ്രീമതി ലില്ലിക്കുട്ടി വർഗീസ് ചെറുകാട്ട് എന്നിവർ പങ്കെടുത്തു. വി.യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് ഒറ്റപ്പുന്ന പള്ളിയിൽ ഏപ്രിൽ 26-ാം തീയതി ബുധനാഴ്ച്ച നടന്ന വി.കുർബാനയിലും യൂണിറ്റ് അംഗങ്ങൾ പങ്കെടുക്കുകയും തുടർന്ന് നേർച്ച പായസം വിതരണം ചെയ്യുകയും ചെയ്തു. എസ്.എസ്.എൽ.സിയക്ക് ഫുൾ എ+ കരസ്ഥമാക്കിയ ബേസിൽ സിബി ചാത്തമംഗലത്തിന് ക്യാഷ് അവാർഡ് നൽകി അനുമോദിച്ചു. പുതിയ അദ്ധ്യായനവർഷത്തിൽ യൂണിറ്റിലെ എല്ലാ കുട്ടികൾക്കും നോട്ടുബുക്കുകൾ വിതരണം ചെയ്തു. മാട്ടേൽ പള്ളി പുനരുദ്ധാരണവുമായ ബന്ധപ്പെട്ട സെൻട്രൽ കമ്മറ്റി നടത്തിയ സ്ക്രാപ്പ് കളക്ഷനിൽ ഉദാരമായി സംഭാവന ചെയ്തു. മാട്ടേൽ പള്ളിയുടെ നവീകരണത്തിനായി യൂണി

റ്റിലെ അംഗങ്ങളും സംഭാവനകൾ നൽകി സഹകരിച്ചു.ഗ്രാന്റ് പേരന്റ്സ് ഡേയിൽ യൂണിറ്റിലെ എല്ലാ ഗ്രാന്റ് പേരന്റ്സിനെയും ആദരിച്ചു. മണിപ്പൂരിൽ ക്രൈസ്തവ വിഭാഗങ്ങൾക്കെതിരെ നടക്കുന്ന അതിക്രമങ്ങളിൽ യൂണിറ്റ് യോഗം ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും അവിടെ ശാന്തിയും സമാധാനവും ഉണ്ടാകുവാൻവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. സെൻട്രൽ കമ്മറ്റിയുടെ നേതൃത്വത്തിൽ നടത്തിയ ദിശ **2K23** യൂണിറ്റിൽ നിന്നും സജീവമായ പങ്കാളിത്തം ഉണ്ടായിരുന്നു. എല്ലാ മാസവും ജന്മദിനവും വിവാഹ വാർഷികവും ആഘോഷിക്കുന്നവരെ മധുരം നൽകി അഭിനന്ദിക്കുകയും ലക്കി ഫാമിലിക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു പോരുന്നു.

**യൂണിറ്റ് 10 – വി. പത്രോസ്**

വി.യൗസേപ്പ് പിതാവിന്റെ മരണ തിരുനാളിനോട് അനുബന്ധിച്ച് യൂണിറ്റിൽ നിന്നും വാളന്റിയേഴ്സിന്റെ  സജീവ സാന്നിധ്യം ഉണ്ടായിരുന്നു. വിശുദ്ധ വാരത്തോടനുബന്ധിച്ച് നടത്തിയ കുരിശിന്റെ വഴിയിൽ കേളമംഗലം പള്ളിയിൽ നിന്നും യൂണിറ്റംഗങ്ങൾ സജീവമായി പങ്കെടുത്തു. സെൻട്രൽ കമ്മറ്റിയുടെ നേതൃത്വത്തിൽ നടത്തിയ ഈസ്റ്റർ രാവിൽ യൂണിറ്റിൽ നിന്നും ജേക്കബ് വാടപ്പുറം, കുരുവിള ജോസഫ് പുച്ചത്താലി, മാത്യു കായിപ്പുറം എന്നിവർ അണിയറയിലും അരങ്ങിലും പ്രവർത്തിച്ചു. എസ്.എസ്.എൽ.സിയിൽ ഉന്നതവിജയം കരസ്ഥമാക്കിയ അർണോൾഡ് ആന്റണി കൂട്ടുങ്കൽ, ഷെവിൻ ജോസഫ് തൈക്കൂട്ടത്തിൽ എന്നിവർക്ക് ക്യാഷ് അവാർഡ് നൽകി അനുമോദിച്ചു. മാട്ടേൽ പള്ളി പുനരദ്ധാരണവുമായി ബന്ധപ്പെട്ട് യൂണിറ്റിൽ നിന്നും സാമ്പത്തിക സഹായവും സെൻട്രൽ കമ്മറ്റിയുടെ നേതൃത്വത്തിൽ നടത്തിയ സ്ക്രാപ്പ് കളക്ഷനിലും സഹകരിക്കുകയുണ്ടായി. സെൻട്രൽ കമ്മറ്റി നടത്തിയ കുടുംബ നവീകരണ ക്യാമ്പ് ദിശ **2K23** യിൽ അംഗങ്ങളുടെ പങ്കാളിത്തം ഉണ്ടായിരുന്നു. സ്കൂൾ ആരംഭത്തിൽ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. സെൻട്രൽ കമ്മറ്റിയുടെ നേതൃത്വത്തിൽ കിടപ്പുരോഗികൾക്കായുള്ള കുമ്പസാരവും വിശുദ്ധ കുർബാന സ്വീകരണവും എല്ലാ ആദ്യ വെള്ളിയാഴ്ച്ചകളിലും യൂണിറ്റിൽ നടന്നുപോരുന്നു.

**യൂണിറ്റ് 11 – വി. ബർത്തലോമിയ**

മാർച്ച് 19 വി.യൗസേപ്പ് പിതാവിന്റെ മരണ തിരുനാളിനോട് അനുബന്ധിച്ച് യൂണിറ്റിൽ നിന്നും വോളന്റിയേഴ്സിന്റെ സജീവ സാന്നിധ്യം ഉണ്ടായിരുന്നു. യൂണിറ്റിലെ തിരഞ്ഞെടുക്കപ്പെട്ട ഭവനങ്ങളിൽ വെച്ച് കുരിശിന്റെ വഴി നടത്തുകയും യൂണിറ്റംഗങ്ങൾ സജീവമായ് സംബന്ധിക്കുകയും ചെയ്തു. യൂണിറ്റിലെ 1 മുതൽ +2 വരെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും പഠനോപകരണം വിതരണം ചെയ്തു. പെസഹ വ്യാഴാഴ്ച്ച നടന്ന ആരാധനയിൽ യൂണിറ്റംഗങ്ങളുടെ സജീവ പങ്കാളിത്തം ഉണ്ടായിരുന്നു. യൂണിറ്റ് പൊതുയോഗങ്ങളിൽ ബൈബിൾ വിചിന്തനത്തിൽ കുട്ടികൾ സജീവമായി പങ്കുചേരാറുണ്ട്. ഞായറാഴ്ചത്തെ ദിവ്യബലിയിൽ യൂണിറ്റംഗങ്ങൾ കാഴ്ചവെയ്പ് നടത്തുകയുണ്ടായി. എസ്.എസ്.എൽ.സി. പരീക്ഷയിൽ യൂണിറ്റിൽ നിന്നും ഉന്നത വിജയം കരസ്ഥമാക്കിയ മാസ്റ്റർ ആശിഷ് സജി കരീത്തറയ്ക്കും, ടിജോ തങ്കച്ചൻ ഇടത്തിലിനും യൂണിറ്റുവക ക്യാഷ് അവാർഡ് വിതരണം ചെയ്തു. മാട്ടേൽ പള്ളി പുനർനിർമ്മാണത്തിനും, തിരുനാളിനും യൂണിറ്റംഗങ്ങളുടെ സജീവ സഹകരണം ഉണ്ടായിരുന്നു.

**യൂണിറ്റ് 12 – വി. മദർതെരേസ**

വി.മദർ തെരേസായുടെ നാമധേയത്തിലുള്ള പന്ത്രണ്ടാം യൂണിറ്റിന്റെ പ്രതിമാസ യോഗം എല്ലാ മാസത്തിന്റേയും രണ്ടാം ശനിയാഴ്ച വൈകിട്ട് 5 മണിയ്ക്ക് നടത്തുവാൻ പൊതുയോഗം തീരുമാനിച്ചു, ഏപ്രിൽ മാസത്തിൽ കൂടിയ പൊതുയോഗത്തിൽ ഈസ്റ്റർ രാവ് പ്രോഗ്രാമിൽ പങ്കെടുത്ത കലാകാരന്മാരേയും കലാകാരികളെയും അനുമോദിച്ചു. യൂണിറ്റിലെ നവദമ്പതികളായ മിസ്റ്റർ/മിസ്സിസ്സ് വർഗ്ഗീസ് തേയ്ക്കാനത്തിനും ആദ്യകുർബാന സ്വീകരിച്ച ജോയൽ, ജോബിൻ കളരിയ്ക്കൽ, റിയോണ സിബി ആലുംചുവട്ടിൽ, ആൻമരിയ റെജി വെളീപറമ്പിൽ എന്നിവർക്ക് മെമന്റോ നല്കി ആദരിച്ചു. പത്താം ക്ലാസ്സ് പരീക്ഷയ്ക്കും , മതബോധനത്തിനും ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിച്ച ജാനസ് സെൻതോ ഓന്തിരിയ്ക്കലിനും അലക്സ് ജോർജ് കാട്ടുതറയ്ക്കും, +2 വിന് ഉന്നത വിജയം നേടിയ ലിയ മാത്യു നെല്ലിപറമ്പിലിനും ക്യാഷ് അവാർഡു നല്കി ആദരിച്ചു. സ്കൂൾ തുറക്കലിനോടനുബ

ന്ധിച്ചു എൽ.കെ.ജി മുതൽ +2 വരെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും പഠനോപകരണങ്ങൾ വിതരണം ചെയ്തു. മാട്ടേൽ പള്ളിയിലെ തിരുനാളിനോടനുബന്ധിച്ച് യൂണിറ്റിലെ എല്ലാ തോമസ് നാമധാരികളും പ്രസുദേന്തിമാരായി പങ്കെടുത്തു. പാരീഷ് ഫാമിലി യൂണിയൻ സംഘടിപ്പിച്ച കുടുംബ നവീകരണ ക്യാമ്പ് ദിശ **2K23** നും, സ്ക്രാപ്പ് സമാഹരണത്തിലും യൂണിറ്റംഗങ്ങൾ സജീവമായി പങ്കെടുത്തു. യൂണിറ്റിലേക്ക് കുര്യാക്കോസ് മാലിയിൽ എന്ന സഹോദരന്റെ ഭവനം കൂടി കൂട്ടിച്ചേർക്കപ്പെട്ടു. മരണം വഴി ദൈവസന്നിധിയിലേക്ക് എടുക്കപ്പെട്ട ശ്രീമതി മേരിക്കുട്ടി ജോസഫ് തറേപറമ്പിലിനും, ശ്രീ.മാത്യു നെല്ലിപറമ്പിലിനും, യൂണിറ്റംഗങ്ങളുടെ അനുശോചനവും പ്രാർത്ഥനയും.

**യൂണിറ്റ് 13 – വി. യൗസേഫ്**

യൂണിറ്റ് മദ്ധ്യസ്ഥനായ വി.യൗസേപ്പിതാവിന്റെ തിരുനാളും പ്രതിമാസ കുടുംബയോഗവും മാർച്ച് 26-ാം തീയതി വൈകിട്ട് 6 മണിക്ക് ശ്രീ.ഔസേഫ് കുര്യാക്കോസ് ഈച്ചരംപറമ്പിലിന്റെ ഭവനത്തിൽവെച്ചു നടന്നു. ബഹുമാനപ്പെട്ട അസി.വികാരി ഫാ.നിഖിൽ മുളവരിക്കൽ കൈക്കാരന്മാർ വൈ.ചെയർമാൻ, സെൻട്രൽ കമ്മറ്റി ഭാരവാഹികൾ എന്നിവർ സന്നിഹിതനായിരുന്നു. സെൻട്രൽ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന ദമ്പതി സെമിനാർ ദിശ **2K23** യിൽ യൂണിറ്റിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. ജൂൺ മാസം നടന്ന പ്രതിമാസ യോഗത്തിൽവെച്ചു എൽ.കെ.ജി മുതൽ മുകളിലോട്ടുള്ള എല്ലാ വിദ്യാർത്ഥികൾക്കും നോട്ടുബുക്കും പേനയും വിതരണം ചെയ്തു.

**യൂണിറ്റ് 14 – വി. കൊച്ചുത്രേസ്യ**

വി.കൊച്ചുത്രേസ്യായുടെ നാമത്തിലുള്ള 14-ാം യൂണിറ്റിന്റെ 4 മാസത്തെ പ്രവർത്തന റിപ്പോർട്ട് . ഓരോ മാസത്തേയും യൂണിറ്റ് യോഗങ്ങളിൽ അംഗങ്ങൾ കൃത്യമായി വരുകയും ബൈബിൾ വിചിന്തനത്തിലൂടെയും മറ്റും സജീവമായി പങ്കെടുക്കുകയും ചെയ്യുന്നു. കഴിഞ്ഞ മെയ് മാസം 28-ാം തീയതി നടന്ന ദിശ **2K23** യിൽ യൂണിറ്റ് അംഗങ്ങൾ പങ്കെടുക്കുകയുണ്ടായി. അതോടൊപ്പം മേയ് ദിന തിരുനാളിനോടനുബന്ധിച്ച് ഒറ്റപ്പുന്ന പള്ളിയിൽ നടത്തിയ മാർഗ്ഗം കളിയിൽ ഈ യൂണിറ്റിൽ നിന്നും ശ്രീമതി ജയ ബിജു, ആൽഫി, .ഷെറിൻ എന്നിവർ പങ്കെടുക്കുകയുണ്ടായി. ഈ കാലയളവിൽ യൂണിറ്റിൽ

നിന്നും മരണം മൂലം വേർപിരിഞ്ഞു പോയ ദീർഘനാളായി യൂണിറ്റിന്റെ ആനിമേറ്ററായിരുന്ന ബഹു.സിസ്റ്റർ കരോളിനാമ്മയ്ക്കും ഈ യൂണിറ്റിന്റെ ആരംഭത്തിലെ ഭരണ സമിതിയിൽ ട്രഷറർ ആയിരുന്ന ശ്രീ.വി.സി.കുര്യൻ വാടക്കുഴിക്കും, ഈ യൂണിറ്റിലെ സജീവാംഗമായിരുന്ന ആന്റണി ജോസഫ് ചെട്ടിയാറയ്ക്കും അനുശോചനം അർപ്പിക്കുന്നു. എൽ.കെ.ജി മുതൽ +2 വരെയുള്ള കുട്ടികൾക്കുവേണ്ടി യൂണിറ്റംഗങ്ങളുടെ സ്പോൺസറിങ്ങിലൂടെ നോട്ടുബുക്കുകളും പേനകളും നൽകുകയുണ്ടായി. കൂടാതെ ഇടവകയുടെ പൊതുവായ കാര്യങ്ങളിലും യൂണിറ്റംഗങ്ങൾ സജീവമായി പ്രവർത്തിച്ചു വരുന്നു. പ്രത്യേകിച്ച് നമ്മുടെ വിശ്വാസത്തിന്റെ പ്രഭവകേന്ദ്രമെന്ന് വിശേഷിപ്പിക്കാവുന്ന മാട്ടേൽ മാർത്തോമ്മാ തീർത്ഥാടന കേന്ദ്രത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ട് സംഭാവനകൾ നൽകാനും, നവീകരണത്തിന്റെ ധനശേഖരണാർത്ഥം നടത്തിയ സ്ക്രാപ്പ് സ്വരൂപിക്കുന്നതിനുമെല്ലാം എല്ലാവരും സഹകരിച്ചു.

**യൂണിറ്റ് 15 – വി. ചാവറ കുര്യാക്കോസ്**

മെയ് മാസം യൂണിറ്റിൽ നിന്നും കന്യാകുമാരി, വി.ദൈവസഹായം പിള്ളയുടെ പള്ളി, കോവളം എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു. കന്യാവ്രതത്തിന്റെ സിൽവർ ജൂബിലി ആഘോഷിക്കുന്ന ആനിമേറ്റർ സി.റോഷ്നി മരിയയെ യൂണിറ്റിൽ ആദരിച്ചു. പത്താം ക്ലാസ്സ് ബോർഡ് എക്സാമിൽ ഏറ്റവും ഉയർന്ന മാർക്ക് കരസ്ഥമാക്കിയ കാരുണ്യ ചിറ്റേഴത്തിനെ യൂണിറ്റിൽ ആനുമോദിച്ചു. പൊതുയോഗത്തിന് ആവശ്യമായ കസേരകളും, കെറ്റിലും യൂണിറ്റ് അംഗങ്ങളുടെ സഹകരണത്തോടെ സ്വന്തമാക്കി. പച്ചക്കറി വിത്തുകളും തൈകളും ആവശ്യമായ ഭവനങ്ങൾക്ക് കൈമാറി.

**യൂണിറ്റ് 16 – വി. അൽഫോൻസ**

യൂണിറ്റിൽ ലോഗോസ് ക്വിസ് നടത്തി വരുന്നു. വിവാഹവാർഷികവും ജന്മദിനവും ആഘോഷിക്കുന്നവരെ അനുമോദിക്കുകയും സമ്മാനങ്ങൾ കൈമാറുകയും ചെയ്തു വരുന്നു. എല്ലാ മാസവും അതാത് വിശുദ്ധരെ പരിജയപ്പെടുത്തുന്നു. ലക്കി ഫാമിലിയെ തിരഞ്ഞെടുത്ത് പരസ്പരം സമ്മാനങ്ങൾ കൈമാറുന്നു. ആദ്യകുർബാന സ്വീകരിച്ച കുട്ടികളെ കൊച്ചച്ചൻ അനുമോദിക്കു


കയും സമ്മാനങ്ങൾ കൊടുക്കുകയും ചെയ്തു. മാട്ടേൽ പള്ളി തിരുനാളിന്റെ പ്രസുദേന്തിയായി തോമസ് നാമധാരികൾ സജീവമായി പങ്കെടുത്തു. ഏക ദിന സെമിനാർ **2K23** യിൽ മാതാപിതാക്കളും കുട്ടികളും പങ്കെടുക്കുക യുണ്ടായി. സ്ക്രാപ്പ് കളക്ഷൻ യൂണിറ്റിൽ വിജയകരമായി നടത്തി. യൂണിറ്റ് മാദ്ധ്യസ്ഥയായ വി.അൽഫോൻസാമ്മയുടെ തിരുനാളും പൊതുയോഗവും ശ്രീ.ബാബു ആന്റണി കടമക്കേരിയുടെ ഭവനത്തിൽ വച്ച് ദിവ്യബലിയോടു കൂടി നടത്തപ്പെട്ടു. ദിവ്യബലിയിൽ എല്ലാ കുടുംബങ്ങളും കാഴ്ചവയ്പ് നടത്തി. ദിവ്യബലിയ്ക്ക് ശേഷം ഈശ്വര പ്രാർത്ഥനയോടുകൂടി യോഗം ആരംഭിച്ചു. ബഹു. വികാരിയച്ചൻ യോഗം ഉദ്ഘാടനം ചെയ്തു. ആശംസകൾ നേർന്നു ബഹു. കൊച്ചച്ചൻ, ആനിമേറ്റർ സി.സനില. വൈസ് ചെയർമാൻ ശ്രീ. ഷിൽജി പാല യ്ക്കൽ കൈക്കാരൻ ശ്രീ ബിജു പണിക്കശേരി എന്നിവർ സംസാരിച്ചു. യൂണി റ്റിലേക്ക് വി.അൽഫോൻസാമ്മയുടെ തിരുസ്വരൂപം ശ്രീ. ജോളി ആന്റണി കുമർത്തുശ്ശേരി നൽകുകയുണ്ടായി. നോട്ടുബുക്ക് വിതരണവും കുട്ടികളുടെ വിവിധ കലാപരിപാടികളും നടത്തപ്പെടുകയുണ്ടായി. സ്നേഹവിരുന്നോടുകൂടി യോഗം സമാപിച്ചു.

**യൂണിറ്റ് 17 – വി. ഗീവർഗീസ്**

നോമ്പുകാലത്ത് തിരഞ്ഞെടുക്കപ്പെട്ട വീടുകളിൽ എല്ലാ വെള്ളിയാ ഴ്ചകളിലും കുരിശിന്റെ വഴി നടത്തി . എല്ലാ കുടുംബാഗങ്ങളുടെയും സജീവ സാന്നിധ്യം ഉണ്ടായിരുന്നു. വി.യൗസേപ്പിതാവിന്റെ മരണത്തിരുനാളിനോടനു ബന്ധിച്ചുള്ള നേർച്ച സദ്യ ഒരുക്കുന്നതിനും വോളന്റിയേഴ്സ് ആയിട്ടുള്ള വരും പങ്കെടുത്തു.

ദിശ **2K23** ൽ യൂണിറ്റിൽ നിന്നും പരമാവധിപേർ പങ്കെടുത്തു മാട്ടേൽ പള്ളി പുനരുദ്ധാരണഫണ്ടിലേക്ക് യൂണിറ്റംഗങ്ങൾ ഉദാരമായി സംഭാവനകൾ നൽകുകയും പോരാതെ വന്ന ചിലവിലേക്ക് യൂണിറ്റിൽ നിന്നും ആക്രി സാധ നങ്ങൾ ശേഖരിച്ച് സെൻട്രൽ കമ്മറ്റി അംഗങ്ങളെ ഏല്പിക്കുകയും ചെയ്തു.

സെൻട്രൽ കമ്മറ്റിയുടെ നേതൃത്വത്തിലുള്ള പഠനോപകരണങ്ങളുടെ വിതരണത്തിൽ യൂണിറ്റിൽ നിന്നും ഓർഡർ കൊടുക്കുകയും അത് വാങ്ങി നല്കുകയും ചെയ്തു.


30th
Wedding Anniversary
Babu Joseph & Aley Babu
Cherukatt


GALAXY
The Digital Partner
SERVICING
Chip level Servicing
Water Damage, Phone Unloking
Passcode Reset, Battery Repair
Brocken Screen etc..
Money Transfer & Micro ATM
New SIM / SIM Porting
airtel
Vi
BSNL
Jio
SUN
VIDEOCON d2h
airtel digital TV
TATA PLAY
HDB FINANCIAL SERVICES
15 % Cash Back
HDFC BANK
Credit Card
UP to 5,000 on Cash Back
BAJAJ FINSERV
0% Credit, Debit Card EMI Facitlity
Near Village Office, Pallichanda
PALLIPPURAM
Ph: 9847812376
9496451006
SPECIAL OFFER
BLUETOOTH SPEAKER
Rs. 399
NECK BAND
Rs. 249
BASIC PHONE
Rs. 999
SMART PHONE
Rs. 4,499
EARPODES
Rs. 599
MEMORY CARD / PENDRIVE
Rs. 249


Hearty Congratulations...
Jilna Saji
&
Jibin George
20
04
23
Best Compliments from: Veleeparambil Family

# സ്നേഹസ്മരണയ്ക്ക്

## 24-ാം ചരമവാർഷികം



**ജോസഫ് ടി.എ. ( കുഞ്ഞേട്ടൻ )**

ജനനം: 11.02.1934 മരണം : 23.07.1999



**മേരിക്കുട്ടി ജോസഫ്**

ജനനം: 20.03.1941 മരണം : 12.04.2023


**പ്രാർത്ഥനാപൂർവ്വം: തറേപ്പറമ്പിൽ കുടുംബാംഗങ്ങൾ**

# സ്നേഹസ്മരണയ്ക്ക്

**10 –ാം ചരമവാർഷികം** 12.08.2023

**20 –ാം ചരമവാർഷികം** 03.07.2023





**വർക്കി ജോൺ**

**മറിയാമ്മ വർക്കി**

പ്രാർത്ഥനാപൂർവ്വം: **ചക്കേഴത്ത് കുടുംബാംഗങ്ങൾ**

## സ്നേഹസ്മരണയ്ക്ക്



**തൊമ്മൻ ഔസേഫ്** **മറിയക്കുട്ടി ഔസേഫ്**

**കോലംചിറ**

ജനനം: 02.09.1927 ജനനം: 07.09.1934
മരണം: 09.08.2003 മരണം: 16.12.2012



## സ്നേഹസ്മരണയ്ക്ക്



**ജോൺ ജോസഫ്**

**മണലേൽ**

ജനനം: 08.04.1950
മരണം: 08.07.2023

സ്നേഹസ്മരണയ്ക്ക്
3-ാം ചരമവാർഷികം





# വർഗ്ഗീസ്
## തോപ്പിൽ

ജനനം: 10.11.1975
മരണം: 20.12.2020

സ്നേഹസ്മരണയ്ക്ക്

24-ാം ചരമവാർഷികം



**ഔസേഫ്**

ജനനം: 13.08.1914
മരണം: 24.06.1999

14-ാം ചരമവാർഷികം



**ഔസേഫ് ത്രേസ്യാമ്മ**

ജനനം: 26.12.1948
മരണം: 04.12.2009

14-ാം ചരമവാർഷികം



**ഔസേഫ് ഏലി**

ജനനം: 09.09.1918
മരണം: 07.07.2009

## തോപ്പിൽ


My First Holy Communion
29.04.23
Jenna Elsa Antony
Best Compliments from : Thaliyadiyil Family


My First Holy Communion
Jewel Sunnichan
Best Compliments from:
Thumbayil Family

സ്നേഹസ്മരണയ്ക്ക്





# മാത്യു ഔസേഫ്

## പനമ്പുകാട്

ജനനം: 28.08.1946

മരണം: 20.07.2023

---

സ്നേഹസ്മരണയ്ക്ക്

50–ാം ചരമവാർഷികം





# അന്നമ്മ തോമസ്

## കുറുപ്പംവീട്ടിൽ

ജനനം: 05.10.1924

മരണം: 19.11.1973




Best Compliments from: Alumchuvattil Family

**യൂണിറ്റ് 18 – വി. സെബസ്ത്യാനോസ്**

വിശുദ്ധ സെബസ്ത്യാനോസിന്റെ നാമധേയത്തിലുള്ള 18-ാം യൂണിറ്റിന്റെ കുടുംബയോഗങ്ങൾ എല്ലാ മാസവും 3-ാം ഞായറാഴ്ച വൈകിട്ട് 4 മണിക്ക് നടത്തിവരുന്നു. ജൂൺ മാസത്തിലെ പൊതുയോഗത്തിൽ വച്ച് 2023-ൽ എസ്.എസ്.എൽ.സി പാസ്സായ യൂണിറ്റിലെ മുഴുവൻ കുട്ടികൾക്കും പ്രോത്സാഹനമായി ക്യാഷ് അവാർഡ് നല്കുകയും 1 മുതൽ +2 വരെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും പഠനോപകരണങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. മാട്ടേൽപ്പള്ളി നവീകരണത്തിനായി യൂണിറ്റിൽ നിന്നും സ്വരൂപിച്ച തുക കൈക്കാരനെ ഏല്പിച്ചു. കൂടാതെ ഒരു ലോഡ് ആക്രിസാധനങ്ങൾ യൂണിറ്റിലെ ഭവനങ്ങളിൽ നിന്ന് ശേഖരിച്ചു നല്കുകയും ചെയ്തു.

ജൂലൈ മാസത്തിലെ പൊതുയോഗത്തിൽ, മഴക്കാലരോഗങ്ങളെക്കുറിച്ചുള്ള ഒരു ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. എറണാകുളം ജനറൽ ആശുപത്രി നേഴ്സിങ് സൂപ്രണ്ട് ശ്രീമതി. സിസി ജോളിയാണ് ക്ലാസ്സ് നയിച്ചത്. യൂണിറ്റിൽ എല്ലാ മാസവും സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ബൈബിൾ ക്വിസ് നടത്തിവരുന്നു. കൂടാതെ യൂണിറ്റംഗങ്ങൾ കലാപരിപാടികൾ, വചനം കാണാതെ പറയൽ എന്നിവ നടത്തുകയും പങ്കെടുക്കുന്നവർക്കെല്ലാം പ്രോത്സാഹന സമ്മാനങ്ങൾ നല്കുകയും ചെയ്യുന്നു.

**യൂണിറ്റ് 19 – വി. ഫിലിപ്പോസ്**

യൂണിറ്റിൽ നിന്നും ഏപ്രിൽ മാസത്തിലെ കുരിശിന്റെ വഴി 13, 19 യൂണിറ്റുകൾ സംയുക്തമായി പള്ളിയിലേക്ക് കുരിശിന്റെ വഴി നടത്തിവരുന്നു. ദിശ **2K23** ഏകദിന സെമിനാറിൽ യൂണിറ്റിൽ നിന്നും അംഗങ്ങൾ സജീവമായി പങ്കെടുത്തു. മാട്ടേൽ പള്ളി പുനരുദ്ധാരണമായി നടത്തിയ ധനശേഖരണത്തിൽ സഹകരിക്കുകയും കിട്ടിയ തുക പള്ളിയിൽ നൽകുകയും ചെയ്തു. യൂണിറ്റിൽ 1-ാം ക്ലാസ്സ് മുതൽ +2 വരെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും പഠനോപകരണങ്ങൾ വിതരണം ചെയ്തു. കൂടാതെ പള്ളിപ്പുറത്തമ്മയുടെ തിരുനാളിന് സഹായിക്കുന്നതിനായി യൂണിറ്റിൽ നിന്നും 7

വോളന്റിയേഴ്സിനെ തിരഞ്ഞെടുക്കുകയും ചെയ്തു. യൂണിറ്റിൽ നിന്ന് പള്ളിയിൽ പോകാൻ സാധിക്കാത്ത കിടപ്പുരോഗികൾക്കായി കുമ്പസാരവും കുർബാനയും നൽകുന്നതിനായി വേണ്ട ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു.

**യൂണിറ്റ് 20 – വി. അന്തോനീസ്**

നോമ്പുകാലത്ത് യൂണിറ്റ് ഈ വർഷം ആരംഭിച്ച കുരിശിന്റെ വഴി അംഗങ്ങളുടെ സാന്നിധ്യം കൊണ്ടും, പ്രാർത്ഥനകൾ കൊണ്ടും വളരെയധികം ആത്മീയമായി പൂർത്തിയാക്കുവാൻ സാധിച്ചു. നോമ്പുകാലത്ത് യൂണിറ്റംഗങ്ങളിൽ നിന്ന് സമാഹരിച്ച തുക കൊണ്ട് 7 ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്യുവാൻ സാധിച്ചു. ഈസ്റ്റർ രാവ് ദൃശ്യവിരുന്നിൽ സജീവമായി പങ്കെടുത്ത് വിജയിപ്പിക്കുവാൻ .യൂണിറ്റംഗങ്ങളായ ലിജോ തോമസ് ആലുംചുവട്ടിൽ, ലിസമ്മ തോമസ് ആലുംചുവട്ടിൽ, മോളി ജെയിംസ് പതിയാമൂല വൈറ്റ് കോട്ടേജ് എന്നിവർ ആത്മാർത്ഥമായി സഹകരിച്ചു. യൂണിറ്റിലെ ഫ്രാൻസിസ് ചിന്നമ്മ വെളീപ്പറമ്പിലിന്റെ മകളായ സി.ഹണി മാരിയറ്റ് സി.എം.സി.യുടെ സഭാവസത്ര സ്വീകരണത്തിലും തുടർന്ന് പള്ളിപ്പുറം പള്ളിയിൽ വച്ച് നടന്ന കൃതജ്ഞതാബലിയിലും യൂണിറ്റംഗങ്ങൾ സജീവമായി പങ്കെടുത്തു. സിസ്റ്ററിന് യൂണിറ്റിന്റെ ഉപഹാരം പ്രസിഡന്റ് സമ്മാനിച്ചു. ദിശ **2K23** യിൽ യൂണിറ്റിലെ 3 കുടുംബങ്ങൾ പങ്കെടുത്തു. പത്താം ക്ലാസ്സ് പരീക്ഷയിൽ ഉന്നവിജയം കരസ്ഥമാക്കിയ കുമാരി ആൻസി സിബി പോളേക്കാടിനെ യോഗം അനുമോദിച്ചു. മതബോധനം നടത്തുന്ന കുട്ടികളുടെ മാതാപിതാക്കളുടെ സെമിനാറിൽ യൂണിറ്റിലെ എല്ലാ മതബോധന വിദ്യാർത്ഥികളുടെയും മാതാപിതാക്കൾ പങ്കെടുത്തു.

| മാട്ടേൽ പള്ളി പുനരുദ്ധാരണ സംഭാവന | | |
|---|---|---|
| | **വരവ്** | **ചെലവ്** |
| യൂണിറ്റ് 1 | 12,700.00 | |
| യൂണിറ്റ് 2 | 16,000.00 | |
| യൂണിറ്റ് 3 | 64,100.00 | |
| യൂണിറ്റ് 4 | 2,00,000.00 | |
| യൂണിറ്റ് 5 | 1,67,500.00 | |
| യൂണിറ്റ് 6 | 45,000.00 | |
| യൂണിറ്റ് 7 | 1,25,500.00 | |
| യൂണിറ്റ് 8 | 1,12,500.00 | |
| യൂണിറ്റ് 9 | 82,950.00 | |
| യൂണിറ്റ് 10 | 24,800.00 | |
| യൂണിറ്റ് 11 | 72,050.00 | |
| യൂണിറ്റ് 12 | 51,700.00 | |
| യൂണിറ്റ് 13 | 200,00.00 | |
| യൂണിറ്റ് 14 | 1,71,070.00 | |
| യൂണിറ്റ് 15 | 96,800.00 | |
| യൂണിറ്റ് 16 | 38,300.00 | |
| യൂണിറ്റ് 17 | 29,500.00 | |
| യൂണിറ്റ് 18 | 20,401.00 | |
| യൂണിറ്റ് 19 | 49,600.00 | |
| യൂണിറ്റ് 20 | 78,501.00 | |
| റവ.ഫാ.തോമസ് വൈക്കത്തുപറമ്പിൽ | 50,000.00 | |
| സ്ക്രാപ്പ് കളക്ഷൻ (സെൻട്രൽ കമ്മറ്റി) | 57,000.00 | |
| മാർച്ച് 19 ഫുഡ് കമ്മറ്റിയിൽ നിന്നും | 19,802.00 | |
| സാന്തോം കോൺവെന്റ്, എഫ്.സി.സി കോൺവെന്റ് | 50,000.00 | |
| ലവൂക്ക സ്കൂൾ | 25,000.00 | |
| അമല പബ്ളിക് സ്കൂൾ ഒറ്റപ്പുന്ന | 5,000.00 | |
| പതിയാമൂലയിൽ ഏജൻസീസ് | 2,000.00 | |
| പതിയാമൂലയിൽ കയർ മാറ്റ്സ് | 2,000.00 | |
| മറ്റുള്ളവ | 11,540.00 | |
| മാട്ടേൽപ്പള്ളി പുനരുദ്ധാരണ ചിലവ് | | 25,17,895.00 |
| **അധിക ചെലവ്** | **8,16,581.00** | |
| **ആകെ** | **25,17,895.00** | **25,17,895.00** |

# നമ്മുക്കും അവനോടുകൂടെപ്പോയി മരിക്കാം

**ലില്ലിക്കുട്ടി വർഗീസ് ചെറുകാട്ട്**
**യൂണിറ്റ്- 9**

ഈശോനാഥൻ തൻ അരുമയാം ശിഷ്യൻമാർ പന്ത്രണ്ട്
അതിൽ തോമസ് എന്നൊരു നിഷ്കളങ്കൻ
ഈശോയോടൊപ്പം മരിക്കാനും ഈശോയൊടൊപ്പം ജീവിക്കാനും
സന്നദ്ധനായൊരു യോശു ശിഷ്യൻ
നിഷ്കളങ്ക സ്നേഹത്തിൽ അലിവാർന്ന ഗുരുനാഥൻ
തൻ പ്രിയ ശിഷ്യനെ പരീക്ഷിച്ചു
ഉയിർത്തെഴുന്നേറ്റ യേശുനാഥൻ
എല്ലാവരേയും കാണുവാനായോടിയെത്തി
സ്നേഹശിഷ്യനാം തോമസിനെയൊറ്റപ്പെടുത്തി
തന്റെ ഗുരുവിനെ അത്രമേൽ സ്നേഹിച്ച വത്സല ശിഷ്യൻ
സങ്കടക്കടലാൽ വിതുമ്പിക്കരഞ്ഞു
മറ്റു ശിഷ്യൻന്മാർ കേൾക്കെയവൻ പറഞ്ഞു
നിങ്ങൾ നുണയാണ് ചൊല്ലുന്നത്.
ഞാനത് വിശ്വസിക്കില്ല
ഞാനെൻ ഗുരുനാഥനെ നേരിൽ കാണണം
ആ മുഖമെനിക്കു ദർശിക്കേണം
ആ സ്നേഹമെനിക്ക് തിരിച്ചറിയേണം
ദുശ്ശാഠ്യക്കാരനാം തോമസ്സിൻ വാക്കുകൾ
ത്രൈ ലോകനാഥനെ കോൾമയിർക്കൊള്ളിച്ചു
തൻ പ്രിയ ശിഷ്യനെ കാണുവാനായ്
വീണ്ടുമണയുന്നു ദിവ്യനാഥൻ
തൻ സ്നേഹ ശിഷ്യനെ അടുത്തുവിളിച്ചു
നോക്കു എൻ കൈകളും കാലുകളും
തോമസേ അവിശ്വാസിയാകാതെ വിശ്വാസിയാകൂ
അരുമശിഷ്യൻതൻ ഗുരുനാഥനെ
തന്റെ ഹൃദയത്തിൽ ചേർത്തു വിളിച്ചു
"എന്റെ കർത്താവെ എന്റെ ദൈവമേ"
പാവനാത്മാവിൻ പ്രത്യക്ഷപ്പെടലിൽ
ധീരനാം തോമസ് പ്രഘോഷകനായ്
നമ്മുടെ രാജ്യത്തേയ്ക്കോടിയെത്തി
തൻ ഗുരുനാഥനെ വാനോളം വാഴ്ത്തി
ക്രിസ്തീയ സഭയെ പൂർണ്ണമാക്കാൻ
തൻ ഗുരുനാഥനെ ആരാധിക്കാൻ-
ഗുരുവിൻ വിശ്വാസം ഏറ്റുചൊല്ലാൻ ഏഴരപ്പള്ളി നൽകി
ആ വത്സല ശിഷ്യന്റെ പാത പിൻതുടരാം
ക്രിസ്തു സാക്ഷികളായി മാറാം



## നാം അറിയാൻ... നമ്മൾ അറിയാൻ...

| | |
|---|---|
| 1. വികാരി റവ.ഫാ.തോമസ് വൈക്കത്തുപറമ്പിൽ | 9496141200 |
| 2. അസി.വികാരി റവ.ഫാ.നിഖിൽ മുളവരിക്കൽ | 8075020220 |
| 3 റെസിഡന്റ് പ്രീസ്റ്റ് റവ.ഫാ.ജോസഫ് മക്കോതക്കാട്ട് | 9447159144 |
| 4. കൈക്കാരൻ ബിജു മാത്യു പണിക്കശ്ശേരി | 8943243056 |
| 6. കൈക്കാരൻ ജോസുകുട്ടി ചാക്കോ കരിയിൽ | 9400852495 |
| 6. വൈസ് ചെയർമാൻ ഷിൽജി കുര്യൻ പാലയ്ക്കൽ | 8606176700 |
| 7. ജനറൽ സെക്രട്ടറി റെജി ചാക്കോ പള്ളിപ്പറമ്പിൽ | 9645408622 |
| 8. കൗൺസിൽ സെക്രട്ടറി ജോബി ജോർജ്ജ് വാതപ്പള്ളി | 9846692647 |
| 9. ചീഫ് എഡിറ്റർ അനൂപ് ആന്റണി ഉപ്പുപുറത്ത് | 9446542841 |
| 10 കപ്യാർ ലിജോ തോമസ് പള്ളിപ്പറമ്പിൽ | 8907521080 |
| 11 ഓഫീസ് സെക്രട്ടറി യൂജിൻ ജോസഫ് തൈക്കൂട്ടത്തിൽ | 8129781357 |
| 12 പള്ളി സഹായി തൊമ്മി ദേവസ്യ വെളീപ്പറമ്പിൽ | 9645386499 |
| 13.എഫ്.സി കോൺവെന്റ് | 0478-2552337 |
| 14.സാൻതോം കോൺവെന്റ് | 0478-2552437 |
| 15.ലവൂക്ക കോൺവെന്റ് | 0478-2532805 |
| 16.സെന്റ് തോമസ് ഹോസ്പിറ്റൽ | 0478-2552237 |
| 17.എസ്.എച്ച് ഹോസ്പിറ്റൽ ചേർത്തല | 0478-2822337 |
| 18.എക്സ്റേ ഹോസ്പിറ്റൽ | 0478-2813687 |
| 19.കെ.വി.എം.ഹോസ്പിറ്റൽ | 0478-2832300 |
| 20.പോലീസ് സ്റ്റേഷൻ പൂച്ചാക്കൽ | 0478-2522249 |
| 21.പോലീസ് സ്റ്റേഷൻ ചേർത്തല | 0478-2813205 |
| 22 മൊബൈൽ ഫ്രീസർ തിരുനല്ലൂർ | 9847635736 |
| 23.ആംബുലൻസ് ജനപ്രിയ | 7510210899 |
| 24.കെ.എസ്.ആർ.റ്റി.സി ചേർത്തല | 0478-2812582 |
| 25.റെയിൽവേ സ്റ്റേഷൻ ചേർത്തല | 0478-2812500 |
| 26.ഫയർ സ്റ്റേഷൻ ചേർത്തല | 7559092302 |
| 27.വൈക്കം ബോട്ടുജെട്ടി | 04829-231245 |
| 28 ജങ്കാർ സർവ്വീസ് | 6238013378 |
| 29.എയർപോർട്ട് നെടുമ്പാശ്ശേരി | 0484-2610115 |
| 30.അക്ഷയ കേന്ദ്രം ഒറ്റപ്പുന്ന | 9447017354 |

## വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ ഊട്ടുനേർച്ച വരവ്-ചെലവ് കണക്ക് 2023

| വരവ് | | | ചെലവ് |
|---|---|---|---|
| യൂണിറ്റ് 1 | 6850.00 | പച്ചക്കറി | 17500.00 |
| യൂണിറ്റ് 2 | 4000.00 | പലചരക്ക് | 27465.00 |
| യൂണിറ്റ് 3 | 12150.00 | അരി 3 ചാക്ക് | 6000.00 |
| യൂണിറ്റ് 4 | 9300.00 | കറിപ്പൊടികൾ | 3400.00 |
| യൂണിറ്റ് 5 | 12650.00 | പാല്, തൈര് | 5560.00 |
| യൂണിറ്റ് 6 | 3500.00 | കുടിവെള്ളം | 800.00 |
| യൂണിറ്റ് 7 | 17600.00 | തോർത്ത് | 200.00 |
| യൂണിറ്റ് 8 | 000.00 | കുട്ട, പായ് | 4000.00 |
| യൂണിറ്റ് 9 | 9200.00 | പാക്കിംഗ് മെറ്റീരിയൽസ് | 6783.00 |
| യൂണിറ്റ് 10 | 3500.00 | മട്ട അട (പായസം) | 9650.00 |
| യൂണിറ്റ് 11 | 4250.00 | പാചക കൂലി | 15000.00 |
| യൂണിറ്റ് 12 | 4850.00 | പാചക സഹായി(4 പേർ) | 7500.00 |
| യൂണിറ്റ് 13 | 4000.00 | ഗ്യാസ് | 1140.00 |
| യൂണിറ്റ് 14 | 8200.00 | വിറക് | 1500.00 |
| യൂണിറ്റ് 15 | 9800.00 | ക്ലീനിംഗ് ചാർജ്ജ് | 1000.00 |
| യൂണിറ്റ് 16 | 7200.00 | ഓട്ടോചാർജ്ജ് | 550.00 |
| യൂണിറ്റ് 17 | 3400.00 | പള്ളി അലങ്കാരം പൂക്കൾ | 1100.00 |
| യൂണിറ്റ് 18 | 2005.00 | ലൈറ്റ് ആന്റ് സൗണ്ട് | 3500.00 |
| യൂണിറ്റ് 19 | 4050.00 | പ്രിന്റിംഗ്, സ്റ്റേഷനറി | 1670.00 |
| യൂണിറ്റ് 20 | 3700.00 | പന്തൽ, ഡക്കറേഷൻ | |
| സ്പോൺസർ | | പാത്രങ്ങൾ | 25000.00 |
| ആന്റ് കോൺവെന്റ് | 20480.00 | പ്ളേറ്റ് വാടക | 1650.00 |
| ഓഫീസ് | 15325.00 | ഫ്ളെക്സ് | 300.00 |
| | | ഫുഡ് 18,19 | 940.00 |
| | | **ആകെ ചിലവ്** | **1,42,208.00** |
| | | മാട്ടേൽപള്ളി നവീകരണം | |
| | | സംഭാവന | 19802.00 |
| | | ഉണ്ണീശോ ഭവന പദ്ധതി | |
| | | സംഭാവന | 9000.00 |
| **ആകെ** | **171010.00** | **ആകെ** | **171010.00** |

**കൺവീനേഴസ്**

**സർജി ജോസഫ് പുത്തങ്ങാടി, ജോസ് പോൾ വാതപ്പള്ളി, കുരുവിള ജോസഫ് പറത്തറ**

# ബൈബിൾ ക്വിസ്

1. പൗലോസും സഹപ്രവർത്തകരും വാസ്ഥവത്തിൽ നെടുവീർപ്പിടുന്നത് എവിടെയാണ്?
2. തങ്ങൾക്ക് എല്ലായ്പ്പോഴും ഉണ്ടെന്ന് വി.പൗലോസ് അവകാശപ്പെടുന്നത് എന്താണ്?
3. ആർക്കാണ് അനർഥം സംഭവിക്കാത്തത്?
4. ആരാണ് ഉപജീവിതത്തിനുവേ അദ്ധ്വാനിക്കുന്നത്?
5. ആരാണ് പണം കുന്നുകൂട്ടാൻ അദ്ധ്വാനിക്കന്നത്?
6. ആർക്കാണ് മകൻ മൂലം നന്മയുാകുന്നത്?
7. സ്വർണ്ണത്തെക്കാൾ ശ്രേഷ്ഠമായത് എന്ത്?
8. ധനത്തിനൊത്ത് ആളുന്നത് എന്താണ്?
9. ആര് വീഴുമ്പോൾ ആനന്ദിക്കുന്നവനാണ് കെണിയിൽ കുടുങ്ങുക?
10. ആരാണ് ഭക്ഷണം ആസ്വദിക്കുന്നത്?
11. ശരീരത്തിൽ ദുഷിപ്പിച്ചത് എന്താണ്?
12 ആർക്കാണ് നീതീകരണമില്ലാത്തത്?
13. ദൈവം നമ്മിൽ പതിക്കുന്നതായി പൗലോസ് എഴുതുന്നത് എന്താണ്?
14. തങ്ങളുടെ യോഗ്യത ആരിൽ നിന്നാണെന്നാണ് പൗലോസ് ശ്ലീഹാ പറയുന്നത്?
15. ദൈവത്തിന്റെ വലത് കൈയ്യിലും ഇടത് കൈയ്യിലും ഉള്ളതായി ശ്ലീഹാ സൂചിപ്പിക്കുന്നത് എന്താണ്?
16. കർത്താവിനോട് അടുത്തിരിക്കണമെങ്കിൽ എന്തിൽ നിന്ന് അകന്നിരിക്കണം?
17. മാനുഷികമായ കാഴ്ച്ചപ്പാടിൽ ആരെ വീക്ഷിക്കരുത് എന്നാണ് വി.പൗലോസ് പറയുന്നത് ?
18. നിന്റെ രക്ഷയാൽ അവന്റെ മഹത്വം വലിയതും, മാനവും, തേജസ്സും നീ അവനെ അണിയിച്ചു....., വാക്യം?
19. വി.പൗലോസിനും കൂട്ടർക്കും ഉത്തേജനം നൽകുന്നത് എന്താണ്?
20. നാം ജീവിക്കുന്ന ദൈവത്തിന്റെ ആലയമാണെന്ന് വി.പൗലോസ് നമ്മെ ഓർമ്മിപ്പിക്കുന്ന ലേഖന ഭാഗത്തിലെ അദ്ധ്യായം, വാക്യം?

ഉത്തരങ്ങൾ സെപ്തംബർ 20ന് മുമ്പായി പള്ളിയിലെ ഓഫീസിൽ നിങ്ങളുടെ പേര്, അഡ്രസ്സ്, യൂണിറ്റ്, മൊബൈൽ നമ്പർ എന്നിവ എഴുതിയ കവറിലാക്കി നൽകേതാണ്. ഒരാൾക്ക് ഒരു എൻട്രി മാത്രം

# കളർ നൽകൂ ....സമ്മാനം നേടൂ

(10 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് മാത്രം....അവസാന തീയതി സെപ്തംബർ 30)



**കുട്ടിയുടെ പേര്**..................................................................

**വീട്ടുപേര്**..........................................................................

**യൂണിറ്റ്**.................. **വയസ്സ്**..............

**ഫോൺ നമ്പർ**...................................


JAKE JOSE SAJIN
BAPTISM JUNE 11TH
42nd wedding anniversary
Varkey Jose & Salimma
Regards from,
Alumchuvattil Family

അക്ഷയ

IT MISSION

# അക്ഷയ കേന്ദ്രം

## ഒറ്റപ്പുന്ന/കേളമംഗലം

9447017354, 9447007354

അനുകരണങ്ങളിൽ വഞ്ചിതരാകാതിരിക്കുക!

വഴിയോര കച്ചവടക്കാരിൽ നിന്ന്
വാങ്ങുന്നതല്ലെ ലാഭം???...അതെ !!!!

അക്ഷയ കേന്ദ്രങ്ങൾ എന്ന വ്യാജേന പലയിടങ്ങളിലും അനധികൃത ഓൺലൈൻ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

കളറിളകിയാൽ ഈ കച്ചവടക്കാരെ അവിടെ കാണണമെന്നില്ല
എന്നും തുറന്നിരിക്കുന്ന പരിചയ സമ്പന്നരിൽ
നിന്നും സേവനം സ്വീകരക്കുന്നതല്ലെ നല്ലത്??

അനധികൃത ഓൺലൈൻ സ്ഥാപനങ്ങൾ അക്ഷയ കേന്ദ്രങ്ങളാണെന്ന് തെറ്റിദ്ധരിക്കാരിതിരിക്കുക.

സേവനത്തിന്റെ 20 വർഷങ്ങൾ

അക്ഷയ
അവസരങ്ങളുടെ ജാലകം

വിശ്വസ്തം | സുരക്ഷിതം | ആധികാരികം

നിങ്ങളുടെ ആധാർ 10 വർഷത്തിന് മുൻപുള്ളതാണോ, ഇതുവരെയും അപ്ഡേറ്റ് ചെയ്തിട്ടില്ലേ?

## എങ്കിൽ നിങ്ങളുടെ
# ആധാർ
## പുതുക്കേണ്ട സമയമായി

AADHAAR

പുതിയ ആധാർ, കുട്ടികളുടെ ആധാർ, ആധാറിലെ തിരുത്തലുകൾ
ആധാർ പുതുക്കൽ (5, 15 വയസ്സിൽ നിർബന്ധം)
മൊബൈൽ നമ്പർ ചേർക്കൽ, പുതിയ ഫോട്ടോ ചേർക്കൽ

ഒരു കേന്ദ്ര-കേരള സർക്കാർ അംഗീകൃത സ്ഥാപനം.

# In Loving Memory of



## SR.ANNIE KADAVIL SABS

Born : 23.05.1945  Died on : 21.12.2018
First Profession : 01.05.1969
Final Profession : 02.05.1974

പ്രാർത്ഥനാപൂർവ്വം:
കല്ലറയ്ക്കൽ കടവിൽ കുടുംബാംഗങ്ങൾ



വിലക്കുറവിന്റെ പര്യായം
മെട്രോ ഏജൻസീസ്
വെള്ളേത്തറ
METRO AGENCIES
HOME APPLIANCES & ELECTRONICS
വെള്ളേത്തറ
ഒരോ പർച്ചേയ്സിനും സമ്മാനങ്ങളുടെ പെരുമഴ
Happy Onam
ഈ ഓണം മെട്രോയൊടൊപ്പം
7900/-
6900/-
10900/-
HOME APPLIANCES & ELECTRONICS
Near Iron Bridge, CHERTHALA
0478 2080801, 9895980801
Offer 50%
3900/-
Offer 40%
2600/-
Offer 45%
3900 /-
Offer 50%
5900/-
Offer 45%
3400/-
വിശാലമായ കാർ പാർക്കിംഗ് സൗകര്യം
എന്തും ഏതിനോടും എക്സ്ചേഞ്ച്
മികച്ച ഫിനാൻസ് സൗകര്യം
BAJAJ
HDFC BANK
0%
ഏറ്റവും വിലക്കുറവിൽ
boAt
തിരുനാൾ ആശംസകളോടെ.....
VELLETHARA
METRO AGENCIES
മെട്രോ ബിൽഡേഴ്സ്
ശോഭ I T I യ്ക്ക് എതിർവശം, ഒറ്റപ്പുന്ന, പള്ളിപ്പുറം, Mob: 9249236093,9847454363,9037374422
പാർട്ണേഴ്സ്